മയ്യിൽ ഗ്രാമപഞ്ചായത്ത്

കണ്ണൂർ വിവരസഞ്ചയിക

സമഗ്ര സാമൂഹ്യ സാമ്പത്തിക സർവെ റിപ്പോർട്ട്

2023-2024

DRAFT

ജില്ലാ ആസൂത്രണ സമിതി

കണ്ണൂർ ജില്ലാപഞ്ചായത്ത്

മയ്യിൽ ഗ്രാമപഞ്ചായത്ത്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

Mayyil Grama Panchayat

Vivarasanchayika Survey Report 2023-24

Prepared by ,

Economics & Statistics Department

Dt. Office,Kannur

PH: 0497 2700405

E-mail:ecostatknr@gmail.com

Published by ,

MAYYIL GRAMA PANCHAYAT

PH: 0460 2275 210

E-mail: mayyilpanchayat@gmail.c



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

നം. 931/പ്രസ്/സി.എം.ഒ/24 05 നവംബർ, 2024

സന്ദേശം

കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാപഞ്ചായത്തും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി ചേർന്നുനടപ്പിലാക്കിയ കണ്ണൂർ വിവരസഞ്ചയിക പദ്ധതി വിജയകരമായി മുന്നോട്ടുപോകുന്നു എന്നറിഞ്ഞതിൽ സന്തോഷം.

പദ്ധതികളുടെ സമയബന്ധിതമായ ആസൂത്രണത്തിലും വികസന പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിലും ഈ വിവരസഞ്ചയിക ഫലപ്രദമായി ഉപയോഗപ്പെടുത്താനാകണം. മുഴുവൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഈ പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് ജില്ലയെ സംബന്ധിക്കുന്ന മുഴുവൻ വിവരങ്ങളും ഒരു വിരൽത്തുമ്പിൽ ലഭ്യമാവുന്ന തരത്തിൽ ഈ പദ്ധതി പൂർത്തീകരിക്കാനാവണം. കണ്ണൂർ ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടായി മാറാൻ ഈ പദ്ധതിക്ക് സാധിക്കട്ടെ എന്നാശംസിക്കുന്നു.

പിണറായി വിജയൻ



എം. ബി. രാജേഷ്
തദ്ദേശസ്വയംഭരണവും എക്സൈസും
പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം

06.11.2024

സന്ദേശം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ പ്രക്രിയക്ക് മുഖ്യപങ്ക് വഹിക്കാൻ കഴിയുന്ന കണ്ണൂർ വിവരസഞ്ചയിക പദ്ധതി റിപ്പോർട്ട് പുസ്തക രൂപത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. ഈ പ്രവർത്തനം ജില്ലയുടെ വികസന പ്രവർത്തനങ്ങൾക്ക് മാർഗ്ഗദർശകമാവുമെന്നതിൽ സംശയമില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ കെട്ടിടങ്ങളും കേന്ദ്രീകരിച്ചുള്ള വിവരങ്ങൾ ഓൺലൈൻ സോഫ്റ്റ് വെയർ മുഖേന ശേഖരിച്ചുകൊണ്ട് പൂർത്തികരിച്ച പദ്ധതി റിപ്പോർട്ട് ഒരു വെബ്പ്പോർട്ടലിലൂടെ ലഭ്യമാക്കാമെന്നതും കണ്ണൂർ വിവരസഞ്ചയികയുടെ സവിശേഷതയാണ്.

കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തും, സാമ്പത്തിക സ്ഥിതിവിരക്കണക്ക് വകുപ്പും ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിക്ക് ചുക്കാൻ പിടിച്ച ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരെ ഈ അവസരത്തിൽ എന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

സ്നേഹപൂർവ്വം

എം.ബി.രാജേഷ്



M. V. GOVINDAN MASTER
(TALIPARAMBA)
MEMBER
KERALA LEGISLATIVE ASSEMBLY
24/81, SHYAMA,
MORAZHA CENTRAL,
MORAZHA P. O.,
MOTTAMMAL,
KANNUR

Phone :
Office : 0471-2312209
0460-2204018
Mobile : 94470 70349
Niyama Block-7A,
M.L.A. Hostel,
Thiruvananthapuram.
e-mail: mlatalipramba@gmail.com

360/MLA/TPBA/2024

06.12.2024

CAMP

DATE

പ്രിയരേ,

ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തും സാമ്പത്തിക-സ്ഥിതിവിവര വകുപ്പും സംയുക്തമായി തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് തയാറാക്കുന്ന വിവരസഞ്ചയികയുടെ പ്രവർത്തനം മയ്യിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കുകയാണ്.

ഭാവിയിൽ പദ്ധതികളുടെ സമഗ്രമായ ആസൂത്രണത്തിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാനുള്ള സുപ്രധാന പദ്ധതിയാണിത്. പ്രാദേശികാസൂത്രണം കാര്യക്ഷമമാക്കാൻ തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിതിവിവര കണക്കുകൾ സമാഹരിച്ച് ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നത് നാടിന്റെ ഭാവി വികസനത്തിന്റെ സമഗ്രമായ അനിവാര്യതയാണ്. ഓൺലൈൻ സംവിധാനത്തിലൂടെ എല്ലുസമയത്തും വിവരം ലഭ്യമാകുന്ന രീതിയിലാണ് ഇതിന്റെ ക്രമീകരണം. തൊഴിൽ, വിദ്യാഭ്യാസം, സാമ്പത്തിക സ്ഥിതി, ലഭ്യമാകുന്ന സേവനങ്ങൾ, ആരോഗ്യ പരിപാലനം, പ്രവാസികൾ തുടങ്ങിയ സമഗ്രമായ വിവരങ്ങൾ ഇതിലൂടെ ലഭ്യമാകും. സ്കൂളുകൾ, സർക്കാർ സ്ഥാപനങ്ങൾ, റേഷൻ കടകൾ തുടങ്ങി എല്ലാ കെട്ടിടങ്ങളുടെയും സ്ഥാനം ഉൾപ്പെടെ ഇതുവഴി മനസ്സിലാക്കാനാകും.

മയ്യിൽ ഗ്രാമ പഞ്ചായത്തിൽ നടക്കുന്ന വിവര സഞ്ചയിക പ്രവർത്തനങ്ങൾക്ക് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

M.V. GOVINDAN MASTER
Member of Kerala Legislative Assembly
Taliparamba



അഡ്വ.കെ.കെ.രത്നകുമാരി
പ്രസിഡണ്ട്,
കണ്ണൂർ ജില്ലാപഞ്ചായത്ത്
ഫോൺ: 0497 2700506,2700305
Mob: 8281040023

ആനന്ദ് ഭവൻ,
പാലയാട്, പി.ഒ. കൊളം
കണ്ണൂർ - 670 306
Mob: 9446718340

സന്ദേശം

കണ്ണൂർ ജില്ലാപഞ്ചായത്തും സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പും ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന നൂതന പ്രൊജക്ടായ "കണ്ണൂർ വിവരസഞ്ചയിക പ്രാദേശികാസൂത്രണത്തിനുള്ള സ്ഥിതിവിവരക്കണക്കുകൾ" ജില്ലയിലെ 46 ഗ്രാമപഞ്ചായത്തുകളിലും സർവ്വെപ്രവർത്തനം പൂർത്തീകരിച്ച് റിപ്പോർട്ടുകൾ പുസ്തകരൂപത്തിൽ തയ്യാറാക്കി കഴിഞ്ഞിരിക്കുന്ന എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആരംഭകാലത്ത് നേരിടേണ്ടി വന്നിട്ടുള്ള വലിയൊരു പ്രശ്നമായിരുന്നു കൃത്യതയുള്ളതും കാലികവുമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം. ഇത്തരം പ്രശ്നം പരിഹരിച്ചുകൊണ്ടുള്ള മഹത്തായ നേട്ടമാണ് കണ്ണൂർ വിവരസഞ്ചയിക റിപ്പോർട്ട് പൂർത്തിയാവുന്നതിലൂടെ കണ്ണൂർ ജില്ല കൈവരിക്കുന്നത്.

ബൃഹത്തായ ഈ പ്രവർത്തനം വിജയകരമാക്കാൻ സഹായിച്ച എല്ലാ തദ്ദേശസ്വയംഭരണസ്ഥാപന സാരഥികൾക്കും, സന്നദ്ധപ്രവർത്തകർക്കും, ഉദ്യോഗസ്ഥർക്കും എന്റെ ഹൃദയംഗമമായ ആശംസകൾ.

19-11-2024.
കണ്ണൂർ.

അഡ്വ: കെ.കെ. രത്നകുമാരി
പ്രസിഡണ്ട്, കണ്ണൂർ ജില്ലാപഞ്ചായത്ത്.



ARUN K VIJAYAN IAS
District Collector & District Magistrate Kannur

അരുൺ കെ വിജയൻ ഐ.എ.എസ്
ജില്ലാ കളക്ടർ & ജില്ലാ മജിസ്ട്രേറ്റ് കണ്ണൂർ

Tel : 0497-2700243, 0497-2700242, Mob : 9447929015, e-mail : dcknr.ker@nic.in

11.11.2024

സന്ദേശം

കണ്ണൂർ വിവരസഞ്ചയിക പ്രാദേശികാസൂത്രണത്തിനുള്ള സമിതിവിവര കണക്കുകൾ എന്ന കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ തനത പ്രൊജക്ട് വിജയകരമായി സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് പുസ്തകരൂപത്തിൽ തയ്യാറാക്കി കഴിഞ്ഞിരിക്കുകയാണ്. ജില്ലയിലെ വികസന പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാവുന്ന വിധത്തിൽ ഈ വിവരശേഖരത്തെ നമുക്ക് പ്രയോജനപ്പെടുത്താനാവണം. കണ്ണൂർ ജില്ലയിലെ 46 ഗ്രാമ പഞ്ചായത്തുകളിലും പൂർത്തികരിച്ച ഈ സദ്പ്രവൃത്തിന് എന്റെ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

കണ്ണൂർ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തും, സാമ്പത്തിക സമിതിവിവരക്കണക്ക് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയുടെ വിജയത്തിൽ മുന്നിൽ നിന്ന പ്രവർത്തിച്ചവർക്ക് ഈ അവസരത്തിൽ എന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുകയാണ്.

സംസ്ഥാനത്ത് തന്നെ ആദ്യമായി ഈ ജില്ലയിൽ നടന്ന മാതൃകാപരമായ പ്രവർത്തനം തുടർന്ന് മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിയുമെന്നതിൽ യാതൊരു സംശയവുമില്ല എന്ന് ഉറപ്പിച്ചു പറയട്ടെ.

അരുൺ കെ വിജയൻ ഐ.എ.എസ്
ജില്ലാ കളക്ടർ, കണ്ണൂർ

Civil Station P.O, Collectorate, Kannur, Kerala State, Pin : 670 002



ശ്രീകുമാർ ബി.
ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
വികാസ് ഭവൻ, തിരുവനന്തപുരം
കേരള-695 033

ഫോൺ : ഓഫീസ് : 0471-2305310
ഫാക്സ് : 0471-2305317
വസതി : 0471-2430090
മൊബൈൽ : 9447115310

ഇ-മെയിൽ : ecostatdir@gmail.com
വെബ്സൈറ്റ് : www.ecostat.kerala.gov.in

29/11/2024

സന്ദേശം

പ്രാദേശിക വികസനത്തിലൂടെയാണ് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും വികസനം യഥാർത്ഥ്യമാക്കേണ്ടത്. ആയതിനാൽ പ്രാദേശിക സ്ഥിതിവിവരക്കണക്കുകൾക്ക് അതിവ പ്രധാന്യമുണ്ട്. സാമൂഹ്യസാമ്പത്തിക-പാരിസ്ഥിതിക മാനങ്ങൾ (Dimensions) കണക്കിലെടുത്താവണം ഏതൊരു പ്രദേശത്തിന്റെയും വികസനം ആസൂത്രണം ചെയ്യേണ്ടത്. ആയതിനാവശ്യമായ സൂചകങ്ങൾ (Indicators) നിർമാനിക്കുകയും അവയുടെ ഡാറ്റാ ശേഖരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർക്കുണ്ട്.

പ്രാദേശികാസൂത്രണ പ്രക്രിയയ്ക്ക് ഉതകുന്ന വിവരശേഖരണം നടത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കുന്ന "കണ്ണൂർ വിവരസഞ്ചയിക" എന്ന പദ്ധതി അതിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുകയും ഓൺലൈൻ ഡാറ്റാ പോർട്ടലിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനു പുറമെ ക്രോഡീകരിച്ച റിപ്പോർട്ട് പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

ജില്ലാ ആസൂത്രണ സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ സാങ്കേതിക സഹായത്താൽ പൂർത്തീകരിച്ച ഈ വിവരസഞ്ചയിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി ആസൂത്രണത്തിന് ഒരു മുതൽക്കൂട്ട് ആകട്ടെ എന്ന് ആശംസിക്കുന്നു. ഈ ഉദ്യമത്തിന്റെ പ്രധാന്യം തിരിച്ചറിഞ്ഞ് ആവശ്യമായ തുക വകയിരുത്തുകയും ഈ സംരംഭത്തിന് വേണ്ട എല്ലാവിധ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിത്തരികയും ചെയ്ത് പദ്ധതിയുടെ ഭാഗമായ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകിച്ച് ഭരണസമിതിക്കും വകുപ്പിന്റെ കൃതജ്ഞത അറിയിക്കുന്നു.

പദ്ധതിയുടെ ലക്ഷ്യപ്രാപ്തിക്കായി നേതൃത്വം നൽകിയ കണ്ണൂർ ജില്ലാ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. പ്രേമരാജൻ ഇ.വി യെയും നിലവിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. അഭിനാഷ് എസ്.എസ്. നെയും പ്രത്യേകം അഭിനന്ദിക്കുന്നു. ഈ പദ്ധതിയുമായി സഹകരിച്ച കണ്ണൂർ ജില്ലയിലെ മുഴുവൻ സ്ഥിതിവിവരക്കണക്ക് വകുപ്പ് ജീവനക്കാരെയും അഭിനന്ദിക്കുന്നു.

ഡയറക്ടർ



എം വി അജിത
പ്രസിഡണ്ട്,മയ്യിൽ ഗ്രാമപഞ്ചായത്ത്

സന്ദേശം

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെയും സാമ്പത്തിക സ്ഥിതി-വിവരകണക്ക് വകുപ്പിന്റെയും സഹകരണത്തോടെ തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന വിവരസഞ്ചയിക വിവരശേഖരണം 2023 ഡിസംബർ,2024 ജനുവരി മാസങ്ങളിലായി നടത്തിയതിന്റെ അടിസ്ഥാനത്തിൽ മയ്യിൽ പഞ്ചായത്തിൽ വിവരസഞ്ചയിക പുസ്തകം തയ്യാറായിരിക്കുകയാണ്. ഈ പുസ്തകം മയ്യിൽ പഞ്ചായത്തിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്നതിൽ സംശയമില്ല.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി അറിയിച്ചുകൊള്ളട്ടെ.

ഒരു നാടിൻറെ സമഗ്ര വികസനവും വളർച്ചയും ശക്തിപ്പെടാൻ ആ നാടിൻറെ കൃത്യവും സൂക്ഷ്മവുമായ വിവരങ്ങൾ അത്യാവശ്യമാണ്.ഇതിൻറെ ചുവടുപിടിച്ച് മയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവരശേഖരണം സർവെ നടത്തി.സർവെയുടെ സമഗ്ര റിപ്പോർട്ട് ഒരു പുസ്തക രൂപത്തിൽ പൊതുജനങ്ങളുടെ ഇടയിലേക്ക് അവതരിപ്പിക്കുകയാണ്.ഗാർഹിക ഗാർഹികേതര കെട്ടിടങ്ങൾ സർവെ നടത്തപ്പെടുകയുണ്ടായി. വിദ്യാഭ്യാസം,തൊഴിൽ, സാമ്പത്തിക നില,വിവിധ ആനുകൂല്യങ്ങൾ,വിദേശത്തുള്ളവർ തുടങ്ങിയ വിവരങ്ങൾ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഈ വിവരശേഖരണ സഞ്ചയിക പുസ്തകത്തിലൂടെ ലഭ്യമാകും,സ്കൂളുകൾ,ആശുപത്രികൾ വിവിധ സർക്കാർ ഡിപ്പാർട്ട്മെൻറുകൾ, റേഷൻ കടകൾ തുടങ്ങിയ എല്ലാ കെട്ടിടങ്ങളുടെയും സ്ഥാനം ഈപുസ്തകത്തിലുള്ള വിവരങ്ങളിലൂടെയും മാപ്പുകളിലൂടെയും മനസ്സിലാക്കാവുന്നതാണ്. വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കാത്ത വിധത്തിലാണ് ഈ വിവരശേഖരണ സഞ്ചയിക തയ്യാറാക്കിയിരിക്കുന്നത്. വിവിധ തലത്തിൽ പരിശീലനം ലഭിച്ച സംഘമാണ് ഈ വിവരശേഖരണ സഞ്ചയികയിൽ വളണ്ടിയർമാർ ആയി പ്രവർത്തിച്ചത്.നാടിൻറെ നന്മയ്ക്ക് ഊർജ്ജം നൽകുന്ന നാടിൻറെ വികസനത്തിന് മുതൽക്കൂട്ടാകുന്ന വിവരശേഖരണ സഞ്ചയിക പ്രവർത്തനം നവ കേരള നിർമ്മിതിയിലെ പുത്തൻ മാതൃകയായി മാറ്റപ്പെടും.മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ വികസന-വിജ്ഞാന-ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങളിൽ ഈ കൈപുസ്തകം ഒരു മാതൃകയാകട്ടെ എന്ന് ആശംസിക്കുന്നു.


ആമുഖം

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെയും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെയും സഹായത്തോടെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ണൂർ വിവരസഞ്ചയിക പദ്ധതി 2023-2024 നടപ്പിലാക്കി വരുന്നു.പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വീടുകളും,സ്ഥാപനങ്ങളും സന്ദർശിക്കുകയും മൊബൈൽ ആപ്ലിക്കേഷൻ വഴി വിവര-ശേഖരണം നടത്തുകയും ചെയ്തിട്ടുണ്ട്.വാർഡ് അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട പ്രത്യേക പരിശീലനം ലഭിച്ച എന്യൂമറേറ്റർമാരാണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്.പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ചെന്ന് ഓരോ കുടുംബത്തിന്റെയും അതുപോലെ ഓരോ വ്യക്തിയുടെയും സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക മേഖലകളിലെ വിവരങ്ങൾ മനസ്സിലാക്കുന്നതിന് ഈ സർവെ പ്രവർത്തനം സഹായിച്ചിട്ടുണ്ട്.ഓരോ വ്യക്തിയുടെയും ആരോഗ്യം,വിദ്യാഭ്യാസം,തൊഴിൽ തുടങ്ങി എല്ലാ മേഖലകളിലെയും വിവരങ്ങൾ ഇത് വഴി ശേഖരിച്ചിട്ടുണ്ട്.തദ്ദേശീയരായ ജനങ്ങൾക്കൊപ്പം അതിഥി തൊഴിലാളികൾ,പ്രവാസികൾ തുടങ്ങിയ വിവിധ മേഖലകളിലെ സ്ഥിതിവിവര കണക്കുകളും ശേഖരിച്ചിട്ടുണ്ട്.

വിവര സഞ്ചയിക സർവെ പ്രവർത്തനത്തിലൂടെ ലഭിച്ച വിവരങ്ങൾ ഭാവിയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാനും നടപ്പിലാക്കുവാനും സഹായകമാകുമെന്ന് തീർച്ചയാണ്.ഈ ശേഖരിച്ച വിവരങ്ങൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിയോഗിക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരായ രേഷ്മ എം വി, രമ്യ സി എന്നിവർ ചേർന്നാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

മയ്യിൽ പഞ്ചായത്ത് വാർഡ് മാപ്പ്





ഭരണസമിതി അംഗങ്ങൾ

2020-2025



എം വി അജിത
പ്രസിഡണ്ട്
മയ്യിൽ ഗ്രാമപഞ്ചായത്ത്



എ ടി രാമചന്ദ്രൻ
വൈസ് പ്രസിഡണ്ട്
മയ്യിൽ ഗ്രാമപഞ്ചായത്ത്



അമ്പിളി
സെക്രട്ടറി
മയ്യിൽ ഗ്രാമപഞ്ചായത്ത്



പി പ്രീത
ചെയർപേർസൺ
വികസനം
(മെമ്പർ,വാർഡ് 16)



എം ഭരതൻ
ചെയർമാൻ
ക്ഷേമകാര്യം
(മെമ്പർ,വാർഡ് 9)



വി വി അനിത
ചെയർപേർസൺ
ആരോഗ്യ-വിദ്യാഭ്യാസം
(മെമ്പർ,വാർഡ് 2)



എ പി സുചിത്ര
(മെമ്പർ,വാർഡ് 1)



എം സതീദേവി
(മെമ്പർ,വാർഡ് 3)



പി സത്യഭാമ
(മെമ്പർ,വാർഡ് 4)



എം പി സന്ധ്യ
(മെമ്പർ,വാർഡ് 5)



കെ ബിജു
(മെമ്പർ,വാർഡ് 6)



ഇഎം സുരേഷ്ബാബു
(മെമ്പർ,വാർഡ് 7)



ഇ പി രാജൻ
(മെമ്പർ,വാർഡ് 8)



കെ രൂപേഷ്
(മെമ്പർ,വാർഡ് 10)



അബ്ദുൽഖാദർ
(മെമ്പർ,വാർഡ് 12)



സി കെ പ്രീത
മെമ്പർ,വാർഡ് 13



കെ ശാലിനി
മെമ്പർ,വാർഡ് 14



എം രവിമാസ്റ്റർ
മെമ്പർ,വാർഡ് 15



അസൈനാർ
മെമ്പർ,വാർഡ് 18

ഉള്ളടക്കം

അദ്ധ്യായം 1 ഗ്രാമപഞ്ചായത്ത് -ചരിത്രവും പൊതുവിവരങ്ങളും

അദ്ധ്യായം 2 ജനസംഖ്യ-വീട്-കുടുംബം

അദ്ധ്യായം 3 പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം

അദ്ധ്യായം 4 വിഭവലഭ്യത

അദ്ധ്യായം 5 കൃഷിയും അനുബന്ധമേഖലകളും

അദ്ധ്യായം 6 വ്യവസായം വാണിജ്യം

അദ്ധ്യായം 7 തൊഴിൽ

അദ്ധ്യായം 8 വിദ്യാഭ്യാസം

അദ്ധ്യായം 9 ആരോഗ്യം

അദ്ധ്യായം 10 സാമൂഹ്യനീതി

അദ്ധ്യായം 11 ഊർജ്ജം

അദ്ധ്യായം 12 കല-കായികം-സാംസ്കാരികം

അദ്ധ്യായം 13 പ്രവാസികൾ

അദ്ധ്യായം 14 അതിഥികൾ (ഇതര സംസ്ഥാനക്കാർ)

അദ്ധ്യായം 15 വിനോദസഞ്ചാരം

അദ്ധ്യായം 16 കുടിവെള്ളം-ശുചിത്വം-മാലിന്യ സംസ്കരണം

അദ്ധ്യായം 17 മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ

അദ്ധ്യായം 18 വെല്ലുവിളികൾ സാധ്യതകൾ

1. ഗ്രാമപഞ്ചായത്ത് - ചരിത്രവും പൊതുവിവരങ്ങളും

1.1 ആമുഖം

1.2 ചരിത്രം

1.3 അതിരുകൾ

1.4 ഭൂവിസ്തൃതി

1.5 ഗതാഗതം

1.6 തോടുകൾ

1.7 ഇതുവരെയുള്ള പഞ്ചായത്ത് പ്രസിഡണ്ടുമാർ

1.8 പൊതുവിവരങ്ങൾ

1.9 മയ്യിൽ ഒറ്റനോട്ടത്തിൽ

2. ജനസംഖ്യ - വീട് - കുടുംബം

2.1 ജനസംഖ്യ

2.1.1 ജനസംഖ്യ - ലിംഗാനുപാതം

2.1.2 സ്ഥിര താമസക്കാർ

2.1.3 ജനസംഖ്യ -താരതമ്യം

2.1.4 ജനസംഖ്യ മതം അനുസരിച്ച്

2.1.5ജനസംഖ്യ വയസ്സ് അടിസ്ഥാനത്തിൽ

2.1.6 വിവാഹ സ്ഥിതി അടിസ്ഥാനത്തിലുള്ള കണക്കുകൾ

2.2 കുടുംബങ്ങൾ

2.2.1 കുടുംബം-വാർഡ് അടിസ്ഥാനത്തിൽ

2.2.2 കുടുംബം റേഷൻ കാർഡിന്റെ തരം അനുസരിച്ച്

2.3 വീട്/കെട്ടിടം

2.3.1 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തരം വാർഡ് അടിസ്ഥാനത്തിൽ

2.3.2 വീട് തറയുടെ തരം അനുസരിച്ച്

2.3.3 വീട് ചുമറിന്റെ തരം അനുസരിച്ച്

2.3.4 വീട് മേൽക്കൂരയുടെ തരം അനുസരിച്ച്

2.3.5 വീടിന്റെ തറ വിസ്തീർണ്ണം

2.3.6 വാഹന സൌകര്യം

2.3.7 വഴി/റോഡ് സൌകര്യം

2.3.8 ഗാർഹിക സൌകര്യങ്ങൾ - വൈദ്യുതി,പാചകവാതകം

3. പട്ടികജാതി-പട്ടിക വർഗ്ഗം

3.1 പട്ടികജാതി കുടുംബം

3.1.1 ആകെ പട്ടികജാതി കുടുംബങ്ങൾ

3.1.2 പട്ടികജാതി കുടുംബങ്ങൾ വാർഡ് തിരിച്ച്

3.2 പട്ടികജാതി -ജനസംഖ്യ

3.2.1 പട്ടികജാതി ജനസംഖ്യ വാർഡ് അടിസ്ഥാനത്തിൽ

3.2.2 പട്ടികജാതി ജനസംഖ്യ ലിംഗാടിസ്ഥാനത്തിൽ

3.3 മറ്റ് അടിസ്ഥാന സൌകര്യങ്ങൾ

3.3.1 കൈവശ ഭൂമി

3.3.2 വീടിന്റെ തരം

3.3.3 കുടിവെള്ളം

3.3.4 റോഡ് സൌകര്യം

3.3.5 ശൌചാലയം

3.4 വിദ്യാഭ്യാസം

3.4.1 സാക്ഷരത

3.4.2 അടിസ്ഥാന വിദ്യാഭ്യാസം

3.4.3 പ്രൊഫഷണൽ വിദ്യാഭ്യാസം

3.3.4 സാങ്കേതിക വിദ്യാഭ്യാസം

3.3.5 വിദ്യാർഥികൾക്കുള്ള സഹായം

3.3.6 വിദ്യാർഥികൾക്കുള്ള താമസ സൌകര്യം

3.5 തൊഴിൽ

4. വിഭവലഭ്യത

4.1 പ്രകൃതിവിഭവങ്ങൾ

4.2 തനത്ഫണ്ട്

4.3 വരുമാന സ്രോതസ്സ്

5. കൃഷിയും അനുബന്ധ മേഖലകളും

5.1 ആമുഖം

5.2 ഭൂവിനിയോഗം സംബന്ധിച്ച കണക്ക്

5.3 കൃഷി

5.3.1 കൃഷി വിള അടിസ്ഥാനത്തിൽ

5.3.2 പാടശേഖര സമിതികൾ

5.3.3 പാടശേഖര സമിതി അംഗങ്ങൾ

5.3.4 ജലസേചനം

5.3.5 മണ്ണ് സംരക്ഷണം

5.3.6 മയ്യിലിന്റെ കാർഷിക മുന്നേറ്റ സഹായ ഘടകങ്ങൾ

5.3.7 മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി

5.4 മൃഗ സംരക്ഷണവും ക്ഷീരവികസനവും

5.4.1 പാൽ ഉത്പാദനം സംബന്ധിച്ച കണക്ക്

5.4.2 പാൽ സൊസൈറ്റികൾ

5.4.3 വളർത്തു മൃഗങ്ങൾ-പക്ഷികൾ

5.5 വന്യമൃഗ ശല്യം

5.6 മത്സ്യ ബന്ധനം

5.7 വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ

6. വ്യവസായവും വാണിജ്യം

6.1 ആമുഖം

6.2 അപ്പാരൽ പാർക്ക്

6.3 സഹകരണ മേഖലയിലെ പ്രധാന സംരംഭങ്ങൾ

6.4 പ്രധാന കുടുംബശ്രീ സംരംഭങ്ങൾ

6.5 വ്യവസായ സ്ഥാപനങ്ങൾ-തരം

6.6 വാണിജ്യ സ്ഥാപനങ്ങൾ-തരം

6.7 ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ

6.7.1 വ്യവസായ സ്ഥാപനങ്ങൾ

6.7.2 വാണിജ്യ സ്ഥാപനങ്ങൾ

6.8 സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം

6.9 സ്ഥാപനങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ

6.9.1 വ്യവസായ സ്ഥാപനങ്ങൾ

6.9.2 വാണിജ്യ സ്ഥാപനങ്ങൾ

7.തൊഴിൽ

7.1 ആമുഖം

7.2 പ്രധാന തൊഴിൽ മേഖലകൾ

7.3 തൊഴിൽ മേഖലകൾ തിരിച്ചു കൂടുംബങ്ങൾ

7.4 തൊഴിലുറപ്പ് പദ്ധതി

7.5 അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ

7.6 പരമ്പരാഗത തൊഴിൽ

8. വിദ്യാഭ്യാസം

8.1 ആമുഖം

8.2 വിദ്യാഭ്യാസ സ്ഥാപനങ്ങൾ

8.3 വിദ്യാർഥികളുടെ എണ്ണം ക്ലാസ്സ് അടിസ്ഥാനത്തിൽ

8.4 വിദ്യാഭ്യാസ യോഗ്യത അടിസ്ഥാനത്തിൽ

8.5 പ്രൊഫഷണൽ യോഗ്യത അടിസ്ഥാനത്തിൽ

8.6 പ്രത്യേക യോഗ്യത അടിസ്ഥാനത്തിൽ

8.7 ഇ-സാക്ഷരത

8.8 അടിസ്ഥാന സൌകര്യങ്ങൾ : ലൈബ്രറി,റീഡിംഗ് റൂം,ഡിജിറ്റൽ ക്ലാസ്സ് റൂം

9. ആരോഗ്യം

9.1 ആരോഗ്യ സ്ഥാപനങ്ങൾ

9.1.1 ഗവ സ്ഥാപനങ്ങൾ

9.1.2 സ്വകാര്യ സ്ഥാപനങ്ങൾ

9.2 ജീവിത ശൈലി രോഗങ്ങൾ

9.3 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ

9.4 UNIC ഡിസബിലിറ്റി കാർഡ്

9.5 നിത്യരോഗി - നിരന്തര ആരോഗ്യ പ്രശ്നങ്ങൾ

9.6 രക്തഗ്രൂപ്പുകൾ

9.7 മദ്യം - പുകവലി ശീലമുള്ളവർ

9.8 ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുള്ളവർ

9.9 ആരോഗ്യ പദ്ധതികൾ

9.10 കുടിവെള്ളം

10. സാമൂഹ്യനീതി

10.1 അങ്കണവാടികൾ

10.2 ഭിന്നശേഷിക്കാർ

10.3 വയോജനങ്ങൾ

10.4 സ്കോളർഷിപ്പുകൾ

10.5 വിവിധ തരം പെൻഷനുകൾ

10.6 കുടുംബശ്രീ

10.7 ഓക്സിലറി ഗ്രൂപ്പുകൾ

11. ഊർജ്ജം

11.1 ഊർജ്ജത്തിന്റെ പ്രധാന സ്രോതസ്സുകൾ

11.2 സോളാർ വൈദ്യുതി

11.3 പാചകത്തിനുള്ള ഊർജ്ജ സ്രോതസ്സുകൾ

11.4 ഫിലമെന്റ് ബൾബുകൾ

12. കല-കായികം-സാംസ്കാരികം

12.1 ലൈബ്രറി - വായനശാല - സാംസ്കാരിക നിലയങ്ങൾ

12.2 ലൈബ്രറി

12.3 ക്ലബ്ബുകൾ

12.4 കളിസ്ഥലങ്ങൾ

12.5 ദിനപ്പത്രങ്ങൾ

12.6 ദിനപത്രങ്ങളുടെ എണ്ണം

12.7 ഡ്രൈവിംഗ്- നീന്തൽ വശമുള്ളവർ

12.8 ആയോധനകലകൾ

13. പ്രവാസികൾ

13.1 മറ്റുജില്ലകളിൽ താമസിക്കുന്നവർ

13.2 മറ്റു സംസ്ഥാനങ്ങളിൽ താമസിക്കുന്നവർ

13.3 മറ്റു രാജ്യങ്ങളിൽ താമസിക്കുന്നവർ

14. അതിഥികൾ (ഇതര സംസ്ഥാനക്കാർ)

14.1 സംസ്ഥാനം തിരിച്ചുള്ള പട്ടിക

14.2 കേരളത്തിൽ താമസിക്കുന്ന കാലയളവ്

14.3 അതിഥികളുടെ വയസ്സുവിവരങ്ങൾ

14.4 അതിഥികളുടെ തൊഴിൽ വിവരങ്ങൾ

14.5 തദ്ദേശീയരെ കുറിച്ചുള്ള അഭിപ്രായങ്ങൾ

15. വിനോദസഞ്ചാരം

15.1 പ്രധാന ടൂറിസം കേന്ദ്രങ്ങൾ

15.2 പദ്ധതികൾ

16. കുടിവെള്ളം-ശുചിത്വം-മാലിന്യ സംസ്കരണം

16.1 ശൗചാലയം - തരം -എണ്ണം

16.2 പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം

16.3 ജൈവ മാലിന്യ നിർമ്മാർജ്ജനം

16.4 പേപ്പർ മാലിന്യ നിർമ്മാർജ്ജനം

16.5 ഡയപ്പർ -സാനിറ്ററി പാഡ് നിർമ്മാർജ്ജനം

16.6 ഗ്ലാസ് മാലിന്യ നിർമ്മാർജ്ജനം

16.7 പഴയ തുണി നിർമ്മാർജ്ജനം

16.8 ഇ-വേസ്റ്റ് നിർമ്മാർജ്ജനം

17. മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ

17.1 പ്രധാനപ്പെട്ട സ്ഥാപനങ്ങൾ

17.2 പ്രധാനപ്പെട്ട ധനകാര്യസ്ഥാപനങ്ങൾ

17.3 എ ടി എം കേന്ദ്രങ്ങൾ

17.4 പോസ്റ്റ് ഓഫീസുകൾ

17.5 പ്രധാനപ്പെട്ട ഓഡിറ്റോറിയങ്ങൾ

18. വെല്ലുവിളികളും സാധ്യതകളും

18.1 വെല്ലുവിളികൾ

18.2 വികസന സാധ്യതകൾ

19. ഗാലറി

20. ചോദ്യാവലി

അദ്ധ്യായം 1

ഗ്രാമപഞ്ചായത്ത്-ചരിത്രവും പൊതുവിവരങ്ങളും

ആമുഖം

മയ്യിൽഗ്രാമപഞ്ചായത്ത് ഇരിക്കൂർ ബ്ലോക്കിലും തളിപ്പറമ്പ് നിയോജക മണ്ഡലത്തിലും കണ്ണൂർ ലോക്സഭാ മണ്ഡലത്തിലും ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ്.ജനകീയാസൂത്രണത്തിന്റെ 27 വർഷക്കാലം പിന്നിടുമ്പോൾ മയ്യിൽ ഗ്രാമപഞ്ചായത്തും വികസനപാതയിൽ ബഹുദൂരം പിന്നിട്ടു കഴിഞ്ഞു.ഉത്പാദനമേഖലയ്ക്ക് ഊന്നൽ കൊടുത്തു കൊണ്ട് തയ്യാറാക്കപ്പെട്ട പഞ്ചവത്സരപദ്ധതികൾ പരമ്പരാഗത വിളകളെ സംരക്ഷിച്ചുകൊണ്ട് കാർഷിക ജീവിതത്തെ പ്രോത്സാഹിപ്പിച്ചു വരുന്നു. പശ്ചാത്തലമേഖലയിൽ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു.തരിശുഭൂമി കൃഷി ഭൂമിയാക്കി സംരക്ഷിക്കുന്നതിനും ഉത്പാദനം പതിന്മടങ്ങ് വർധിപ്പിക്കുന്നതിനും മുൻകൈയെടുത്തു.നെൽ-കർഷകരെ വിവിധ പദ്ധതികളിലൂടെ സഹായിക്കുന്നതിനും ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ സാധിച്ചു.റോഡുകളും പാലങ്ങളും അണക്കെട്ടുകളും പണിയുന്നതിനും ഒരു നഗരമായി മയ്യിലിനെ വളർത്തിയെടുക്കാനും സാധിച്ചു.ഗ്രാമം നഗരമായി വളരുകയും തദ്ദേശീയരുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്തപ്പോഴും മുൻപരിചയമില്ലാത്തവിധം പ്രളയവും വെള്ളപ്പൊക്കവും മാരകരോഗങ്ങളും ദുരന്തങ്ങളായി വന്നപ്പോഴും അതിജീവനത്തിന്റെ മികച്ച മാതൃകകൾ സൃഷ്ടിക്കുവാൻ മയ്യിലിന് സാധിച്ചു.

പശ്ചാത്തലമേഖലയിൽ കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക മുന്നേറ്റത്തിനുതകുന്ന പദ്ധതികൾക്ക് പഞ്ചായത്ത് പ്രാധാന്യം നൽകി വരുന്നു. ജനങ്ങളുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനും ആധുനിക ജീവിതനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പദ്ധതികളിൽ കുടുംബത്തിൽ ഒരാൾക്ക് സ്ഥിര ജോലി, കാർഷികോത്പന്നതിന് വിപണനം ഉറപ്പാക്കൽ തുടങ്ങി ഓരോ കുടുംബത്തിനും അന്തസ്സുള്ള ജീവിതം ഉറപ്പുവരുത്തുന്ന അതിദാരിദ്ര്യമില്ലാത്ത പഞ്ചായത്താകുകയെന്ന ലക്ഷ്യത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.ഭൂപ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് ജൈവവൈവിദ്ധ്യം നിലനിർത്തുന്ന പുഴയോര സംരക്ഷണം, ഇക്കോടൂറിസം, ഫാം ടൂറിസം പദ്ധതികൾക്കും പ്രാധാന്യം നൽകി വരുന്നസ്ത്രീപദ.വി പഠനം പൂർത്തീകരിച്ച് സ്ത്രീ സൗഹൃദ നഗരവും ഗ്രാമവുമെന്ന ലക്ഷ്യത്തിലേക്കായി നീങ്ങുന്നു.സ്മാർട്ട് അങ്കണവാടികൾ സ്ത്രീകൾക്ക് വിനോദ വിജ്ഞാന കേന്ദ്രങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, കിഡ്സ് പാർക്കുകൾ തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നുസമ്പൂർണ. ശുചിത്വ - ഉറവിട മാലിന്യ സംസ്കരണ ഉപാധിവിതരണം,കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനങ്ങൾ ഒരുക്കുകയും നഗര പാതയോര സൗന്ദര്യവൽക്കരണം തുടങ്ങിയ പദ്ധതികളുമായി ടൂറിസം സാദ്ധ്യതകൾ വിപുലീകരിച്ച് ഹരിത ഗ്രാമമാക്കുന്നതിന് പ്രാധാന്യം നൽകാനും പഞ്ചായത്ത് പദ്ധതിയിടുന്നു.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലുള്ള ഗ്രാമപഞ്ചായത്തായ മയ്യിൽ കണ്ണൂർ പട്ടണത്തിൽ നിന്നും 20 കിമീ അകലെയായാണ് സ്ഥിതി ചെയ്യുന്നത്.മയ്യിൽ പഞ്ചായത്തിന്റെ ഒരു അതിരാണ് വളപട്ടണം പുഴ.ഏകദേശം 12 കിമീ നദീതീരം പഞ്ചായത്തിനുണ്ട്.തളിപ്പറമ്പിൽ നിന്നും നണിച്ചേരി പാലം വഴി 13 കിമീ സഞ്ചരിച്ചാൽ മയ്യിൽ പ്രദേശത്ത് എത്തിച്ചേരാം.കേരളത്തിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ പറശ്ശിനിക്കടവിൽ നിന്നും 7 കിമീ മാത്രമാണ് പറശ്ശിനി പാലം വഴി മയ്യിൽ പട്ടണത്തിലേക്കുള്ളത്.കാഞ്ഞങ്ങാട് മുതലുള്ളവർക്ക് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന വിമാനത്താവള പാത കടന്നു പോകുന്നതും മയ്യിൽ വഴിയാണ്. മയ്യിൽ നിന്നും മട്ടന്നൂർ വിമാനത്താവളത്തിലേക്ക് 22 കിമീ(അര മണിക്കൂർ) ദൂരം മാത്രമാണുള്ളത്.മലപ്പട്ടം മുനമ്പ്കടവ് പാലം വഴി ശ്രീകണ്ഠാപുരത്ത് എളുപ്പത്തിൽ എത്തിച്ചേരാൻ മയ്യിൽ നിവാസികൾക്ക് സാധിക്കും. ഫുട്ബോൾ കളിയുടെ കണ്ണൂർ ജില്ലയിലെ ഒരു ഈറ്റില്ലമാണ് മയ്യിൽ.എല്ലാ വർഷവും നല്ല വിജയ ശതമാനം നേടി ഖ്യാതി നേടിയ സർക്കാർ സ്കൂളായ ഇടൂഴി മാധവൻ നമ്പൂതിരി സ്മാരക ഹയർ

സെക്കണ്ടറി സ്കൂൾ മയ്യിലിന്റെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്നു.പൊതുജനാരോഗ്യ പ്രവർത്തനത്തിൽ മയ്യിൽ ആസ്ഥാനമാക്കി ബ്ലോക്ക് സി എച്ച് സി കേന്ദ്രം വളരെ നല്ല രീതിയിൽ പ്രവൃത്തിച്ചു വരുന്നു. മയ്യിൽ,കയരളം എന്നീ 2 വില്ലേജ് പഞ്ചായത്തുകളും മയ്യിൽ പഞ്ചായത്തിൽ നിലവിലുണ്ട്.

ചരിത്രം

നീണ്ടുകിടക്കുന്ന നദീതീര പ്രദേശങ്ങളായ കണ്ടക്കൈ,മുല്ലക്കൊടി തുടങ്ങിയ സ്ഥലങ്ങളിലും പെരുവങ്ങൂർ, ചെറുപഴശ്ശി,മയ്യിൽ താഴെ തുടങ്ങിയ കുന്നിൻ ചെരിവുകളിലും ഏറെക്കാലം മുമ്പ് തന്നെ ജനവാസ കേന്ദ്രമായിരുന്നു.വേളം അമ്പലത്തിന്റെ ചുറ്റുപാടുമായി നൂറ്റാണ്ടുകൾക്കപ്പുറം തന്നെ ഒരു ഗ്രാമം നിലനിന്നിരുന്നു. മദ്ധ്യകാല ഘട്ടത്തിൽ ചിറക്കൽ രാജവംശത്തിന്റെ അഥവാ കോലത്തു നാടിന്റെ അധീനതയിലായിരുന്ന ഈ പ്രദേശം.ജന്മിത്ത വ്യവസ്ഥയിൽ അടിസ്ഥാനപ്പെടുത്തിയായിരുന്നു ഇവിടുത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം. തൊഴിൽ ജാതിശ്രേണിയിൽ താഴ്ന്നവർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നു.മൈസൂർ സുൽത്താന്മാരുടെ പടയോട്ടത്തെ തുടർന്ന് പരമ്പരാഗതമായ സാമൂഹ്യ ഘടനയും സാമ്പത്തിക ക്രമവും മാറാൻ തുടങ്ങി.ബ്രിട്ടീഷ് അധീശത്വത്തോടെ ഈ മാറ്റം പൂർണ്ണമായി.

കേരളത്തിലെ സാമൂഹ്യപരിഷ്കരണ വിപ്ലവങ്ങളും കർഷകസമരങ്ങളും വളരെ വേഗത്തിലാണ് ഇവിടുത്തെ ജനത ഏറ്റെടുത്തത്.കുഞ്ഞാക്കമ്മയുടെ നേതൃത്വത്തിൽ നടന്ന കണ്ടക്കൈ സമരവും തുടർന്നുണ്ടായ ജന്മിത്ത വിരുദ്ധ മുന്നേറ്റവുമൊക്കെ കേരളത്തിനാകമാനം ഊർജമേകി.പാടിക്കുന്നിലെ രക്തസാക്ഷികളുടെ പോരാട്ടത്തിലും ജീവത്യാഗത്തിലും കാലുറപ്പിച്ചു നിന്നാണ് ആധുനിക മയ്യിൽ പിറവിയെടുത്തത്.1962 ൽ മയ്യിൽ,കണ്ടക്കൈ,കയരളം എന്നീ മൂന്ന് വില്ലേജ് പഞ്ചായത്തുകൾ സംയോജിപ്പിച്ചു കൊണ്ടാണ് മയ്യിൽ ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്.

പുരാതന സംസ്കാരത്തിന്റെ നിരവധി തെളിവുകൾ ചിതറിക്കിടക്കുന്ന ഒരു ഭൂപ്രദേശമാണ് മയ്യിൽ ഗ്രാമപഞ്ചായത്ത്.പരമ്പരാഗതമായ പ്രയോഗങ്ങൾ, ഐതിഹ്യങ്ങൾ,സ്ഥലനാമങ്ങൾ തുടങ്ങിയവ ഇതിന്റെ തെളിവുകളാണ്.ആര്യന്മാരുടെ വരവിനെ തുടർന്ന് മലയാളക്കരയിൽ ഉടനീളം ദൃശ്യമായ സാമൂഹ്യമാറ്റങ്ങൾ ഇവിടെയും സ്പഷ്ടമാണ്.ഇന്നും നിലനിൽക്കുന്ന നിരവധി ക്ഷേത്രങ്ങൾ,ക്ഷേത്രാവശിഷ്ടങ്ങൾ,ബ്രാഹ്മണ ഗേഹങ്ങൾ എന്നിവ ഇതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ്.വേളംക്ഷേത്ര പരിസരത്തിൽ നിന്ന് ലഭിക്കുന്ന ചരിത്രാവശിഷ്ടങ്ങൾ പുരാതനമായ ഒരു സംസ്കാരത്തിന്റെ തെളിവുകൾ പ്രഖ്യാപിക്കുന്നു.

1957 ലെ കേരളപ്പിറവിയെ തുടർന്ന് ഇ.എം.എസിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതോടെ വികസനത്തിന്റെ നാനാ തുറകളിലും ഈ ഗ്രാമം മുന്നേറി. ഇട്ടഴി ഇല്ലം വഴി ആരംഭിച്ച മയ്യിൽ ഹയർ സെക്കണ്ടറി സ്കൂളും സ്ഥലവും ഗവണ്മെന്റിന് സൗജന്യമായി വിട്ടുകൊടുത്തതോടെ ഇത് ഗവണ്മെന്റ് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇട്ടഴി കുടുംബം സംഭാവന ചെയ്ത സ്ഥലത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം കൂടി ആരംഭിച്ചതോടെ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കുള്ള കുതിച്ചു ചാട്ടമായിരുന്നു.ഇരിക്കൂർ ബ്ലോക്കിന്റെ മലയോര മേഖലയിലും കാട്ടാമ്പള്ളി വരെയുള്ള ജനവിഭാഗങ്ങൾ സേവനം തേടി എത്തുന്ന സ്ഥാപനമായി പ്രാഥമിക ആരോഗ്യ കേന്ദ്രം മാറുകയുണ്ടായി.ഈ കാലയളവിൽ തന്നെ കാട്ടാമ്പള്ളി മുതൽ ചാലോട് വരെയുള്ള ബസ് ഗതാഗതം ആരംഭിച്ചതോടെ യാത്രാ രംഗത്ത് മാറ്റം ഉണ്ടായി.

1962 ൽ ശ്രീ കെ കെ കുഞ്ഞനന്തൻ നമ്പ്യാർ പ്രസിഡണ്ട് ആയ കാലത്ത് മയ്യിൽ നിരത്തുപാലം മുതൽ നെല്ലിക്കപ്പാലം മുട്ടുകണ്ടി വരെ 5 കി.മീ. നീളം വരുന്ന തോട് ആഴവും വീതിയും കൂട്ടിയത് കാർഷിക വികസന രംഗത്ത് ഒരു വിസ്മയം തന്നെയായിരുന്നു.അതുപോലെ ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് ഫണ്ടിന് പുറമെ മനുഷ്യ വിഭവ ശേഷി കൂടി ഉപയോഗിച്ച് കൊണ്ടുള്ള ഒരു പുതിയ വികസന രീതി ഇവിടെ രൂപം കൊണ്ടു.ഇന്നത്തെ ജനകീയാസൂത്രണത്തിന് സമാനമായ ജനപങ്കാളിത്തം ഉറപ്പാക്കി വികസന മുന്നേറ്റം സാധ്യമാക്കാൻ ശ്രീ കെ കെ കുഞ്ഞനന്തൻ

നമ്പ്യാർ നടത്തിയ പ്രവർത്തനങ്ങൾ ഇതോടൊപ്പം സ്മരിക്കുന്നു.മയ്യിൽ ഇട്ടഴി മാധവൻ നമ്പൂതിരി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഇന്ന് കണ്ണൂർ ജില്ലയിലെ തന്നെ ശ്രദ്ദേയമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ്.അമ്പതുകളുടെ അവസാനം വരെ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് പറശ്ശിനിക്കടവ്, തളിപ്പറമ്പ്, കൂടാളി സ്കൂളുകളെ ആശ്രയിക്കേണ്ടി വന്നത് കൊണ്ട് അക്കാലത്തുള്ളവരുടെ വിദ്യാഭ്യാസം എട്ടാംക്ലാസ്സിൽ വെച്ച് അവസാനിപ്പിക്കേണ്ടി വന്നു.

കേരളത്തിലെ പഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ വായനശാലകലാസമിതികൾ,ക്ലബ്ബുകൾ എന്നിവയുള്ള പഞ്ചായത്താണ് മയ്യിൽ പഞ്ചായത്ത്.35 വായനശാലകളും 18 ക്ലബ്ബുകളും നമ്മുടെ പഞ്ചായത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.കർഷകപ്രസ്ഥാനത്തിന്റെ ആരംഭത്തിൽ തന്നെ വേളം പൊതുജനവായനശാല,കണ്ടക്കൈ എസ്ജെഎം വായനശാല, യുവജന വായനശാല കയരളം തുടങ്ങിയ വായനശാലകൾ രൂപം കൊണ്ടിരുന്നു. മറ്റ് വായനശാലകൾ രൂപം കൊണ്ടത് 1957 കൾക്ക് ശേഷവും ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ലൈബ്രറികളും കലാസമിതികളും ക്ലബ്ബുകളും ഈ പ്രദേശത്തിന്റെ സാമൂഹ്യ സാംസ്കാരിക മുന്നേറ്റം സാധ്യമാക്കി.ഈ പ്രവർത്തനങ്ങളിൽ നിന്നുള്ള ഊർജവും കരുത്തും ഉൾക്കൊണ്ട് നിരവധി പൊതു പ്രവർത്തകരെ സംഭാവന ചെയ്യാൻ ഈ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ നമ്മുടെ പ്രദേശത്തിന്റെ വികസനത്തിന് മുതൽക്കൂട്ടായി മാറുകയുണ്ടായി.

1957 ൽ നിലവിൽ വന്ന ഭൂപരിഷ്കരണ നിയമവും 1969 ലെ കർഷകനിയമവും പുതിയൊരു ഘട്ടം കൈവരിച്ചത് 1970 കളിൽ ആയിരുന്നു.മയ്യിൽ പഞ്ചായത്തിന്റെ ഭാഗമായ കോറളായി തുരുത്ത് മിച്ചഭൂമി സമരത്തിന്റെ പ്രധാന കേന്ദ്രമായിരുന്നു.1970 കളിൽ ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന് എന്ന മുദ്രാവാക്യം കേരളീയ ഗ്രാമജീവിതത്തിലേക്ക് ഇറങ്ങി ചെല്ലുകയായിരുന്നു.ഈ നാടിന്റെ മണ്ണിൽ ജനകീയ ശാസ്ത്ര പ്രസ്ഥാനമായ കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വിത്തുകൾ പൊട്ടിമുളച്ചത് പെട്ടന്നായിരുന്നു. ശാസ്ത്ര സാംസ്കാരിക ജാഥയിൽ തുടങ്ങി ജനകീയ വിദ്യാഭ്യാസ കമ്മീഷൻ വരെ എത്തിനിൽക്കുന്ന നീണ്ട പ്രവർത്തനങ്ങളും വർത്തമാന ചരിത്രവും നമുക്കിവിടെ കാണാം.1990-91 ൽ ജനകീയ പ്രവർത്തനത്തിന്റെ സർഗ്ഗാത്മക രൂപഭാവങ്ങൾ കൈവരിച്ച സാക്ഷരത പ്രവർത്തനം പുതിയൊരു അനുഭവമായിരുന്നു.

മയ്യിൽ പട്ടണത്തിലെ വ്യാപാര വളർച്ച പഞ്ചായത്തിന്റെ വികസന കുതിപ്പിന് ഏറെ സംഭാവന നൽകിയിട്ടുണ്ട്.ഇത്തരം സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയും കൂട്ടിയോജിപ്പിച്ചു കൊണ്ട് കേരളം ലോകത്തിന് മാതൃക കാട്ടി കൊടുത്ത ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ആവിർഭാവം വികസനത്തിന്റെ രൂപവും ഭാവവും മാറ്റുന്ന നിലയിലേക്ക് ഉയർന്നു വന്നു.1996 ൽ കേരളം ലോകത്തിന് സംഭാവന ചെയ്ത ജനകീയാസൂത്രണ പദ്ധതിയെ ജനകീയ പദ്ധതിയാക്കി മാറ്റാൻ നമുക്ക് സാധിച്ചിട്ടുണ്ട്.ആ കാലത്തു തന്നെ കാർഷിക മേഖലയിൽ ഉല്പാദനവും അടിസ്ഥാന വികസനവും നടപ്പിലായത്തോടെ പാടശേഖര സമിതികൾ സജീവമായി.2016-2017 വർഷത്തെ സമ്പൂർണ നെൽകൃഷി പദ്ധതിയിലൂടെ നെൽവയലുകൾ ചൈതന്യവത്താകുകയും നെല്ലുല്പാദനവും നെല്ലുല്പാദന ക്ഷമതയും വർധിക്കുകയും തരിശു രഹിത ഗ്രാമം സാധ്യമാകുകയും ചെയ്തു.

ആരോഗ്യ-വിദ്യാഭ്യാസ പശ്ചാത്തല മേഖലകളിലൊക്കെ ഈ പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ സംഘടനാ ബോധത്തിലൂന്നിയ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സാധിച്ചു. ഈ കാലയളവിൽ തന്നെ കുടുംബശ്രീ രൂപീകരണം സ്ത്രീ ശാക്തീകരണ രംഗത്ത് അത്ഭുതപൂർവമായ മുന്നേറ്റം സൃഷ്ടിച്ചു.ഈ സ്ത്രീ ശാക്തീകരണമാണ് ഗ്രാമീണ മേഖലയിലെ കാർഷിക മുന്നേറ്റത്തിനും, ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ഒരു പുതിയ തൊഴിൽ മേഖലയായ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജയകരമായപ്രവർത്തനത്തിനും ഇടവരുത്തിയത്.

അതിരുകൾ :

വടക്കുഭാഗത്ത് കുറുമാത്തൂർ, ചെങ്ങളായി പഞ്ചായത്തുകളെയും കിഴക്കുഭാഗത്ത് മലപ്പട്ടം, ചെങ്ങളായി പഞ്ചായത്തുകളെയും അതിരിട്ട് വളപട്ടണം പുഴ ഒഴുകുന്നു. തെക്ക്-കിഴക്ക് കുറ്റ്യാട്ടൂർ പഞ്ചായത്തും തെക്ക്-പടിഞ്ഞാറ് കൊളച്ചേരി പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

ഭൂവിസ്തൃതിയും പാരിസ്ഥിതിക സവിശേഷതകളും:

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 33.08 ചതുരശ്ര കി. മീ. ആണ്.മയ്യിൽ പഞ്ചായത്ത് മുഴുവനായും കിഴക്ക് നിന്ന് പടിഞ്ഞാറോട്ട് ചെറുതായി ചെരിഞ്ഞു നിൽക്കുന്നു.എങ്കിലും മയ്യിൽ-മുല്ലക്കൊടി നീർമറിയിൽ നിന്ന് വടക്കോട്ടും തെക്കോട്ടും ചെരിഞ്ഞാണ് കിടക്കുന്നത്.വടക്കൻ ഇടനാട് മേഖലയിൽ പെടുന്ന ഈ പ്രദേശത്തിന്റെ പൊതു ഭൂപ്രകൃതി ചെങ്കൽ കുന്നുകളും അവയ്ക്ക് ഇടയിലുള്ള താഴ്വരകളും നദീതീര സമതലങ്ങളും അടങ്ങുന്നതാണ്.

വളപട്ടണം നദീ തടത്തിൽ ഉൾപെടുന്ന മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ വടക്കെ അതിരിലൂടെയാണ് വളപട്ടണം പുഴ ഒഴുകുന്നത്. തെക്ക് കിഴക്ക് വശത്തുള്ള കുറ്റ്യാട്ടൂർ പഞ്ചായത്തിനോട് ചേർന്ന് വരുന്ന വലിയ ഒരു നീർത്തടത്തിന്റെ ഭാഗമാണ് പഞ്ചായത്തിന്റെ പകുതിയിലേറെ ഭാഗംഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ . പ്രധാനമായും3 ആയി തിരിക്കാംകുന്നിൻ മലകൾ ., കുന്നിൻ പള്ളകൾ, താഴ്വരകൾ എന്നിവയാണവആകെ . പ്രദേശത്തിന്റെ36% ഉയർന്ന പ്രദേശവും 37% ചെരിവ് പ്രദേശവും 27% താഴ്വരകളുമാണ്പണ്ടുകാലത്ത് . കാലാവസ്ഥ വ്യതിയാനവും .വര പ്രദേശങ്ങളിൽ പകുതിയും വെള്ളം കയറുന്നവയായിരിക്കുംആകെയുള്ള താഴ് മഴയുടെ ഏറ്റ-ക്കുറച്ചിലുകൾ കാരണവും ഇപ്പോൾ വെള്ളം കയറുന്നത് ഒരു പരിധിവരെ കുറഞ്ഞുവര താഴ് . എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ ജല ദൗർലഭ്യം .ളിലും ജലലഭ്യത ഉണ്ട്പ്രദേശങ്ങളിലും ചെരിവ് പ്രദേശങ്ങ ഓരോ കൊല്ലവും കിണറുകളിലെ ജലവിതരണത്തിൽ കുറവ് വരുന്നതായി .ഉണ്ട് നെല്പാടങ.കാണപ്പെടുന്നുണ്ട്ുങ്ങൾ സമൃദ്ധമായ പ്രദേശമാണ് മയ്യിൽകണ്ടക്കൈ ., മുല്ലക്കൊടി, കയരളം, ചെക്യാട്ട് കാവ്, കട്ടൂർ, ചെറുപഴശ്ശി, വള്ളിയോട്ട്, അരയിടത്ത് ചിറ, വേളം, പെരുവങ്ങൂർ, നണിയൂർ തുടങ്ങിയ പ്രദേശങ്ങളിൽ നെൽപാടങ്ങൾ ഉണ്ട്.

ഗതാഗതം

ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിന് യാത്രാ സൗകര്യം ഒരു പ്രധാന ഘടകമാണ്.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് റോഡ് ഗതാഗതം മെച്ചപ്പെടുത്തലാണ് ഏറ്റവും പ്രധാനം.ആരംഭകാലം മുതൽ മയ്യിൽ പഞ്ചായത്ത് സമീപ പ്രദേശങ്ങളിൽ നിന്ന് മുന്നിട്ട് നിൽക്കുന്നു.പഞ്ചായത്തിലെ പൊതു യാത്രാസൗകര്യം ബസ് സർവീസ് മാത്രമാണ്.1960 കളിൽ തന്നെ മിനി ബസ് സർവീസ് ഉണ്ടായിരുന്ന സ്ഥാനത്ത് കാട്ടാമ്പള്ളി പാലത്തിന്റെ ഉദ്ഘാടനത്തോടെ കണ്ണൂരുമായി ബന്ധപ്പെടാൻ എളുപ്പം സാധിച്ചു.ചിറക്കൽ-മയ്യിൽ-ചാലോട് റോഡ് കണ്ണൂർ ജില്ലയിലെ തന്നെ വാഹന സാന്ദ്രതയേറെയുള്ള റോഡാണ്.

കാട്ടാമ്പള്ളി പാലത്തിന് ശേഷം പറശ്ശിനിക്കടവ്, പാവന്നൂർക്കടവ്, മുനമ്പ്കടവ്, കോറലായി, ചെക്കിക്കടവ്, നണിച്ചേരിക്കടവ് എന്നീ പാലങ്ങളിലൂടെയുള്ള വാഹന ഗതാഗതം ആരംഭിച്ചതോടെ കിഴക്കൻ മലയോര മേഖലയിലും തളിപ്പറമ്പിലും എളുപ്പം എത്തിച്ചേരാൻ മയ്യിൽ നിവാസികൾക്ക് സാധിച്ചു വരുന്നു.കോറളായി ദ്വീപിലെ ജനങ്ങൾക്ക് ആശ്വാസമായി കോറളായി പാലവും വർത്തിക്കുന്നു.മയ്യിൽ-കാഞ്ഞിരോട്, ചെക്യാട്ട്കാവ്-എരിഞ്ഞിക്കടവ്, കണ്ടക്കൈ-പെരുമ്പാറക്കടവ് റോഡ് ചിറക്കൽ-കാട്ടാമ്പള്ളി-കൊളോളം, കാട്ടിലെപീടിക-തയ്യിൽവളപ്പ് എന്നിവയാണ് പ്രധാന പിഡബ്ല്യുഡി റോഡുകൾ. മയ്യിൽ-ചാലോട് റോഡ് വിമാനത്താവളത്തിലേക്കുള്ള റോഡായി ഉയർത്തി.ഇക്കാരണത്താൽ ഈ റോഡിലൂടെയുള്ള വാഹന സാന്ദ്രത വർധിച്ചു.നണിച്ചേരിക്കടവ് പാലം വന്നതോടെ തളിപ്പറമ്പിലേക്കുള്ള ദൂരം 10

കി.മീ. കുറഞ്ഞു.പഞ്ചായത്തിലെ വിവിധ വാർഡുകളെ കൂട്ടി സംയോജിപ്പിച്ചുകൊണ്ട് റിംഗ് റോഡുകൾ നമുക്ക് അത്യാവശ്യമാണ്.പഞ്ചായത്തിന്റെ പുതിയ റോഡ്മാപ്പ് തയ്യാറായി വരുന്നു. മയ്യിൽ ബസ്സ്റ്റാൻഡിൽ 65 ബസുകൾ കയറിയിറങ്ങുന്നതിൽ 7 എണ്ണം കെഎസ്ആർടിസി ബസ്സുകളാണ്.നമ്മുടെ ഗ്രാമീണ റോഡുകളിലൂടെയുള്ള ബസ് ഗതാഗതം ഇനിയും വർധിപ്പിക്കേണ്ടതുണ്ട്.

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ 123.210 കി.മീ. ദൈർഘ്യമുള്ള 180 ഓളം റോഡുകൾ ഉണ്ട്.ഇതിൽ 79.89 കി.മീ. മാത്രമാണ് നിലവിൽ ടാർ ചെയ്തിട്ടുള്ളത്.42.92 കി.മീ. റോഡ് ടാർ ചെയ്യേണ്ടതുണ്ട്.അത് കൂടാതെ എല്ലാവർഷവും 10 കി.മീ. എങ്കിലും അറ്റകുറ്റപണി ചെയ്യേണ്ടതുണ്ട്. മേൽപ്പറഞ്ഞ മുഴുവൻ റോഡുകളും ജനങ്ങളുടെ കൂട്ടായ്മയിൽ രൂപപ്പെട്ട റോഡുകളാണ്.

തോടുകൾ

പഞ്ചായത്ത് പ്രദേശത്തെ ശരാശരി വർഷാനുപാതം300 സെ.മീ. ആണ്. മയ്യിൽ-മുല്ലക്കൊടി നീർമറിയുടെ വടക്കു ഭാഗത്ത് വളപട്ടണം പുഴയിലേക്കും,തെക്ക് ഭാഗത്ത് വളപട്ടണം പുഴയുടെ പോഷക നദിയായ കാട്ടാമ്പള്ളി പുഴയിലുമാണ് വെള്ളം ഒഴുകി ചേരുന്നത്.36 കി.മീ. വിവിധ തോടുകളിലൂടെ ഒഴുകിയാണ് വെള്ളം പുഴകളിൽ ചേരുന്നത്.36 കി.മീ. ഓളം ചെറുതോടുകളും 14 പൊതുകുളങ്ങളും ഉൾപ്പടെ 88 കുളങ്ങളും അടങ്ങുന്നതാണ് ഉപരിതല ജലശേഖരണ സംവിധാനം.

ഇതുവരെയുള്ള പഞ്ചായത്ത് പ്രസിഡണ്ടുമാർ :

നം	പേര്	വർഷം
1	കെ കെ കുഞ്ഞനന്തൻ നമ്പ്യാർ	1964-1979
2	ഐ ത്രിവിക്രമൻ നമ്പൂതിരി	1979-1984
3	കെ കെ കുഞ്ഞനന്തൻ നമ്പ്യാർ	1988-1995
4	ടി രുക്മിണി ടീച്ചർ	1995-2000
5	ടി ഒ നാരായണൻ	2000-2005
6	ബാലകൃഷ്ണൻ	2005-2010
7	എം പത്മാവതി	2010-2015
8	പി ബാലൻ	2015-2020
9	കെ കെ റിഷ്ന	2020-2022
10	എം വി അജിത	2022 present

പൊതുവിവരങ്ങൾ :

ജില്ല	കണ്ണൂർ
താലൂക്ക്	തളിപ്പറമ്പ്
വില്ലേജുകൾ -	കയരളം,മയ്യിൽ
ബ്ലോക്ക് പഞ്ചായത്ത്	ഇരിക്കൂർ
ലോക്സഭ മണ്ഡലം	കണ്ണൂർ
നിയമസഭ മണ്ഡലം	തളിപ്പറമ്പ്
ജില്ലപഞ്ചായത്ത് മണ്ഡലം	കണ്ണൂർ
ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം	മയ്യിൽ,കയരളം,കുറ്റ്യാട്ടൂർ
ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലം	18
അയൽസഭകൾ	100
വാർഡ് വികസന സമിതികൾ	18
നീർത്തടങ്ങൾ	7
ആകെ കുടുംബങ്ങൾ	8330
ജനസംഖ്യ	36658
പുരുഷൻ	18062
സ്ത്രീ	18596
പട്ടികജാതി കുടുംബങ്ങൾ	378
ആകെ പട്ടികജാതി ജനസംഖ്യ	1600
പുരുഷൻ	803
സ്ത്രീ	793
ബി പി എൽ	2393
സാക്ഷരത	100
ജനസംഖ്യാനുപാതം	1029
ആകെ അയൽക്കൂട്ടം അംഗങ്ങൾ	4565

മയ്യിൽ ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പ് വില്ലേജ്പഞ്ചായത്ത്പ്രസിഡണ്ടുമാർ:

കണ്ടക്കൈ	ശ്രീ എം എം കണ്ണൻ നമ്പ്യാർ
കയരളം	ശ്രീ എം കെ നാരായണൻ നമ്പ്യാർ
മയ്യിൽ	കെ കെ കുഞ്ഞനന്തൻ നമ്പ്യാർ

മയ്യിൽ ഒറ്റനോട്ടത്തിൽ

വിസ്തൃതി	33.06ചതുര ശ്ര മീറ്റർ	വളപട്ടണം പുഴ കി മീ 16	വീടുകൾ	8330
വാർഡുകൾ	18		ജനസംഖ്യ	36856
ബ്ലോക്ക് ഡിവിഷൻ	3		സ്കൂൾ	16
ജില്ലാ ഡിവിഷൻ	1		അങ്കണവാടി	29
നിയോജക മണ്ഡലം	തളിപ്പറമ്പ്		ഗ്രന്ഥശാലകൾ	35
ലോകസഭ	കണ്ണൂർ		പാടശേഖര സമിതികൾ	26

അദ്ധ്യായം 2
ജനസംഖ്യ -വീട് -കുടുംബം


ജനസംഖ്യ:

വിവര സഞ്ചയിക സർവെ പ്രകാരം മയ്യിൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ 36658 ആണ്.അതിൽ 18062 പേർ പുരുഷന്മാരും 18596 പേർ സ്ത്രീകളുമാണ്.വാർഡ് 12 ചെറുപഴശ്ശിയിൽ ആണ് ഏറ്റവും കൂടുതൽ ജനസംഖ്യ.ചെറുപഴശ്ശിയിലെ ജനസംഖ്യ 3112 ആണ്.ഇതിൽ 1609 സ്ത്രീകളും 1503 പുരുഷന്മാരും ആണ്.ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള വാർഡ് ഒറപ്പടി(ഒന്നാം വാർഡ്) ആണ്.1239 സ്ത്രീകളും 1201 പുരുഷന്മാരും ഉൾപ്പെടെ ആകെ 2440 പേരാണ് ഉള്ളത്.ഏറ്റവും കുറവ് ജനസംഖ്യ വേളം വാർഡിൽ ആണ്.742 പുരുഷന്മാരും 756 സ്ത്രീകളും ഉൾപ്പെടെ 1498 പേരാണ് വേളത്തുള്ളത്.ഓരോ വാർഡിലെയും ജനസംഖ്യ സ്ത്രീ-പുരുഷ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യ ലിംഗം അനുസരിച്ച് :

വാർഡ് നമ്പർ	വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	ഒറപ്പടി	1201	1239	2440
2	കണ്ടക്കൈ	826	858	1619
3	കോട്ടയാട്	897	905	1802
4	ഇരുവാപ്പുഴനമ്പ്രം	973	1000	1973
5	പെരുവങ്ങൂർ	749	870	1619
6	വേളം	742	756	1498
7	മയ്യിൽ	932	922	1854
8	വള്ളിയോട്ട്	1060	1072	2132
9	തായംപൊയിൽ	1128	1141	2269
10	നിരന്തോട്	1032	1094	2126
11	അരയിടത്ത്ചിറ	1203	1223	2426
12	ചെറുപഴശ്ശി	1503	1609	3112
13	പെരുമാച്ചേരി	1062	1084	2146
14	മേച്ചേരി	887	884	1771
15	കയരളം	930	944	1874
16	നണിയൂർനമ്പ്രം	1022	1063	2085
17	അരിമ്പ്ര	935	923	1858
18	മുല്ലക്കൊടി	980	1009	1989
ആകെ		18062	18596	36658

ജനസംഖ്യ ലിംഗാടിസ്ഥാനത്തിൽ		
പുരുഷൻ	സ്ത്രീ	ആകെ
18062	18596	36658



മയ്യിൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ 36658 ആണ്.അതിൽ **49.27% പുരുഷന്മാരും 50.73% സ്ത്രീകളും** ആണ്.കേരളത്തിന്റെ പൊതുസ്ഥിതി അനുസരിച്ച് പുരുഷന്മാരെക്കാൾ കൂടുതലാണ് സ്ത്രീകളുടെ എണ്ണം.മയ്യിൽ പഞ്ചായത്തിലും ഇതേ അവസ്ഥ തന്നെയാണ് കാണാൻ സാധിക്കുന്നത്.മയ്യിൽ പഞ്ചായത്തിലെ സ്ത്രീപുരുഷാനുപാതം 1000 ന് 1030 ആണ്.

ജനസംഖ്യ സ്ഥിരതാമസക്കാരുടെ അടിസ്ഥാനത്തിൽ :


36658ൽ 32169 പേരാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിരതാമസക്കാർ. അതിൽ 14636 പേർ പുരുഷന്മാരും 17533 പേർ സ്ത്രീകളുമാണ്.4489 പേർ മയ്യിൽ പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് താമസിക്കുന്നു.ആകെ ജനസംഖ്യയുടെ 12% പഞ്ചായത്തിന് വെളിയിൽ തമാസിക്കുന്നവരാണ്. അവരിൽ 624 പേർ കേരളത്തിനകത്ത് തന്നെ വിവിധ സ്ഥലങ്ങളിലായി താമസിക്കുന്നു.1097 പേർ ഇന്ത്യക്ക് അകത്ത് എന്നാൽ കേരളത്തിന് വെളിയിൽ താമസിക്കുന്നവരാണ്. ബാക്കി വരുന്ന 2768 പേർ ഇന്ത്യക്ക് വെളിയിൽ പല വിദേശ രാജ്യങ്ങളിലായി താമസിക്കുന്നവരാണ്.വെളിയിൽ താമസിക്കുന്നവരിൽ 61.66 % പേർ വിദേശ രാജ്യങ്ങളിലാണ്.

വാർഡ് നമ്പർ	വാർഡ്	ജനസംഖ്യ		
		പുരുഷൻ	സ്ത്രീ	ആകെ
1	ഒറപ്പടി	1,046	1,212	2,258
2	കണ്ടക്കൈ	668	816	1,484
3	കോട്ടയാട്	748	851	1,599
4	ഇരുവാപ്പുഴ നമ്പ്രം	824	954	1,778
5	പെരുവങ്ങൂർ	636	842	1,478
6	വേളം	597	671	1,268
7	മയ്യിൽ	731	852	1,583
8	വള്ളിയോട്ട്	827	979	1,806
9	തായംപൊയിൽ	918	1,084	2,002
10	നിരന്തോട്	855	1,041	1,896
11	അരയിടത്ത് ചിറ	982	1,169	2,151
12	ചെറുപഴശ്ശി	1,147	1,536	2,683
13	പെരുമാച്ചേരി	892	1,048	1,940
14	മേച്ചേരി	729	822	1,551
15	കയരളം	750	872	1,622
16	നണിയൂർ നമ്പ്രം	802	1,004	1,806
17	അരിമ്പ്ര	775	863	1,638
18	മുല്ലക്കൊടി	709	917	1,626
ആകെ		**14,636**	**17,533**	**32,169**

ജനസംഖ്യ 2011 -2023 താരതമ്യം:

2024 ജനുവരിയിൽ നടത്തിയ വിവര സഞ്ചയിക സർവെ പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 36,658 ആണ്.അതിൽ 18,062 പേർ പുരുഷന്മാരും 18596 പേർ സ്ത്രീകളും ആണ്.പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 31,223 ആയിരുന്നു.ഇതിൽ 15,430 പേർ പുരുഷന്മാരും 15,793 പേർ സ്ത്രീകളും ആയിരുന്നു.അതായത് 49% പുരുഷന്മാരും 51% സ്ത്രീകളും ആണ്. ജനസംഖ്യാനുപാതം 1029 ഉം ജനസാന്ദ്രത 762 ഉം ആയിരുന്നു.നിലവിലത്തെ സർവെ പ്രകാരം പുരുഷന്മാരുടെ ജനസംഖ്യ 49.27% വും സ്ത്രീകളുടെ ജനസംഖ്യ 50.73% വും ആണ്.അതായത് ആകെ ജനസംഖ്യയിൽ സ്ത്രീകളുടെ ശതമാനത്തിൽ നേരിയ കുറവ് സംഭവിച്ചിട്ടുണ്ട്.മയ്യിൽ പഞ്ചായത്തിലെ ജനസംഖ്യ വർദ്ധനവ് നിരക്ക് വർഷത്തിൽ 1.45% ആണ്.

വർഷം	ആകെ ജനസംഖ്യ	പുരുഷൻമാർ	%	സ്ത്രീകൾ	%
2011	31223	15430	49	15793	51
2023	36658	18062	49.27	18596	50.73



പഞ്ചായത്ത് പരിധിയിലെ സ്ഥിരതാമസക്കാരുടെ ജനസംഖ്യ മതം അനുസരിച്ച്

വാർഡ് നമ്പർ	ഹിന്ദു	മുസ്ലിം	ക്രിസ്ത്യൻ	മറ്റ മതങ്ങൾ	വെളിപ്പെടുത്താൻ ആഗ്രഹമില്ല	ആകെ
1	1,238	1,010	7	1	2	2,258
2	865	618			1	1,484
3	1,251	345	3			1,599
4	888	877	12		1	1,778
5	693	784	1			1,478

6	1,189	74	1	4		1,268
7	1,105	462	13	1	2	1,583
8	1,215	589	1		1	1,806
9	1,261	738	2		1	2,002
10	950	939	6		1	1,896
11	1,000	1,146	4		1	2,151
12	929	1,753				2,683
13	1,364	569	6		1	1,940
14	1,321	216	5	8	1	1,551
15	1,116	506				1,622
16	1,185	612	2		7	1,806
17	1,066	567	5			1,638
18	992	627	6		1	1,626
ആകെ	**19,628**	**12,432**	**74**	**14**	**15**	**32,169**

ജനസംഖ്യ 36658 ആണെങ്കിലും പഞ്ചായത്തിലെ സ്ഥിരം താമസക്കാരുടെ ജനസംഖ്യ എന്നു പറയുന്നത് 32169 ആണ്.61 % പേർ ഹിന്ദു വിഭാഗത്തിൽ പെടുമ്പോൾ 39% പേർ മുസ്ലിം വിഭാഗത്തിലും പെടുന്നവരാണ്.32169 പേരിൽ 19628 പേരും ഹിന്ദു വിഭാഗത്തിൽപ്പെടുന്നു.12432 പേര് മുസ്ലിം വിഭാഗത്തിൽ പെടുന്നവരാണെങ്കിൽ 74 പേർ ക്രിസ്ത്യൻസ് വിഭാഗത്തിലും പെടുന്നു.ഏറ്റവും കൂടുതൽ ഹിന്ദുക്കൾ താമസിക്കുന്നത് വാർഡ് 13 പെരുമാച്ചേരിയിൽ ആണ്.1364 പേരാണ് അവിടെയുള്ളത്. രണ്ടാമത് വരുന്നത് വാർഡ് 14 മേച്ചേരി ആണ്.1321 ആണ് അവിടുത്തെ ഹിന്ദു ജനസംഖ്യ.ഏറ്റവും കൂടുതൽ മുസ്ലിം മതസ്ഥർ താമസിക്കുന്നത് വാർഡ് 12 ചെറുപഴശ്ശിയിൽ ആണ്.1753 പേർ ആണ് ആ വിഭാഗത്തിൽപ്പെടുന്നത്.

ജനസംഖ്യ വയസ്സ് അടിസ്ഥാനത്തിൽ :

വാർഡ്	പൂർത്തിയായ വയസ്സ് (01-11-2023 ൽ)												
	0-1	1 to 3	4-10	11-18	19-25	26-31	32-40	41-50	51-60	61-70	71-80	81-90	90 Above
1	30	56	232	287	220	156	287	327	284	211	121	41	6
2	16	35	167	215	109	110	186	205	178	145	85	27	6
3	9	31	156	213	149	98	189	247	197	176	94	33	7
4	24	52	189	271	171	132	228	269	176	157	78	28	3
5	10	49	197	200	142	116	165	223	156	124	71	23	2
6	4	33	112	145	102	73	144	198	180	160	80	33	4

7	21	28	142	198	168	111	183	228	202	164	103	29	6
8	17	44	211	207	183	135	202	250	206	206	101	39	5
9	14	47	216	299	200	136	224	290	233	194	105	36	8
10	22	64	231	255	210	153	210	253	184	176	101	32	5
11	23	74	256	311	220	180	246	270	258	187	96	21	9
12	34	91	407	371	292	189	314	363	252	207	110	50	3
13	21	42	181	263	209	156	208	297	245	184	89	35	10
14	17	29	130	173	144	89	177	257	207	187	110	27	4
15	5	33	152	242	144	100	189	274	193	159	88	34	9
16	21	40	146	240	177	135	206	278	251	196	79	34	3
17	15	40	125	212	174	121	159	255	250	164	88	31	4
18	13	31	180	198	155	98	153	231	225	178	124	33	7
ആകെ	**316**	**819**	**3430**	**4300**	**3169**	**2288**	**3670**	**4715**	**3877**	**3175**	**1723**	**586**	**101**

മയ്യിൽ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ വയസ്സ് അടിസ്ഥാനത്തിൽ നോക്കുമ്പോൾ 18 വയസ്സിൽ താഴെയുള്ളവർ 8865 പേർ ആണുള്ളത്.ആകെ ജനസംഖ്യയുടെ **27.56% പേർ 18 വയസ്സിൽ താഴെയുള്ളവർ** ആണ്.18 മുതൽ 25 വരെയുള്ളവർ 3169 പേരും ആണ്.9127 പേർ 18 നും 40 ഇടയിൽ പ്രായം ഉള്ളവർ ആണ്.അതായത് **28.37% പേർ 18 നും 40 നും** ഇടയിൽ പ്രായമുള്ളവരാണ്.8592 പേർ 40 നും 60 നും പ്രായമുള്ളവരാണ്,**26.71% പേർ 40 നും 60 നും** ഇടയിലുള്ളവരാണ്.60 നും 100 നും ഇടയിലുള്ളവർ 5585 ആണ്.അതായത് **17.36% പേർ 60 നും 100 നും ഇടയിൽ** വരുന്നുണ്ട്.90 വയസ്സിന് മുകളിലുള്ള 101 പേർനമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇത് ആകെ ജനസംഖ്യയുടെ 0.31% ആണ്.

ലിംഗം	അവിവാഹിതൻ/ അവിവാഹിത	ബന്ധം വേർപ്പെടുത്താതെ അകന്ന്	നിയമപരമായി ബന്ധം വേർപ്പെടുത്തി	ലിവിംഗ് റ്റുഗതർ (സഹജീവനം)	വിധവ/ വിഭാര്യൻ	വിവാഹിതൻ/ വിവാഹിത	ബാധകമല്ല	ആകെ
പുരുഷൻ	2,817	28	48	1	133	7045	4564	**14,636**
സ്ത്രീ	1,591	58	66	1	2,424	9278	4115	**17,533**
ആകെ	**4,408**	**86**	**114**	**2**	**2557**	**16323**	**8679**	**32169**

പഞ്ചായത്ത് പരിധിയിലെ ജനസംഖ്യ വിവാഹാടിസ്ഥാനത്തിൽ

ആകെ സ്ഥിരതാമസക്കാരായ 32169 പേരിൽ 16323 പേർ വിവാഹിതരാണ്.അതിൽ 7045 പേർ പുരുഷന്മാരും 9278 പേർ സ്ത്രീകളുമാണ്.21 വയസ്സു കഴിഞ്ഞ അവിവാഹിതരായ യുവാക്കൾ 2817 പേരും 1591 പേർ യുവതികളുമാണ്.നിയമപരമായി ബന്ധം വേർപ്പെടുത്തിയ 114 പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.നിയമപരമായി ബന്ധം വേർപ്പെടുത്താതെ അകന്നു കഴിയുന്ന 86 പേരും ഭാര്യയോ ഭർത്താവോ നഷ്ടപ്പെട്ട 2557 പേരും നമ്മുടെ പഞ്ചായത്തിലുണ്ട്.4564 പേർ 21 വയസ്സിൽ താഴെയുള്ള വിവാഹ പ്രായം എത്താത്ത ആൺകുട്ടികൾ ആകുമ്പോൾ 4115 പേർ 18 വയസ്സിൽ താഴെയുള്ള വിവാഹപ്രായമെത്താത്ത പെൺ-കുട്ടികൾ ആണ്.


അതേ സമയം നമ്മുടെ പഞ്ചായത്തിൽ വിഭാര്യൻ ആയിട്ടുള്ള 133 പേരാണുള്ളത്. എന്നാൽ 2424 വിധവകൾ ഉണ്ട്.ഇതിൽ നിന്നും മനസ്സിലാകുന്നത് സ്ത്രീകളുടെ മരണ നിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്.അതുമാത്രമല്ല സ്ത്രീകൾ പുനർവിവാഹം ചെയ്യുന്നത് വളരെ കുറവായിട്ടാണ് കാണപ്പെടുന്നത്.

കുടുംബം :

ആകെ 8330 കുടുംബങ്ങളാണ് മയ്യിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്നത്.അതിൽ ഏറ്റവും കൂടുതൽ ചെറുപഴശ്ശി വാർഡിൽ ആണ്.606 കുടുംബങ്ങൾ ആണ് ഇവിടെയുള്ളത്.വാർഡ് ഒന്ന് ഒറപ്പടിയിൽ 528 കുടുംബങ്ങളുണ്ട്.378 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും ഉൾപ്പെടുന്നു. 4788 കുടുംബങ്ങൾ മറ്റു പിന്നോക്ക വിഭാഗങ്ങളിലും 3164 കുടുംബങ്ങൾ ജനറൽ വിഭാഗത്തിൽ പെടുന്നു.

മയ്യിൽ പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ആകെ കുടുംബങ്ങൾ വിഭാഗങ്ങൾ തിരിച്ച് :

പട്ടികജാതി %	മറ്റുപിന്നോക്ക വിഭാഗം%	മറ്റുള്ളവർ %
5	57	38



കുടുംബങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

വാർഡ്	പട്ടികജാതി	മറ്റ പിന്നോക്ക വിഭാഗം	മറ്റുള്ളവർ	ആകെ
1	118	358	52	528
2	9	284	114	407
3	15	185	237	437
4	22	369	44	435
5	12	191	154	357
6	3	125	248	376
7	11	281	154	446
8	7	289	174	470
9	6	319	186	511
10	31	324	99	454

11	13	239	261	513
12	9	312	285	606
13	1	437	73	511
14	25	303	132	460
15	8	369	61	438
16	32	293	182	507
17	35	325	76	436
18	21	72	345	438
ആകെ	378	4,788	3,164	8,330


ആകെ കുടുംബങ്ങളിൽ 5% കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും 57% മറ്റ് പിന്നോക്ക വിഭാഗങ്ങളിലും 38% കുടുംബങ്ങൾ മറ്റുള്ളവരിലും ഉൾപ്പെടുന്നു.

കുടുംബം റേഷൻ കാർഡിന്റെ തരം അനുസരിച്ച് :

വാർഡ് നമ്പർ	നീല	പിങ്ക്	മഞ്ഞ	വെള്ള	റേഷൻ കാർഡ് ഇല്ല	ആകെ
1	141	236	22	117	12	528
2	111	122	21	139	14	407
3	132	93	15	173	24	437
4	125	153	6	132	19	435
5	109	106	12	107	23	357
6	109	42	11	193	21	376
7	120	70	10	209	37	446
8	129	110	28	177	26	470
9	157	103	18	209	24	511
10	133	142	11	152	16	454
11	195	131	12	162	13	513
12	238	110	13	205	40	606

13	158	125	23	179	25	511
14	119	124	25	179	13	460
15	154	97	15	155	17	438
16	181	171	3	131	21	507
17	188	109	6	120	13	436
18	190	89	9	143	7	438
ആകെ	2,689	2,133	260	2,883	365	8,330

റേഷൻ കാർഡ്			
നീല	പിങ്ക്	മഞ്ഞ	വെള്ള
2,689	2,133	260	2,883



റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ 8330 കുടുംബങ്ങളിൽ 2883 കുടുംബങ്ങൾ മുൻഗണനാ വിഭാഗത്തിൽ പെടുന്നു.അതായത് 2883 കുടുംബങ്ങൾ വെള്ളകാർഡ് ഗണത്തിലും തൊട്ട് താഴെ 2689 കുടുംബങ്ങൾ നീലകാർഡ് ഗണത്തിലും 2133 കുടുംബങ്ങൾ പിങ്ക്കാർഡ് വിഭാഗത്തിലും 260 കുടുംബങ്ങൾ മഞ്ഞകാർഡ് ഗണത്തിലും പെടുന്നു.365 കുടുംബങ്ങൾ നിലവിൽ സ്വന്തമായി റേഷൻ കാർഡ് ഇല്ലാത്തവരാണ്.എന്നാൽ റേഷൻ കാർഡിൽ അംഗങ്ങളാണ്.


പാർപ്പിട ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തരം വാർഡ് അനുസരിച്ച് :

വാർഡ് നമ്പർ	ആകെകെട്ടിടങ്ങൾ	ആകെ കുടുംബങ്ങൾ	ഒരുനില വീട്	ഒറ്റമുറി വീട്	കാർട്ടേർസ് സമുച്ചയത്തിൽ ഉൾപ്പെടുന്ന വീട്	രണ്ടിൽകൂടുതൽ നിലകളുള്ള വീട്	രണ്ടുനില വീട്	ഒഴിഞ്ഞ കെട്ടിടങ്ങൾ
1	569	528	246	5			277	41
2	452	407	211	1	4		191	45
3	480	437	204	12			221	43
4	502	435	204	4	16		211	67
5	382	357	145		5		207	25
6	465	376	105	2	3		266	89
7	496	446	160	1	19		266	50
8	589	470	232	6	1		231	119
9	581	511	223	4	3		281	70
10	507	454	224	2			228	53
11	618	513	251	5			257	105
12	656	606	352	1			253	50
13	566	511	227	4	2	2	276	55
14	501	460	205	4	3		248	41
15	492	438	160	6	1		271	54
16	602	507	246	5	6		250	95
17	490	436	170	8	2		256	54
18	498	438	145				293	60
ആകെ	**9446**	**8,330**	**3,71**	**70**	**65**	**2**	**4,483**	**1116**

പാർപ്പിടം എന്നത് ഏതൊരു വ്യക്തിയുടെയും ഏറ്റവും അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ്.മയ്യിൽ പഞ്ചായത്തിലെ ആകെ വീടുകൾ എടുക്കുമ്പോൾ ഭൂരിഭാഗവും ഏറ്റവും നല്ലതും അടച്ചുറപ്പുള്ളവയുമാണ്.ദരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ലൈഫ് മിഷന്റെ ഭാഗമായുള്ള വീടുകൾ നല്കി വരുന്നു.ഇതിനോടകം ഒരുപാട് വീടുകൾഅനുവദിച്ച് നൽകാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.മയ്യിൽ ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരായ ആകെ കുടുംബങ്ങൾ 8330 ആണ്.8330 കുടുംബങ്ങളിൽ 3710 കുടുംബങ്ങൾ ഒരുനില വീടുള്ളവരാണ്.4483 കുടുംബങ്ങൾ ഇരുനില വീടുള്ളവരാണ്.65 കുടുംബങ്ങളുടെ വീട് കാർട്ടേർസ് സമുച്ചയത്തിൽ ഉൾപ്പെടുന്ന വീടുകളും ആണ്.70 കുടുംബങ്ങൾ ഒറ്റമുറി വീട്ടിൽ താമസിക്കുന്നവരാണ്.2 കുടുംബങ്ങൾ രണ്ടിൽ കൂടുതൽ നിലകളുള്ള വീടുകളിലും താമസിക്കുന്നവരാണ്.

വീട് തറയുടെ തരം അനുസരിച്ച്:

വാർഡ്	ഗ്രാനൈറ്റ്	ടൈൽസ്	മണ്ണ്/ചാണകം	മാർബിൾ	മൊസൈക്ക്	സിമന്റ്/കാവി	ആകെ
1	9	288	8	51	0	172	528
2	6	233	8	34	1	125	407
3	9	263	7	28	2	128	437
4	35	214	9	44	1	132	435
5	22	191	6	59	1	78	357
6	38	215	0	57	7	59	376
7	19	256	2	59	2	108	446
8	13	253	6	58	2	138	470
9	8	310	4	64	5	120	511
10	19	259	3	36	1	136	454
11	8	293	7	85	1	119	513
12	17	308	24	92	0	165	606
13	43	261	4	81	0	122	511
14	12	265	8	45	0	130	460
15	15	262	7	44	3	107	438
16	1	333	12	54	1	106	507
17	29	236	7	56	1	107	436
18	29	211	3	73	2	120	438
ആകെ	332	4,651	125	1,020	30	2,172	8,330



ആകെ വീടുകളിൽ 4651 വീടുകളും ടൈൽസ് പാകിയ വീടുകളാണ്.2112 വീടുകൾ സിമന്റോ കാവിയോ ഇട്ടതാണ്.1020 വീടുകൾ മാർബിൾ പാകിയതും 332 വീടുകൾ ഗ്രാനൈറ്റ് പാകിയതും ആകുന്നു.30 വീടുകൾ മൊസൈക് ഇട്ടതാണെങ്കിൽ 125 വീടുകൾ ചാണകം മെഴുകിയവയാണ്.ഏറ്റവും കൂടുതൽ ടൈൽസ് ഇട്ട വീടുകൾ പതിനാറാം വാർഡ് നണിയൂർ നമ്പ്രത്താണ് തൊട്ട് താഴെ ചെറുപഴശ്ശി വാർഡിലും ആണ്.

വീട് ചുമറിന്റെ തരം അനുസരിച്ച് :

വാർഡ് നമ്പർ	ഇഷ്ടിക	മൺക്കട്ട	വെട്ടുകല്ല്	സിമന്റ്കട്ട/ ഹോളോബ്രിക്സ്	ആകെ
1	1	29	496	2	528
2		40	364	3	407
3	2	37	397	1	437
4	1	39	395	0	435
5		14	343	0	357
6	2	11	363	0	376
7		30	416	0	446
8		46	423	1	470
9	1	36	473	1	511
10		39	414	1	454
11	2	42	468	1	513
12	2	83	519	2	606
13	1	57	453	0	511
14	2	41	414	3	460
15	1	28	409	0	438
16	2	8	497	0	507
17		19	417	0	436
18		23	415	0	438
ആകെ	**17**	**622**	**7,676**	**15**	**8,330**

8330 വീടുകളിൽ 7676 വീടുകളും വെട്ടുകല്ലുകൊണ്ട് നിർമിച്ച വീടുകളാണ്.17 വീടുകൾ ഇഷ്ടിക ഉപയോഗിച്ച് നിർമിച്ചവയും 15 വീടുകൾ സിമന്റ് കട്ട/ഹോളോ ബ്രിക്സ് കൊണ്ട് നിർമ്മിച്ചവയും ആണ്.622 വീടുകൾ ഇപ്പോഴും മൺ-കട്ട ഉപയോഗിച്ച് നിർമിച്ച പഴയ വീടുകളാണ്. പഞ്ചായത്തിലെ 7708 വരുന്ന വീടുകൾ നിലവിൽ നല്ലതും അടച്ചുറപ്പുള്ളവയുമാണ്.

വീട് മേൽക്കൂരയുടെ തരം അനുസരിച്ച് :

വാർഡ്	അലുമിനിയം ഷീറ്റ്/ ജിഐ ഷീറ്റ്	ആസ് ബസ്റ്റോസ് ഷീറ്റ്	ഓട്	ഓല/ പനമ്പ്/ പുല്ല്	കോൺ ക്രീറ്റ്	പ്ലാസ്റ്റിക് ഷീറ്റ്	ആകെ
1	2		77		449		528
2			73		334		407
3		2	86	1	347	1	437
4			85		350		435
5	6	1	46		303	1	357
6			40		335	1	376
7			61		385		446
8	1	1	80		388		470
9	1		83		427		511
10	2	1	57	1	392	1	454
11		1	66		444	2	513
12	1		99		506		606
13		2	76		433		511
14	2	1	81		376		460
15	2	1	49		386		438
16	1		51		455		507
17	4		65		366	1	436
18	1		65		371	1	438
ആകെ	23	10	1,240	2	7,047	8	8,330

മയ്യിൽ ഗ്രാമപഞ്ചായത്തിലുള്ള ആകെ 8330 കുടുംബങ്ങളിൽ 7047 കുടുംബങ്ങൾക്കും കോൺക്രീറ്റ് വീടുകളുണ്ട്. ബാക്കിവരുന്ന വീടുകളിൽ 1240 വീടുകൾ ഓടിട്ടതും 23 കുടുംബങ്ങൾ അലുമിനിയം ഷീറ്റ് ഇട്ടവയും ആണ്.പ്ലാസ്റ്റിക് ഷീറ്റ് ഇട്ട വീടുകളും ഓലയോ/പനംപുല്ലോ മേഞ്ഞ 2 വീടുകളും നമ്മുടെ പഞ്ചായത്തിൽ വരുന്നു.

വീടിന്റെ തറ വിസ്തീർണ്ണം :

വാർഡ്	0-499 സ്ക്വയർ മീറ്റർ	500-999 സ്ക്വയർ മീറ്റർ	1000-1499 സ്ക്വയർ മീറ്റർ	1500-1999 സ്ക്വയർ മീറ്റർ	2000 സ്ക്വയർ മീറ്ററിന് മുകളിൽ	ആകെ
1	528	0	0	0	0	528
2	404	0	1	0	2	407
3	435	1	1	0	0	437
4	420	14	0	0	1	435
5	353	3	1	0	0	357
6	373	1	1	0	1	376
7	446	0	0	0	0	446
8	470	0	0	0	0	470
9	511	0	0	0	0	511
10	453	0	0	0	1	455
11	512	0	0	0	1	512
12	604	0	0	1	1	606
13	507	3	0	0	1	511
14	460	0	0	0	0	460
15	436	0	0	0	2	438
16	505	2	0	0	0	507
17	434	1	1	0	0	436
18	434	4	0	0	0	438
ആകെ	8285	29	5	1	10	8330

നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വാർഡിലെയും കണക്കെടുക്കുമ്പോൾ 8285 വീടുകളും 499 സ്ക്വയർ മീറ്ററിനുള്ളിൽ വരുന്ന വീടുകളാണ്.45 വീടുകൾ അതിനു മുകളിൽ വരുന്നവയാണ്.500 മുതൽ 999 സ്ക്വയർ മീറ്ററിനുള്ളിൽ വരുന്ന 29 വീടുകളും പഞ്ചായത്തിൽ വരുന്നു.1000 മുതൽ 1499 സ്ക്വയർ മീറ്ററിനുള്ളിൽ വരുന്ന 5 വീടുകൾ,1500 മുതൽ 1999 സ്ക്വയർ മീറ്റർ വരെയുള്ള ഒരു വീട്,അതുപോലെ 2000 സ്ക്വയർ മീറ്ററിന് മുകളിൽ വരുന്ന 10 വീടുകളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

വാഹന സൗകര്യം :

വാർഡ്	കുടുംബങ്ങളുടെ എണ്ണം	റോഡ് സൌകര്യങ്ങൾ			
		നാല് ചക്ര വാഹന സൗകര്യമുള്ള റോഡ്	ഇരുചക്ര വാഹന സൗകര്യമുള്ള റോഡ്	വീതി കുറഞ്ഞ വഴി	വഴിയില്ലാത്തതിനാൽ അയൽക്കാരുടെ സ്ഥലത്തുകൂടി
1	528	360	26	63	79
2	407	318	4	55	30
3	437	318	24	22	70
4	435	350	7	44	34
5	357	310	8	10	27
6	376	345	2	23	4
7	446	373	9	41	20
8	470	366	5	36	63
9	511	404	29	39	36
10	454	343	5	69	35
11	513	387	39	37	46
12	606	429	67	57	52
13	511	393	2	##	7
14	460	331	17	51	59
15	438	359	24	17	38
16	507	327	65	63	41
17	436	319	16	52	43
18	438	324	7	30	77
ആകെ	8330	6356	356	709	761

നമ്മുടെ പഞ്ചായത്തിലെ ആകെ കുടുംബങ്ങൾ എടുക്കുമ്പോൾ 6356 കുടുംബങ്ങൾക്കും നാല്ചക്രവാഹന സൗകര്യമുള്ള റോഡുകൾ ഉണ്ട്.356 കുടുംബങ്ങൾക്ക് ഇരുചക്രവാഹന സൗകര്യമുള്ള റോഡുകളും ഉണ്ട്.709 കുടുംബങ്ങൾക്ക് വീതി കുറഞ്ഞ വഴിയുള്ളപ്പോൾ 761 കുടുംബങ്ങൾ വഴിയില്ലാത്തതിനാൽ അയൽക്കാരുടെ സ്ഥലത്ത് കൂടി പോകുന്നവരുമാണ്.


വഴി/റോഡ് സൗകര്യം :

വാർഡ് നമ്പർ	പിഡബ്ല്യുഡി റോഡ്	മറ്റു ഗ്രാമീണ റോഡ്	സ്വകാര്യ റോഡ്	ആകെ
1	178	289	61	528
2	98	253	56	407
3	94	265	78	437
4	83	200	152	435
5	66	229	62	357
6	64	223	89	376
7	114	182	150	446
8	73	282	115	470
9	61	370	80	511
10	41	326	87	454
11	76	312	125	513
12	136	294	176	606
13	90	295	126	511
14	59	317	84	460
15	17	416	5	438
16	36	456	15	507
17	50	318	68	436
18	56	340	42	438
ആകെ	1,392	5367	1,571	8,330

നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകൾക്കും ആവശ്യമായ റോഡ് സൗകര്യം ഉണ്ട്.5367 കുടുംബങ്ങൾക്കും പഞ്ചായത്ത് ഗ്രാമീണ റോഡുകൾ ഉണ്ട്.മിക്കതും ടാറിട്ടവയും എന്നാൽ ചുരുക്കം ചിലത് പൊട്ടിപ്പൊളിഞ്ഞതുമാണ്.വരും വർഷങ്ങളിൽ പൊതുമരാമത്ത് മേഖലയ്ക്ക് കൂടുതൽ ഊന്നൽ നല്കി റോഡുഗതാഗതം വളരെ നല്ല രീതിയിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.1392 വീടുകൾക്കും പിഡബ്ല്യുഡി റോഡ് സൗകര്യം ഉണ്ട്.എന്നാൽ പഞ്ചായത്തിലെ 1571 കുടുംബങ്ങൾക്ക് പബ്ലിക് റോഡുഗതാഗത സൗകര്യം കുറവാണ്.ആയതിനാൽ സ്വകാര്യ റോഡുകളെ ആശ്രയിക്കേണ്ടി വരുന്നു.

ഗാർഹിക സൗകര്യങ്ങൾ -വൈദ്യുതി ,പാചക വാതകം

വാർഡ് നമ്പർ	ഗ്യാസ് ഇല്ല	ഗ്യാസ് ഉണ്ട്	വൈദ്യുതി ഉണ്ട്	ആകെ
1	44	484	528	528
2	22	385	407	407
3	16	421	437	437
4	18	417	435	435
5	23	334	357	357
6	13	363	376	376
7	22	424	446	446
8	31	439	470	470
9	25	486	511	511
10	28	426	454	454
11	24	489	513	513
12	29	577	606	606
13	22	489	511	511
14	28	432	460	460
15	18	420	438	438
16	23	484	507	507
17	16	420	436	436
18	18	420	438	438
ആകെ	420	7,910	8,330	8,330



വൈദ്യുതി -100%

ഗ്യാസ് -94.96%

വൈദ്യുതിയുടെയും പാചകവാതകത്തിന്റെയും കണക്കെടുക്കുമ്പോൾ 8330 കുടുംബങ്ങളിൽ 8330 കുടുംബങ്ങൾക്കും വൈദ്യുതിയുണ്ട്.പാചക വാതകത്തിന്റെ കാര്യം എടുക്കുമ്പോൾ 7910 കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നു.എന്നാൽ 420 കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നില്ല. ഏറ്റവും കൂടുതൽ ഉപയോഗിക്കാത്തത് ഒന്നാം വാർഡിൽ ആണ്. 44 കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നില്ല.എട്ടാം വാർഡ് വള്ളിയോട്ട് 31 കുടുംബങ്ങളും പാചകവാതകം ഉപയോഗിക്കാത്തവരാണ്.

അദ്ധ്യായം 3

പട്ടികജാതി -പട്ടികവർഗ്ഗം

പട്ടികജാതി :

മയ്യിൽ ഗ്രാമപഞ്ചായത്തിൽ 6 പട്ടികജാതി ഉന്നതികളാണുള്ളത്. കോറളായി, പാലക്കുന്ന്, മുല്ലക്കൊടി,നണിയൂർനമ്പറം,കയരളം,നിരന്തോട് എന്നീ ഉന്നതികൾ ആണവ.ഈ ഉന്നതികളിൽ പുലയൻ,മലയൻ,വണ്ണാൻ,വള്ളുവൻ,പള്ളുവൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട പട്ടികജാതി കുടുംബങ്ങൾ ജീവിച്ചുവരുന്നു.പഞ്ചായത്തിന്റെ 18 വാർഡുകളിലും പട്ടികജാതി കുടുംബങ്ങൾ വസിക്കുന്നുണ്ട്.എങ്കിലും മുകളിൽ പറഞ്ഞ ഉന്നതികളിലാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾ താമസിക്കുന്നത്.കൂടുതൽ കുടുംബങ്ങളും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണ്.

മുല്ലക്കൊടി,നണിയൂർനമ്പറം,കോറളായി എന്നീ ഉന്നതികളിലെ 3 പട്ടികജാതി ശ്മശാനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.നണിയൂർനമ്പറം,കോറളായി എന്നീ ഉന്നതികളിലെ ശ്മശാനങ്ങൾക്ക് നവീകരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. കോറളായി പൊതുശ്മശാനത്തിലേക്ക് ഗതാഗതമായ റോഡ് ഇല്ലാത്തത് അവിടുത്തുകാരെ സംബന്ധിച്ച് വളരെ ബുദ്ധിമുട്ട് ആയിരുന്നു.നിലവിൽ അവിടെ റോഡിന്റെ രൂപരേഖ തയ്യാറായിക്കഴിഞ്ഞു.വരുംവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് ടാർ ചെയ്യണമെന്ന ആവശ്യം ശക്തമാണ്.നണിയൂർ നമ്പ്രം പട്ടികജാതി ശ്മശാനത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 2022/2023 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുറ്റുമതിൽ പണി നടത്തിയിട്ടുണ്ട്.

2011 ലെ സെൻസസ് പ്രകാരം 1437 പേർ പട്ടികജാതിയിൽ ഉൾപ്പെട്ടവരാണ്.അതിൽ 740 പുരുഷന്മാരും 697 സ്ത്രീകളും ആണ്.പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചവത്സര പദ്ധതികളിൽ പരിഗണന നല്കുന്നു. അര നൂറ്റാണ്ട് കാലത്തെ വികസന പ്രവർത്തനങ്ങൾക്ക് ശേഷം ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യ-സാമ്പത്തിക ജീവിത നിലവാരം പൊതുജനങ്ങൾക്ക് ഒപ്പം എത്താൻ വളരെയധികം സഹായിച്ചിട്ടുണ്ട്.കഴിഞ്ഞ പദ്ധതികാലത്ത് പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും കാര്യക്ഷമത കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് പരിഹാരം കാണാനും സാധിച്ചു.വീടില്ലാത്തവർക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി വീടുപണി പൂർത്തിയാക്കാനും പഞ്ചായത്തിന് സാധിച്ചു.


കുടുംബം:

ഗ്രാമപഞ്ചായത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 378 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്ത് പരിധിയിൽ സ്ഥിരമായി താമസിക്കുന്നവരാണ്.378 കുടുംബങ്ങളിലുമായി 1600 പേര് ഈ വിഭാഗത്തിൽപ്പെടുന്നു. 1600 അംഗങ്ങളിൽ 803 പേർ പുരുഷന്മാരും 797 പേർ സ്ത്രീകളുമാണ്.

ആകെ പട്ടികജാതി കുടുംബങ്ങൾ വാർഡ് തിരിച്ച് :

സീ. ന.	വാർഡ്	എണ്ണം
1	ഒറപ്പടി	118
2	കണ്ടക്കൈ	9
3	കോട്ടയാട്	15
4	ഇരുവാപ്പുഴ നമ്പ്രം	22
5	പെരുവങ്ങൂർ	12
6	വേളം	3
7	മയ്യിൽ	11
8	വള്ളിയോട്ട്	7
9	തായംപൊയിൽ	6
10	നിരന്തോട്	31
11	അരയിടത്ത്ചിറ	13
12	ചെറുപഴശ്ശി	9
13	പെരുമാച്ചേരി	1
14	മേച്ചേരി	25
15	കയരളം	8
16	നണിയൂർനമ്പ്രം	32
17	അരിമ്പ്ര	35
18	മുല്ലക്കൊടി	21
ആകെ		**378**

ആകെ 378 കുടുംബങ്ങളാണ് പട്ടികജാതി വിഭാഗത്തിൽ സ്ഥിരതാമസക്കാരായി വരുന്നത്.എല്ലാ വാർഡുകളിലും പട്ടികജാതി കുടുംബങ്ങൾ ഉണ്ട്.ഏറ്റവും കൂടുതൽ പട്ടികജാതി കുടുംബങ്ങൾ വസിക്കുന്നത് ഒന്നാം വാർഡ് ഒറപ്പടിയിൽ ആണ്.അതായത് ആകെ **പട്ടികജാതി കുടുംബങ്ങളിൽ 31%** കുടുംബങ്ങളും **ഒറപ്പടിയിൽ** ആണ് വരുന്നത്.ഏറ്റവും കുറവ് കുടുംബങ്ങൾ ഉള്ളത് വാർഡ് 13 പെരുമാച്ചേരിയിൽ ആണ്.പെരുമാച്ചേരിയിൽ ആകെ ഒരു കുടുംബമാണുള്ളത്.**അരിമ്പ്ര-9.2%, നണിയൂർനമ്പ്രം-8.4%, നിരന്തോട്-8.2%, മേച്ചേരി-6.6%, ഇരുവാപ്പുഴ നമ്പ്രം-5.8%, മുല്ലക്കൊടി-5.5% കുടുംബങ്ങൾ വിവിധ വാർഡുകളിലായുണ്ട്.**



ജനസംഖ്യ:

മയ്യിൽ ഗ്രാമപഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗം കുടുംബങ്ങൾ താമസിക്കുന്നത് ഒന്നാം വാർഡ് ഒറപ്പടിയിൽ ആണ്.ആകെ 118 കുടുംബങ്ങളിലായി 267 പുരുഷന്മാരും 258 സ്ത്രീകളും കൂടി 525 പേർ പട്ടികജാതിവിഭാഗക്കാർ ആണ്.ആകെ പട്ടികജാതി ജനസംഖ്യയുടെ 32.8% ഒന്നാം വാർഡിൽ ആണ് ഉള്ളത്. അരിമ്പ്രയിൽ 81 പുരുഷന്മാരും 71 സ്ത്രീകളും കൂടി 152 പേർ ഈ വിഭാഗത്തിൽ പെടുന്നവരാണ്.ആകെ പട്ടികജാതി ജനസംഖ്യയുടെ 9.5% വാർഡ് 17 അരിമ്പ്രയിൽ ആണ്.നണിയൂർനമ്പ്രത്തും ഏകദേശം 72 പുരുഷന്മാരും 71 സ്ത്രീകളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.വാർഡ് 10 നിരന്തോടിലും 59 പുരുഷന്മാരും 72 സ്ത്രീകളും ഈ വിഭാഗത്തിൽപ്പെടുന്നു.മയ്യിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും പട്ടികജാതി കുടുംബങ്ങൾ വസിക്കുന്നുണ്ട്.


ആകെ പട്ടികജാതി ജനസംഖ്യ വാർഡ് അടിസ്ഥാനത്തിൽ

വാർഡ്	ആകെ
1	525
2	36
3	59
4	80
5	42
6	9
7	37
8	28
9	24
10	131
11	57
12	43
13	3
14	109
15	34
16	143
17	152
18	88
ആകെ	1600

ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗങ്ങൾ താമസിക്കുന്നത് ഒറപ്പടിയിൽ ആണ്.525 പേരാണ് ഒറപ്പടിയിൽ ഉള്ളത്.അരിമ്പ്രയിൽ 152 പേർ,നണിയൂർനമ്പ്രം 143 പേർ,നിരന്തോട് 131 പേർ, മേച്ചേരി 109 എന്നിങ്ങനെ ആണ് ജനസംഖ്യ വരുന്നത്.

പട്ടികജാതി ജനസംഖ്യ സ്ത്രീ-പുരുഷ അടിസ്ഥാനത്തിൽ :

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	267	258	525
2	17	19	36
3	30	29	59
4	42	38	80
5	19	23	42
6	5	4	9
7	19	18	37
8	12	16	28
9	9	15	24
10	59	72	131
11	35	22	57
12	23	20	43
13	2	1	3
14	54	55	109
15	18	16	34
16	72	71	143
17	81	71	152
18	44	44	88
ആകെ	**808**	**792**	**1600**




ആകെ പട്ടികജാതി ജനസംഖ്യ 1600 ആണ്.1600 പേരിൽ 808 പുരുഷന്മാർ ഉണ്ട്. അതായത് ആകെ പട്ടികജാതിക്കാരിൽ 50.5% പുരുഷന്മാർ ആണ്.അതുപോലെ 792 പേർ സ്ത്രീകളാണ് അത് ആകെ പട്ടികജാതി ജനസംഖ്യയുടെ 49.5% ആണ് വരുന്നത്.

കൈവശഭൂമി :

സാമൂഹികവിഭാഗം	തദ്ദേശ സ്വയംഭരണസ്ഥാപന പരിധിയിൽ കുടുംബത്തിന് സ്വന്തമായി ഉള്ള ഭൂമിയുടെ വിസ്തൃതി (സെന്റിൽ)	തദ്ദേശ സ്വയംഭരണസ്ഥാപന പരിധിക്ക് പുറത്ത് കുടുംബത്തിന് സ്വന്തമായി ഉള്ള ഭൂമിയുടെവിസ്തൃതി (സെന്റിൽ)	കുടുംബംപാട്ടത്തിനെടുത്ത ഭൂമിയുടെ വിസ്തൃതി (സെന്റിൽ)
മറ്റു പിന്നോക്ക വിഭാഗം	234361.422	19972.25	16771.5
പട്ടികജാതി	4738.3	881.5	2329

378 കുടുംബങ്ങൾക്കായി ആകെ 4738.3 സെന്റ് ഭൂമിയാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്.881.5 സെന്റ് ഭൂമി മയ്യിൽ പഞ്ചായത്തിന് വെളിയിൽ മറ്റ് സ്ഥലങ്ങളിലായി വിവിധ കുടുംബങ്ങൾ കൈവശം ഉണ്ട്. കൃഷിക്കായി ഭൂമി പാട്ടത്തിനെടുത്ത പട്ടികജാതി കുടുംബങ്ങളും ഉണ്ട്.ആകെ 2329 സെന്റ് സ്ഥലം ഇത്തരത്തിലും പട്ടികജാതി കുടുംബങ്ങൾ കൈവശം ഉണ്ട്.





വീടിന്റെ തരം :

ഏതൊരു കുടുംബത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ടതും ഒഴിച്ച് കൂടാനാകാത്തതും ആയ ആവശ്യമാണ് സുരക്ഷിതത്വവും കെട്ടുറപ്പുമുള്ള ഒരു വീട്.378 കുടുംബങ്ങളിൽ 248 കുടുംബങ്ങൾക്ക് ഒരുനിലയും 115 കുടുംബങ്ങൾക്ക് രണ്ടുനില വീടും ഉണ്ട്.ഇതിൽ 305 കുടുംബങ്ങളുടെയും കോൺക്രീറ്റ് വീടാണ്.69 കുടുംബങ്ങളുടേത് ഓടിട്ട വീടാണ്.378ൽ 354 വീടുകളും വെട്ടുകല്ല് കൊണ്ട് നിർമിച്ച വീടുകൾ ആണ്.23 വീടുകൾ മൺകട്ട കൊണ്ട് നിർമിച്ചവയും ഒരു വീട് സിമന്റ് കട്ട/ ഹോളോ ബ്രിക്സ് കൊണ്ടോ നിർമിച്ചവയും ആണ്.8 കുടുംബങ്ങൾ ഒറ്റമുറി വീടുകളിലും താമസിക്കുന്നു.173 കുടുംബങ്ങൾക്ക് ടൈൽസ് ഇട്ട വീടുകൾ ഉണ്ടെങ്കിൽ 2 വീടുകൾ ഗ്രാനൈറ്റ് പാകിയതും 4 വീടുകൾ മാർബിൾ പാകിയതുമായ വീടുകളുമാണ്.181 വീടുകൾ സിമന്റ്/ കാവിയിട്ടതും 16 വീടുകൾ മണ്/ചാണകം മെഴുകിയതും ആണ്.

പട്ടികജാതി കുടുംബങ്ങളുടെ വീടിന്റെ തരം

കെട്ടിടത്തിന്റെ തരം	എണ്ണം
ഒരുനില വീട്	248
ഒറ്റമുറി	8
ക്വാർട്ടേർസ് സമുച്ചയത്തിൽ ഉൾപ്പെടുന്ന വീട്	7
രണ്ടുനില വീട്	115
ആകെ	**378**

കുടിവെള്ളം

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി വിഭാഗങ്ങളുടെ ആറ് ഉന്നതികൾ ഉണ്ട്.ആറ് ഉന്നതികളിലും 2 വീതം പൊതുകിണറുകൾ നിലവിൽ ഉണ്ടെങ്കിലും ഇവയിൽ പലതും ഉപയോഗപ്രദ- മല്ലാത്തതായി തീർന്നിട്ടുണ്ട്.കോറളായി കിഴക്കുഭാഗം രണ്ട പൊതുകിണർ ഉണ്ടെങ്കിലും 20 വീട്ടുകാർ ഉപയോഗിക്കുന്ന/ആശ്രയിക്കുന്ന ഈ കിണറുകൾ ജനുവരി മാസം മുതൽ ഉപ്പുവെള്ളം കയറുകയും വേനൽക്കാലത്ത് വറ്റിപ്പോകുകയും ചെയ്യുന്നു.ഈ ഭാഗത്ത് ജില്ലാപഞ്ചായത്ത് ഒരു കിണർ പാസ്സാക്കിയിട്ടുണ്ടെങ്കിലും സ്ഥലം സംബന്ധിച്ച് പ്രശ്നം കാരണം പ്രസ്തുത പ്രവൃത്തി നിന്നുപോയിരിക്കുകയാണ്.30 ഓളം പട്ടികജാതി കുടുംബങ്ങളുള്ള കോറളായി പടിഞ്ഞാറ് ഭാഗത്ത് പൊതുകിണർ ഉണ്ട് അതിൽ നിന്നാണ് നിലവിൽ എല്ലാ വീടുകളിലേക്കും വെള്ളം എത്തിക്കുന്നത്.മുൻപ് കുളത്തിൽ നിന്നും ടാങ്കിലേക്ക് പമ്പ് ചെയ്ത് മാറ്റിയാണ് കുടിവെള്ളം എടുത്തിരുന്നത്.

വേനൽക്കാലമായാൽ അതിരൂക്ഷമായ ജലക്ഷാമമാണ് ഈ പ്രദേശത്തുകാർ അനുഭവിക്കുന്നത് പാലക്കുന്ന്. ഉന്നതിയിൽ ഒരു പൊതുകിണർ ഉണ്ടെങ്കിലും ഉന്നതിയിൽ നിന്നും വളരെയധികം ദൂരെയാണ് അവ സ്ഥിതി ചെയ്യുന്നത് ആയതിനാൽ പ്രസ്തുത കിണറിൽ നിന്നും.ഉന്നതിയിലേക്ക് വെള്ളം കൊണ്ടുപോകുന്നത് പ്രയാസമേറിയ കാര്യമാണ്. നിലവിൽ അവിടെ ഒരു പമ്പ് ഹൗസ് സ്ഥാപിച്ചിട്ടുണ്ട്.ബാക്കി കാര്യങ്ങൾ കൂടി സെറ്റ് ചെയ്താൽഉന്നതിയിലേക്ക് പമ്പ് ചെയ്ത് അവിടത്തെ ജനങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കും.പുതിയ പദ്ധതി തയ്യാറാക്കുമ്പോൾ എല്ലാ ഉന്നതികളിലും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് പ്രത്യേകം പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.



വാർഡ്നമ്പർ	അയൽവാസി കളുടെ കിണർ	കുഴൽകിണർ	കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ	ജലജീവൻ മിഷൻ	പൊതുകിണർ	പൊതുടാപ്പ്	സ്വന്തം കിണർ (ആശ്രയമായില്ലാത്ത)	സ്വന്തം കിണർ (ആശ്രയമായ് കൂടിയത്)	ആകെ
1	16	4	1	1	58		2	36	118
2	1	3			1			4	9
3	5	1			1			8	15
4	2	4		2	2			12	22
5	2	3			2		1	4	12
6								3	3
7	1	3						7	11
8	1	1	1		2			2	7
9								6	6
10	2	4	1	2	3			19	31
11	1	3		2	1			6	13
12	2	3						4	9
13								1	1
14		1			6	5	2	11	25
15	4				2			2	8
16	7	4	8		8			5	32
17	5				7			23	35
18	2				8			11	21
ആകെ	51	34	11	7	101	5	5	164	378

378

കുടുംബങ്ങളിൽ 169 കുടുംബങ്ങൾക്ക് മാത്രമേ സ്വന്തമായി കിണർ ഉള്ളൂ.101 കുടുംബങ്ങൾ പൊതുകിണറുകളിൽ നിന്നാണ് വെള്ളം എടുക്കുന്നത്.51 കുടുംബങ്ങൾ അയൽവാസികളുടെ കിണറുകളിൽ നിന്നാണ് വെള്ളം എടുക്കുന്നത്.34 കുടുംബങ്ങൾ കുഴൽകിണറുകൾ ആശ്രയിക്കുന്നവരാണ്.

റോഡ് സൗകര്യം:

റോഡിന്റെ തരം	റോഡിന്റെ സൗകര്യം	ആകെ കുടുംബം
പിഡബ്ല്യുഡിറോഡ്	നാല്ചക്ര വാഹനസൗകര്യമുള്ള റോഡ്	36
മറ്റ ഗ്രാമീണ റോഡ്	നാല്ചക്ര വാഹന സൗകര്യമുള്ള റോഡ്	122
സ്വകാര്യ റോഡ്	നാല്ചക്ര വാഹന സൗകര്യമുള്ള റോഡ്	36
മറ്റുള്ളവ	രണ്ട്ചക്ര വാഹന സൗകര്യമുള്ള റോഡ്	30
	വഴിയില്ലാത്തതിനാൽ അയൽക്കാരുടെ സ്ഥലത്തുകൂടി	77
	വീതി കുറഞ്ഞ വഴി	77
ആകെ		378

പട്ടികജാതി കുടുംബങ്ങളുടെ ഉയർച്ചയും ഉന്നതിയും മറ്റ് വിഭാഗങ്ങളുടെ വികസനം പോലെ തന്നെ പ്രധാനപ്പെട്ടതാണ്.വികസനം സാധ്യമാകണമെങ്കിൽ വിദ്യാഭ്യാസം,ജോലി തുടങ്ങി എല്ലാ മേഖലകളിലും അവർ ഉയർന്നു വരേണ്ടതുണ്ട്.അതിനു ഏറ്റവും അത്യാവശ്യം സഞ്ചാരയോഗ്യമായ റോഡുകളാണ്.പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ അവിടുത്തെ ജനങ്ങൾക്ക് സഞ്ചരിക്കാനായി റോഡുകൾ ഉണ്ടെങ്കിലും നിലവിൽ എല്ലാ കുടുംബങ്ങൾക്കും സഞ്ചാര യോഗ്യമായ റോഡുകൾ ഇല്ല.122 കുടുംബങ്ങൾ നാല് ചക്രവാഹന സൗകര്യമുള്ള ഗ്രാമീണ റോഡുകളെ ആശ്രയിക്കുമ്പോൾ 36 കുടുംബങ്ങൾക്ക് നാല് ചക്ര വാഹന സൗകര്യമുള്ള പിഡബ്ല്യുഡി റോഡ് ഉണ്ട്.30 കുടുംബങ്ങൾക്ക് ഇരുചക്ര വാഹന സൗകര്യമുള്ള റോഡ് ഉണ്ട്.77 കുടുംബങ്ങൾക്ക് വീതി കുറഞ്ഞ വഴിയാണുള്ളത്.77കുടുംബങ്ങൾ വഴിയില്ലാത്തതിനാൽ അയൽക്കാരുടെ സ്ഥലത്ത്കൂടി സഞ്ചരിക്കുന്നവരും ആണ്.

ശൗചാലയം :

വാർഡ്	ശൗചാലയമുണ്ടോ		
	ഒന്നിൽ കൂടുതൽ കുടുംബങ്ങൾക്ക്	കുടുംബത്തിന്റെ സ്വന്തം	ആകെ
1	3	115	118
2	0	9	9
3	0	15	15
4	0	22	22
5	0	12	12
6	0	3	3
7	0	11	11
8	0	7	7
9	0	6	6
10	0	31	31
11	0	13	13
12	0	9	9
13	0	1	1
14	1	24	25
15	0	8	8
16	0	32	32
17	1	34	35
18	0	21	21
ആകെ	5	373	378

378 പട്ടികജാതി കുടുംബങ്ങളിൽ 373 കുടുംബങ്ങൾക്കും സ്വന്തമായി ശൗചാലയങ്ങൾ ഉണ്ട്.5 കുടുംബങ്ങൾക്ക് സ്വന്തമായി ഇല്ല എന്നാൽ ഒന്നിൽ കൂടുതൽ കുടുംബങ്ങൾ ഉപയോഗിക്കുന്ന ശൗചാലയങ്ങൾ ഉണ്ട്.മുൻകാലങ്ങളെ അപേക്ഷിച്ച് പട്ടികജാതി വിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളിൽ ഒരുപാട് മുന്നേറാൻ സാധിച്ചിട്ടുണ്ട്.

സാക്ഷരത :

100 ശതമാനം സാക്ഷരത കൈവരിച്ച പഞ്ചായത്താണ് മയ്യിൽ പഞ്ചായത്ത്.പട്ടികജാതി വിഭാഗങ്ങളുടെ കണക്ക് എടുക്കുമ്പോഴും മുഴുവൻ പേരും 100 ശതമാനം സാക്ഷരർ ആണ്.വിദ്യാഭ്യാസത്തിലും തൊഴിലിലും എല്ലായിടത്തും പട്ടികജാതി വിഭാഗക്കാർ മുന്നോട്ട് വരുന്നുണ്ട്. ആകെ പട്ടികജാതി അംഗങ്ങളിൽ 49 പേർ സ്കൂളിൽ പോയിട്ടില്ല എങ്കിലും സാക്ഷരത കൈവരിച്ചവർ ആണ്.

വിദ്യാഭ്യാസം :


വാർഡ് നമ്പർ	ക്ലാസ്സ്								
	പ്രീ പ്രൈമറി	ഒന്നാം തരം	രണ്ടാം തരം	മൂന്നാം തരം	നാലാം തരം	അഞ്ചാം തരം	ആറാം തരം	ഏഴാം തരം	എട്ടാം തരം
1	11	11	12	14	39	23	11	21	35
2	2		1		2	5	1	3	2
3	1		1	1	3	3	2	2	4
4	3	1	1	1	7	5	3		6
5	1		2	2	1	6	3	2	2
6									
7	2	1	1	1	2	1		2	2
8		2	1	1	2	2	1	1	1
9	1	3	3		1	1		1	
10	3		2	4	9	7		8	4
11	1		2	1	2	6	2	2	3
12	1	3	2	2	2	3		1	3
13							1		
14	2	1	3	4	5	11	1	4	7
15	1		1			3	1	3	3
16	4	9	5	3	10	14	7	5	19
17	3	4	1	3	9	6	7	7	11
18	4	1	1	2	4	5	1	5	4
ആകെ	40	36	39	39	98	101	41	67	106

വാർഡ്	വിദ്യാഭ്യാസ യോഗ്യത								
	ഒമ്പതാം തരം	പത്താം തരം	പതിനൊന്നാം തരം	പന്ത്രണ്ടാം തരം	ബിരുദം	ബിരുദാനന്തര ബിരുദം	സാക്ഷരർ പക്ഷെ സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്തവർ	ബാധകമല്ല	ആകെ
1	28	85	9	106	56	16	24	17	518
2	2	6		8		2		2	36
3	1	14	1	5	9	4	2	1	55
4	6	7	6	10	12	3	3	2	76
5	3	5	1	5	6		3		42
6		2		3		1		2	8
7	1	10	1	6	4	2		1	37
8	1	4		5	4	1	1		27
9	1	4		4	4				23
10	1	24		21	17	2	5	20	127
11	3	8	2	7	7	1		3	50
12	2	4	1	10	2		2	1	39
13							2		3
14	11	20	5	13	11	3	1	3	105
15	2	2	2	8	4		3	1	34
16	5	26	3	17	5		1	7	140
17	6	31	5	26	17	1	2	6	146
18	3	18	1	19	5	1		4	78
ആകെ	**76**	**270**	**37**	**273**	**163**	**37**	**49**	**70**	**1544**

ആകെ പട്ടികജാതി ജനസംഖ്യ 1600 ആണ്.അതിൽ 1544പേർ ആണ് നമ്മുടെ പഞ്ചായത്തിലെ സ്ഥിരതാമസക്കാർ, അതിൽതന്നെ 643 പേർ ഒമ്പതാം ക്ലാസ്സ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്നവരോ ഒമ്പതാം ക്ലാസ്സോ അതിൽ താഴെയോ വിദ്യാഭ്യാസം ഉള്ളവരാണ്.270 പേർ പത്താംക്ലാസ്സിൽ പഠിക്കുന്നവരോ പത്താം ക്ലാസ് യോഗ്യതയുള്ളവരോ ആകുന്നു. 310 പേർ പതിനൊന്നോ പന്ത്രണ്ടോ ക്ലാസ്സിൽ പഠിക്കുന്നവരോ അത്രയും തന്നെ യോഗ്യതയുള്ളവരോ ആണ്.163 പേർ ബിരുദം പഠിക്കുന്നവരോ ബിരുദ യോഗ്യതയുള്ളവരോ ആകുന്നു.ബിരുദാനതര ബിരുദ യോഗ്യതയുള്ള 37 പേർ ഉണ്ട്.സാക്ഷരർ എന്നാൽ, സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത 49 പേരും ഈ വിഭാഗത്തിൽപ്പെടുന്നു.

വിദ്യാഭ്യാസം-ഒറ്റനോട്ടത്തിൽ :

പത്താം തരം	പന്ത്രണ്ടാംതരം	ബിരുദം	ബിരുദാനന്തരബിരുദം
270	273	163	37



പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 17.48% പേർ പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവരും 17.68% പേർ പന്ത്രണ്ടാം ക്ലാസ്സ് യോഗ്യതയുള്ളവരും 10.55% പേർ ബിരുദ യോഗ്യതയുള്ളവരും 2.39% പേർ ബിരുദാനന്തര യോഗ്യതയുള്ളവരും ആണ് ..

പ്രൊഫെഷണൽ വിദ്യാഭ്യാസം & സാങ്കേതിക വിദ്യാഭാസം :

പ്രൊഫഷണൽ വിദ്യാഭ്യാസം :

വാർഡ്	പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യത										
	എൽ എൽ ബി	എംസിഎ, സിഎ	എഞ്ചിനീയറിംഗ് (സിവിൽഒഴികെ)	എഞ്ചിനീയറിംഗ് (സിവിൽ)	ടി ടി സി	നഴ്സിംഗ്	പാരമെഡിക്കൽ കോഴ്സ്	ബിഎഫ്എംഎസ്	ബി എഡ്	മറ്റ് യോഗ്യത	ആകെ
1	1				3	4	1		15		24
2					1				1		2
3			1						2	1	4
4			1	1		3		1		31	37
5										13	13
6									1	5	6
7					1				2		3
8										4	4
9											
10				1	2	1				4	8
11					2				1	1	4
12					1		1				2
13											
14					1				2	3	6
15				1					1	5	7
16						4	1				5
17	1	1	1		2		1			1	7
18						2			1	1	4
ആകെ	2	1	3	3	13	14	4	1	26	69	136

പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ള 136 ഓളം പേർ പട്ടികജാതി വിഭാഗത്തിൽ ഉള്ളവരാണ്.എൻജിനിയറിങ്,മെഡിക്കൽ,പാരാമെഡിക്കൽ, നഴ്സിങ്,ബിഎഡ്,ടിടിസി തുടങ്ങിയ യോഗ്യതകൾ നേടിയവർ ഇക്കൂട്ടത്തിലുണ്ട്.മറ്റ് പ്രൊഫഷണൽ യോഗ്യതയുള്ള 69 പേരും ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ സാമൂഹ്യ സാമ്പത്തിക മാറ്റം ഉയർന്ന വിദ്യാഭ്യാസ മേഖലയിലേക്ക് കടന്നുവരാൻ അവരെ പ്രചോദിപ്പിക്കുന്നു.മറ്റെല്ലാരെയും പോലെ പ്രൊഫഷണൽ വിദ്യാഭ്യാസം പ്രൊഫഷണൽ ജോലി എന്നുള്ളത് എല്ലാവർക്കും സാധ്യമാകുന്ന ഒരു കാലഘട്ടത്തിൽ ആണ് നാം ഇപ്പോൾ ഉള്ളത്.

സാങ്കേതിക വിദ്യാഭാസം :

വാർഡ് നമ്പർ	സാങ്കേതിക വിദ്യാഭ്യാസം			
	ITI	ഡിപ്ലോമ	മറ്റുള്ളവ	ആകെ
1	4	9	9	45
2	1	3		4
3	1	2		3
4	1		37	38
5		1	14	15
6	1	1	4	6
7				
8	2	1	4	7
9	1	1		2
10	2	1		3
11	2	1		3
12			1	1
13				
14	4	3	2	9
15	1	1	8	10
16	4	1	1	6
17	2	1		3
18	3	3		6
ആകെ	52	29	80	161

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 161 പേർ നിലവിൽ സാങ്കേതിക വിദ്യാഭ്യാസ യോഗ്യത നേടിയവരോ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസം അഭ്യസിക്കുന്നവരോ ആണ്.50 പേർ ഐടിഐ പഠിക്കുന്നവരോ യോഗ്യത നേടിയവരോ ആകുന്നു.28 പേർ ഡിപ്ലോമ യോഗ്യത ഉള്ളവരോ പഠിക്കുന്നവരോ ആണ്.മറ്റ് സാങ്കേതിക യോഗ്യതയുള്ളവരോ/പഠിക്കുന്നവരോ ആയ 80പേരും ഉണ്ട്.

വിദ്യാർഥികൾക്കുള്ള സഹായം

പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് മേശയും കസേരയും വിതരണം ചെയ്തു.10 കുടുംബങ്ങളിലെ വിദ്യാർഥികൾക്കാണ് നൽകിയത്.അതുപോലെ വിദ്യാർഥികൾക്ക് ലാപ്ടോപ്പും വിതരണം ചെയ്തിട്ടുണ്ട്.മയ്യിൽ പഞ്ചായത്ത് 2023-2024 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിതരണം ചെയ്തത്.സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഏറ്റവും അർഹതപ്പെട്ട കുടുംബങ്ങളിലെ വിദ്യാർഥികൾക്കാണ് വിതരണം ചെയ്തത്.





പട്ടികജാതി വിദ്യാർഥികൾക്കുള്ള താമസ സൗകര്യം

വാർഡ്	പട്ടികജാതി				
	പേര്	താമസ സൗകര്യം	എണ്ണം	റൂമുകളുടെ എണ്ണം	താമസക്കാരുടെ എണ്ണം
വേളം	പ്രീ-മെട്രിക് ഹോസ്റ്റൽ ബോയ്സ്	പുരുഷൻമാർക്ക് മാത്രം	1	18	22
	പ്രീ-മെട്രിക് ഹോസ്റ്റൽ ഗേൾസ്	സ്ത്രീകൾക്ക് മാത്രം	1	23	42
ആകെ			2	41	64

മയ്യിൽ ഗ്രാമപഞ്ചായത്തിൽ പട്ടികജാതി പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നുണ്ട്. പുരുഷന്മാർക്കും സ്ത്രീകൾക്കും വേറെ വേറെ സ്ഥാപനങ്ങൾ ഉണ്ട്. ആറാം വാർഡ് വേളത്ത് ആണ് 2 ഉം സ്ഥിതി ചെയ്യുന്നത്.ബോയ്സ് ഹോസ്റ്റലിൽ 18 റൂമുകളുണ്ട് അതിൽ 22 ആൺകുട്ടികളും ഗേൾസ് ഹോസ്റ്റലിൽ 23 റൂമുകളുണ്ട് അതിൽ 42 പെൺകുട്ടികളും താമസിക്കുന്നു.



തൊഴിൽ :

വാർഡ്	കച്ചവടം	കാർഷിക വൃത്തി	കാർഷികേതര തൊഴിൽ	കേന്ദ്രസർക്കാർ ജീവനം	കേരളസർക്കാർ ജീവനം	കർഷക തൊഴിലാളി	ഗൃഹഭരണം	തൊഴിൽരഹിതത്വംതൊഴിൽ അന്വേഷകരും	പരമ്പരാഗത തൊഴിൽ
1	2	8	88	3	11	2	40	53	1
2			7		1		6	1	
3		1	7		2		11	1	2
4			16		1		9	5	
5		1	2				11		1
6			2		2		1		
7			9		4		8		
8		2					3	1	
9			1		1		5	2	2
10		2	28		2		15	17	
11			16		1		8	1	
12			12				5	4	
13			2				1		
14		2	27		1	1	13	7	1
15			8		2	2	5	4	
16		3	20				21	7	
17		6			2		12	6	
18			1				9	4	
ആകെ	2	25	246	3	30	5	183	113	7

തൊഴിൽ എന്നത് ഏതൊരാളുടെയും സ്വപ്നമാണ്.മികച്ച തൊഴിൽ കൈവരിക്കുന്നതിനായി അല്ലെങ്കിൽ സാധ്യമാക്കുന്നതിനായി മികച്ച വിദ്യാഭ്യാസം ലഭിക്കേണ്ടതുണ്ട്. വിദ്യാഭ്യാസവും തൊഴിലും പരസ്പരപൂരകമായി കിടക്കുന്നു.മയ്യിൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭാസം ഉറപ്പു വരുത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും എല്ലാവർക്കും തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. എങ്കിലും ഈ വിഭാഗത്തിൽപ്പെട്ട 30 പേർക്ക് സർക്കാർ ജോലിയുണ്ട്.3 പേർ കേന്ദ്രസർക്കാർ ജീവനക്കാരും ആണ്.25 പേർ കാർഷിക വൃത്തിയിൽ എർപ്പെടുന്നവരും 5 പേർ കർഷക തൊഴിലാളികളുമാണ്.246 പേർ കാർഷികേതര തൊഴിലിൽ എർപ്പെടുമ്പോൾ 183 പേർ ഗൃഹഭരണം നടത്തുന്നവരും 113 പേർ തൊഴിൽ രഹിതരും ആണ്.

അംബേദ്കർ ഗ്രാമം പദ്ധതി :



അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി മയ്യിൽ പഞ്ചായത്തിലെ കോറളായിൽ എം എൽ എ ഫണ്ടിൽ നിന്നും വകയിരുത്തി 1 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തീകരിച്ചു.ഗ്രാമങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.സാംസ്കാരിക നിലയം, തൊഴിൽ പരിശീലന കേന്ദ്രം എന്നീ നിലയിൽ പ്രവർത്തിക്കുന്നു.



കോറളായി അംബേദ്കർ ഗ്രാമം പദ്ധതി ശ്രീ എം വി ഗോവിന്ദൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു



മുല്ലക്കൊടി സാംസ്കാരിക നിലയത്തിൽ ചേർന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ സംഘാടക സമിതിയിൽ നിന്നും





പട്ടികജാതി ഗ്രാമസഭയിൽ നിന്നും

അദ്ധ്യായം 4.

വിഭവലഭ്യത

പഞ്ചായത്തിന്റെ കഴിഞ്ഞ പത്തു വർഷത്തെ തുക വകയിരുത്തലും ചെലവും ആണ് വിഭവലഭ്യത എന്ന ഈ ചാപ്റ്ററിൽ പ്രതിപാദിച്ചിരിക്കുന്നത്.സംസ്ഥാന പദ്ധതി വിഹിതം, തനത്ഫണ്ട്, വികസനഫണ്ട്, മെയിന്റനൻസ് ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം,എന്നിവയാണ് പ്രധാനമായും വരുന്നത്.

തനതു വരുമാനം- പഞ്ചായത്തിന്റെ നികുതി വരുമാനങ്ങളും പ്രത്യേകിച്ച് വസ്തു നികുതി,തൊഴിൽ നികുതി തുടങ്ങിയവയും നികുതിയേതര വരുമാനങ്ങളായ ഫീസ്,വാടക തുടങ്ങിയവയും.

ജനറൽ പർപ്പസ് ഫണ്ട്- പഞ്ചായത്തിന്റെ ചിലവുകൾക്കായി സർക്കാർ നല്കുന്ന ഗ്രാൻറ്.

മെയിന്റനൻസ് ഫണ്ട് ഫോർ റോഡ് & നോൺ റോഡ്- സ്ഥാപനങ്ങളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണികള്ക്ക് ലഭിക്കുന്നത്.

പ്ലാൻ ഫണ്ട്- പഞ്ചായത്തിൽ നടത്തേണ്ട പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ നല്കുന്ന ഗ്രാൻറ്.

ധനകാര്യ കമ്മീഷൻ ഗ്രാൻറ്- പൊതുവേയുള്ള വികസനത്തിന് സർക്കാർ നല്കുന്ന ഗ്രാൻറ്.

ലോകബാങ്ക് സഹായം- പെർഫോമൻസ് മെച്ചപ്പെടുത്തുന്നതിന് വേണ്ടി സർക്കാർ നല്കുന്ന ഗ്രാൻറ്.

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട്,ജനറൽ പർപ്പസ്സ് ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ വിതരണം ചെയ്യുക,ഗ്രാമപഞ്ചായത്തുകളുടെ വിവിധ ഫണ്ട് വിനിയോഗം,തനത് വരുമാനം തുടങ്ങിയവയുടെ പുരോഗതി നിരീക്ഷിക്കുക, സംസ്ഥാനത്ത് നടക്കുന്ന എല്ലാ ജനന-മരണങ്ങളുടെയും

വികസനഫണ്ട് – ടൈഡ് ഫണ്ട്	വികസനഫണ്ട് -ധനകാര്യ കമ്മീഷൻ അടിസ്ഥാന വിഹിതം		വികസനഫണ്ട് – പട്ടികജാതി വിഹിതം		വികസനഫണ്ട് – പൊതുവിഭാഗം		ഫണ്ട്തരം	
വകയിരുത്തൽ	ചെലവ്	വകയിരുത്തൽ	ചെലവ്	വകയിരുത്തൽ	ചെലവ്	വകയിരുത്തൽ	വകയിരുത്തൽ / ചെലവ്	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് : മയ്യിൽ
5105661	000	1803332	956155	957300	5862607	5863800	2024/25	
2360000	1698338	3147000	1222112	1833267	11263637	16650334	2023/24	
7103086	2721839	3960372	1839267	1839267	16654799	17921334	2022/23	
9918745	3742000	3826372	2745333	3178436	17798133	18017013	2021/22	
5480000	8115063	13502315	3229520	3351608	11466671	15443059	2020/21	
0	1707685	9732399	1435619	3596059	9629993	13446094	2019/20	
0	5786485	7201000	2838870	3647000	14508961	15515000	2018/19	
0	6319837	6319837	3182056	3182056	13457000	13457000	2017/18	
0	5569416	6115935	2268968	3643618	10533530	12131406	2016/17	
0	4996649	5018609	2881347	3991844	13597568	14988186	2015/16	

തനത ഫണ്ട്		മെയ്ൻറനൻസ്ഫണ്ട് -നോൺ റോഡ്		മെയ്ൻറനൻസ്ഫണ്ട് -റോഡ്		
	വകയിരുത്തൽ	ചെലവ്	വകയിരുത്തൽ	ചെലവ്	വകയിരുത്തൽ	ചെലവ്
000	000	2328719	5498000	8582445	11280000	1798896
9519096	17133349	3688226	4853400	9333045	9957350	4531932
7720419	14765195	3636023	5828000	7997212	19802000	5321963
8267733	14932889	3465421	6633229	18818373	20874000	4182503
16526902	25343978	2709002	4406971	22061000	22061000	1174255
12288369	30580912	1022737	4146000	5315740	20542000	0
16164979	25857572	3343892	3545000	14752749	17573000	0
8554072	18045971	3303000	3303000	16371000	16371000	0
10049779	19774542	3257000	4475910	10110448	14457960	0
12331846	22040780	3094315	4582144	13727335	15122677	0

വിവാഹങ്ങളുടെയും രെജിസ്ട്രേഷൻ ഉറപ്പവരുത്തുക,ഗ്രാമപഞ്ചായത്തുകളുടെ ബൈലോകൾ അംഗീകരിക്കുക,ത്രിതല പഞ്ചായത്തുകളിലെ അംഗസംഖ്യ നിശ്ചയിക്കുക തുടങ്ങിയവയാണ് പഞ്ചായത്ത് വകുപ്പിന്റെ പ്രധാന ചുമതലകൾ. പഞ്ചായത്ത് വകുപ്പിന്റെ ഭരണപരമായ തലവൻ പഞ്ചായത്ത് ഡയറക്ടർ ആണ്.ജില്ലയിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് തലവൻ.അദ്ദേഹത്തിനെ സഹായിക്കുന്നതിനായി പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ(ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ)പെർഫോമൻസ് ഓഡിറ്റ് സൂപ്രവൈസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി,സീനിയർ സൂപ്രണ്ട്,ജൂനിയർ സൂപ്രണ്ട്,ഹെഡ് ക്ലർക്ക്,ക്ലർക്ക്,ഓഫീസ് അറ്റൻന്റേർസ് എന്നിവരും ഉണ്ട്.തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് മാത്രമായി എഞ്ചിനീയറിംഗ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിലും അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

അദ്ധ്യായം 5
കൃഷിയും അനുബന്ധമേഖലകളും

കേരളത്തിലെ 13 കാർഷിക മേഖലയിൽ വടക്കൻ ഇടനാടിൽ ഉൾപ്പെടുന്ന ഇരിക്കൂർ വികസന ബ്ലോക്കിൽപ്പെട്ട മയ്യിൽ ഗ്രാമപഞ്ചായത്ത് 3308 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്നു. ഉത്തര അക്ഷാംശം 11.57 ഡിഗ്രിക്ക് ഇടയിലും പൂർവ രേഖാംശം 72.25 ഡിഗ്രിക്കും 75.29 ഡിഗ്രിക്കും ഇടയിലാണ് ഭൂപരമായ കിടപ്പ്.26 പാടശേഖരങ്ങളും ഇടനാടൻ ചെങ്കൽകുന്നുകളും അടങ്ങുന്ന ഭൂ- പ്രദേശമാണ് മയ്യിൽ.മയ്യിൽ വളപട്ടണം നദീതടത്തിൽ ഉൾപ്പെടുന്ന പ്രദേശമാണ്.മയ്യിൽ,കണ്ടക്കൈ, കയരളം, മുല്ലക്കൊടി, അരയിടത്തുചിറ, നെല്ലിക്കപ്പാലം എന്നീ നീർത്തടങ്ങളിലായി സ്ഥിതി ചെയ്യുന്നു.സമുദ്ര വിതാനത്തോട് ചേർന്നുകിടക്കുന്ന വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്ന കാലടി കൈപ്പാട് പ്രദേശവും 92 മീറ്റർ ഉയരമുള്ള പാടിക്കുന്നും മയ്യിൽ പഞ്ചായത്തിന്റെ സവിശേഷത വ്യക്തമാക്കുന്നു.394ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നതിൽ ഇപ്പോൾ അവശേഷിക്കുന്നത് 322 ഹെക്ടർ ആണ്.ഇതിൽ ഒന്നാംവിള 170ഹെക്ടർ രണ്ടാംവിള 239 ഹെക്ടർ എന്നിങ്ങനെ നെൽകൃഷി ചെയ്യുവരുന്നുണ്ട്.

കേരളത്തിന്റെ പൊതു കാലാവസ്ഥയിൽ നിന്ന് ഏറെയൊന്നും ഭിന്നമല്ല ഈ പ്രദേശം.തെക്ക്-പടിഞ്ഞാറൻ മൺസൂൺ(ഇടവപ്പാതി) ,വടക്ക്-കിഴക്കൻ മൺസൂൺ(തുലാവർഷം) എന്നിവയിൽ നിന്നാണ് പ്രധാനമായും മഴ ലഭിക്കുന്നത്.ആവശ്യത്തിന് മഴ ലഭിക്കുന്നത് കൃഷിയ്ക്ക് ആവശ്യമായ ജലസേചനത്തെ സഹായിക്കുന്നു. 2017-18 വർഷം മുതൽ സമ്പൂർണ്ണ നെൽകൃഷിയുടെ ഭാഗമായി ഒന്നും രണ്ടും വിളകളിലായി നെൽകൃഷി ചെയ്തു വരുന്നു. ഇതിൽ 280 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്.അതിലൂടെ വിത്ത് മുതൽ വിളവെടുപ്പ്, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ നേട്ടം കൈവരിക്കാനും സമ്പൂർണ്ണ നെൽകൃഷിയിലൂടെ സാധിച്ചു. കരനെൽകൃഷി ചെയ്യുന്ന പ്രവണതയും അക്കാലം മുതൽ വർദ്ധിച്ച് വരുന്നു.

തെങ്ങ്,കശുമാവ്,കുരുമുളക്,കവുങ്ങ്,മാവ് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ. തെങ്ങ്,കശുമാവ് എന്നിവ റബ്ബർ കൃഷിക്ക് വഴിമാറിയെങ്കിലും ആയത് തിരിച്ചു വരവിന്റെ പാതയിലാണ്.വാഴ,മരച്ചീനി ,പച്ചക്കറി,ചേന,ചേമ്പ്,മഞ്ഞൾ,കരിമ്പ് എന്നിവയും കൃഷി ചെയ്തു വരുന്നു. അശാസ്ത്രീയ ഭൂ-വിനിയോഗവും മണ്ണിന്റെ ഫലഭൂയിഷ്ടി കുറവും വരൾച്ചയും ജലക്ഷാമവും രോഗ-കീട ബാധയും തൊഴിലാളി ക്ഷാമവും കാർഷിക മേഖലയിലെ പ്രതിസന്ധികളാണ്.ഉത്പാദന വർദ്ധനവിനായി മണ്ണിനെ ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനായി നീർത്തടഅടിസ്ഥാനത്തിൽ മണ്ണ്-ജല സംരക്ഷണവും മണ്ണിന് ചേർന്ന കൃഷി-സമ്പ്രദായവും വികസിച്ചു വരണം.തൊഴിൽ സേനകൾ രൂപീകരിച്ചും യന്ത്രവൽക്കരണം സാധ്യമാക്കിയും തൊഴിലാളി ക്ഷാമം പരിഹരിക്കാവുന്നതാണ്.

ആകെ 8330 കുടുംബങ്ങളിൽ 8107 കുടുംബങ്ങൾക്കും സ്വന്തമായി കൈവശ ഭൂമിയുള്ളവരാണ്.8016 കുടുംബങ്ങൾക്ക് നമ്മുടെ പഞ്ചായത്ത് പരിധിയിൽ തന്നെ ഭൂമിയുള്ളവരാണ്.749 കുടുംബങ്ങൾ സ്ഥലം പാട്ടത്തിനെടുത്തവരാണ്.809 കുടുംബങ്ങൾ പാടശേഖര സമിതി അംഗങ്ങളാണ്.2022-2023 കണക്കെടുക്കുമ്പോൾ 1005 കുടുംബങ്ങൾ കാർഷികവൃത്തിയിൽ ഏർപ്പെടുന്നവരാണ്.വിവര സഞ്ചയിക കണക്കുകൾ പ്രകാരം 958 കുടുംബങ്ങൾ രണ്ടാംവിള നെല്ല് കൃഷി ചെയ്യുന്നവരാണ്.28 കുടുംബങ്ങൾ കരനെൽകൃഷിയും ചെയ്യുന്നുണ്ട്.

നീർത്തടങ്ങളിൽ തെങ്ങുകൾ,കമുമാവുകൾ,റബ്ബർ മരങ്ങൾ, കവുങ്ങുകൾ, കുറ്റ്യാട്ടൂർ മാവുകൾ തുടങ്ങി മറ്റു കാർഷിക വിളകളും കൃഷി ചെയ്യുവരുന്നു. മുൻകാലങ്ങളിൽ കരകൃഷി പച്ചമുളക്,എള്ള്,മുതിര,മരച്ചീനി തുടങ്ങിയവ വലിയതോതിൽ കൃഷി ചെയ്തിരുന്നു.നെല്ലാണ് പ്രധാന കൃഷിയെങ്കിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും മറ്റു വ്യക്തികളുടെയും നേതൃത്വത്തിൽ

പച്ചക്കറി കൃഷിയും നടത്തിവരുന്നു. ഇവ കൂടാതെ വാഴ, മരച്ചീനി, ചേമ്പ്,മഞ്ഞൾ തുടങ്ങിയവ വീട്ടുവളപ്പിൽ ചെറിയതോതിൽ എല്ലാ വീടുകളിലും ചെയ്യുവരുന്നു.

പഞ്ചായത്തിലെ മൊത്തം ഭൂവിനിയോഗം സംബന്ധിച്ച കണക്ക് :

വാർഡ്	ആകെ കുടുംബങ്ങളുടെ എണ്ണം	തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ കുടുംബത്തിന് സ്വന്തമായി ഉള്ള ഭൂമിയുടെ വിസ്തൃതി (സെന്റിൽ)	തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിക്ക് പുറത്ത് കുടുംബത്തിന് സ്വന്തമായി ഉള്ള ഭൂമിയുടെ വിസ്തൃതി (സെന്റിൽ)	കുടുംബം പാട്ടത്തിനെടുത്ത ഭൂമിയുടെ വിസ്തൃതി (സെന്റിൽ)
1	528	17396.25	3098.75	7503
2	407	14335.33	1873.5	2685
3	437	17474.95	2385	1505
4	435	18058.61	3691	1894
5	357	9357.5	1907	38
6	376	19013.8	3911.25	598
7	446	11865.2	2233	271
8	470	20449.55	4339	905
9	511	115622.3	906.5	931.8
10	454	11187.5	2115.5	940
11	513	14485.84	1980	707
12	606	16074.1	2980.25	1307
13	511	13845	1792	189
14	460	19949.95	3498.5	1023
15	438	13566.97	743	2484.5

16	507	9033	131	434
17	436	13395.9	1167.5	2401
18	438	16353.5	1170.5	4909
ആകെ	**8330**	**371465 .21**	**39923.25**	**30725.3**

നമ്മുടെ പഞ്ചായത്തിൽ 8330 കുടുംബങ്ങൾക്കും കൂടി 3,71,465.21 സെന്റ് ഭൂമി കൈവശമുണ്ട്. 39923.25 സെന്റ് നമ്മുടെ പഞ്ചായത്തിന്റെ പരിധിക്ക് പുറത്തും കൈവശഭൂമിയായുണ്ട്.30725.3 സെന്റ് ഭൂമി പാട്ടത്തിനെടുത്ത വകയിലും വരുന്നുണ്ട്.

കൃഷി-വിള അടിസ്ഥാനത്തിൽ:

വിള	**വിളവിസ്തൃതി (ഹെക്ടർ)**
നെല്ല്	170
തെങ്ങ്	715
കവുങ്ങ്	62
വാഴ	122
കുരുമുളക്	103
മരച്ചീനി	32
പച്ചക്കറി	10
റബ്ബർ	115
കരിമ്പ്	4.5
ഇഞ്ചി	4.2
മഞ്ഞൾ	5.2
പയർവർഗ്ഗങ്ങൾ	5
കിഴങ്ങുവർഗങ്ങൾ	5
ആകെ	**1352.9 ഹെക്ടർ**

മയ്യിൽ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്ന കൃഷി നെല്ലാണ്. 26പാടശേഖരങ്ങളാണ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നത് 170.ഹെക്ടർ നെൽകൃഷി ഇറക്കിയിട്ടുണ്ട്ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി . ചെയ്യുന്നത്തെങ്ങ് 715 .ആണ് ഹെക്ടർ സ്ഥലത്ത് തെങ്ങ് വ്യാപിച്ചു കിടക്കുന്നു,വാഴ.റബ്ബർകുരുമുളക് , .കൃഷി ചെയ്യുന്നുണ്ട് തുടങ്ങിയവയും നല്ല രീതിയിൽ



പാടശേഖര സമിതികൾ:

മയ്യിൽ പഞ്ചായത്തിൽ 26 പാടശേഖരങ്ങൾ ഉണ്ട്.

1. നണിയൂർ നമ്പറം
2. മുല്ലക്കൊടി
3. മുല്ലക്കൊടി കൈവയൽ
4. കയരളം
5. വേളം കിഴക്ക്
6. വേളം പടിഞ്ഞാറ്
7. മേച്ചേരി
8. കോട്ടയാട്
9. പെരുവങ്ങൂർ
10. കണ്ടക്കൈ കിഴക്ക്
11. കണ്ടക്കൈ പടിഞ്ഞാറ്
12. അരയിടം
13. മന്തവയൽ
14. ഏന്തിവയൽ
15. വള്ളിയോട്ട്
16. മയ്യിൽ താഴെ
17. പെരുമാച്ചേരി
18. നെല്ലിക്കപ്പാലം
19. ചെറുപഴശ്ശി

20. കീഴാലം
21. കയരളം കിഴക്കേവയൽ
22. ചാലവയൽ
23. കോർലായി
24. പൊയ്യൂർ
25. ഇരുവാപ്പുഴ നമ്പറം
26. ബമ്മണാച്ചേരി



പാടശേഖര സമിതി അംഗങ്ങൾ :


വാർഡ്	അംഗങ്ങളുടെ എണ്ണം
അരയിടത്ത്ചിറ	11
അരിമ്പറ	72
ചെറുപഴശ്ശി	50
ഇരുവാപ്പുഴ നമ്പറം	22
കണ്ടക്കൈ	82
കയരളം	71
കോട്ടയാട്	63
മയ്യിൽ	38
മേച്ചേരി	51
മുല്ലക്കൊടി	38
നണിയൂർ നമ്പറം	7
നിരന്തോട്	33
ഒറപ്പടി	96

പെരുമാച്ചേരി	18
പെരുവങ്ങൂർ	16
തായംപൊയിൽ	37
വള്ളിയോട്ട്	63
വേളം	41
ആകെ	**809**

കാർഷിക പ്രാധാന്യമുള്ള പഞ്ചായത്താണ് മയ്യിൽ ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിൽ ആകെ 26 പാടശേഖരങ്ങൾ നിലവിലുണ്ട്.പഞ്ചായത്തിലെ കർഷകരിൽ 809 പേർ പാടശേഖര സമിതി അംഗങ്ങളാണ്.ഏറ്റവും കൂടുതൽ അംഗങ്ങൾ ഉള്ളത് ഒറപ്പടി,കണ്ടക്കൈ, അരിമ്പ്ര, കയരളം,കോട്ടയാട്,വള്ളിയോട്ട്, മേച്ചേരി,ചെറുപഴശ്ശി തുടങ്ങിയ വാർഡുകളിൽ ആണ്.പുതുതായി ഒരുപാട് കർഷകർ പാടശേഖര സമിതി അംഗങ്ങളായുണ്ട്.

ECONOMICS & STATISTICS DEPARTMENT
MAYYIL PANCHAYAT
PADDY AREA & PADDY PRODUCTION

YEAR JULY - JUNE	AUTUMN (JULY - OCTOBER)			WINTER (NOVEMBER - FEBRUARY)			TOTAL		
	PADDY AREA (Hectare)	PADDY PRODUCTION (Tonne)	PADDY PODUCTIVITY (Kg/Hectare)	PADDY AREA (Hectare)	PADDY PRODUCTION (Tonne)	RICE PODUCTIVITY (Kg/Hectare)	PADDY AREA (Hectare)	PADDY PRODUCTION (Tonne)	PADDY PODUCTIVITY (Kg/Hectare)
2014-15	198	726	3667	174	710	4078	372	1436	3859
2015-16	101	305	3017	178	643	3616	279	948	3397
2016-17	126	494	3921	121	425	3516	247	919	3723
2017-18	290	866	2988	251	1006	4006	541	1872	3460
2018-19	280	979	3498	249	796	3195	529	1775	3355
2019-20	250	777	3108	250	987	3948	500	1764	3528
2020-21	270	1156	4283	250	1131	4522	520	2287	4398
2021-22	230	775	3371	290	1056	3641	520	1831	3522
2022-23	211	0		199	0		410	0	0



Mayyil Grama Panchayath Cadastral Map

ക്രമ നമ്പർ	ആകെ പാടശേഖര വിസ്തൃതി			
	ഒന്നാം വിള	650acre	1318acre ((527.2ha	സമിതികൾ 26
	രണ്ടാം വിള	668acre		2663 കർഷകർ
	പ്രവർത്തനം	യൂനിറ്റ്	അളവ്	ചിലവ്
1	ആവശ്യമായ വിത്ത്—1318x42	@ Rs. /42kg	32,472 kg	13,63,824.00
2	നിലമൊരുക്കൽ - 1318x4500	@ Rs. /4500acre	1318 acre	59,31,000.00
3	തൊഴിലാളികൾ (സ്ത്രീകൾ)— 1318x80x750	@ Rs. 1/750	1,05,480 nos	7,91,10,000.00
4	തൊഴിലാളികൾ (പുരുഷന്മാർ)— 1318x10x1000	@ Rs. 1/1000	13,180 nos	1,31,80,000.00
5	കുമ്മായം—1318x25x14	@ Rs. /14kg	32,950 kg	4,61,000.00
6	ജൈവ വളം—1318x2000x2	@ Rs. /2kg	24,36,000 kg	52,72,000.00
7	രാസ വളം—1318x2080	@ Rs. /2080Acre	1318 acre	27,71,440.00
8	കൊയ്ത്ത്* - 1318x4500	@ Rs. /4500Acre*	1318 acre	59,31,000.00
9	വിളപരിപാലനം—1318x500	@ Rs. /500Acre	1318 acre	6,59,000.00
10	കാണാച്ചിലവുകൾ!			Ls
ആകെ				**11,46,79, 264.00**
കൊയ്ത്ത് മനുഷ്യാധ്വാനമാണെങ്കിൽ 1318-x20x59-750,31,000				1,38,39,000.00
ആകെ				**12,85,18,264.00**
***കൊയ്ത്ത്മനുഷ്യാധ്വാനം 20- Nos/Acre x @ Rs. 750x 1 = 1318,97,70,000, യന്ത്രം59,31,000.00 -**				

ജലസേചനം :

മുല്ലക്കൊടി,നണിയൂർനമ്പ്രം,കണ്ടക്കൈ, പെരുവങ്ങൂർ, വള്ളിയോട്ട്, ഏന്തിവയൽ, നെല്ലിക്കപ്പാലം തുടങ്ങിയ 7 നീർത്തടങ്ങലാണ് മയ്യിൽ പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. നീർത്തട മേഖലയിൽ ചെറുതും വലുതുമായ അനേകം കുളങ്ങളും പഞ്ചായത്ത് കിണറുകളും നിലവിലുണ്ട്. ഇവ കൂടാതെ സ്വകാര്യ വ്യക്തികളുടെ കിണറുകളും ധാരാളമായുണ്ട്. മിക്ക കിണറുകളിലും 8 മുതൽ 10 മാസം വരെ ജല ലഭ്യതയുണ്ട്. പ്രധാനമായും കുടിവെള്ളത്തിനും ഗാർഹിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.മിക്ക തോടുകളിലും 365 ദിവസവും ജലം ലഭ്യമാണ്,ഇവ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.ധാരാളം കുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്.8 മുതൽ 10 മാസം വരെ തോടുകളിൽ ജലം ലഭ്യമാണ്.ഇവയും കാർഷിക ആവശ്യങ്ങൾക്കാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കാർഷികാധിഷ്ഠിത പഞ്ചായത്തായ മയ്യിലിൽ ജലസേചനം എന്നത് ഒഴിച്ചുകൂടാനാവില്ല. വർത്തമാനകാല സാഹചര്യത്തിൽ ജലസംരക്ഷണ-ത്തിനായുള്ള പ്രവർത്തനങ്ങൾ വളരെയധികം പ്രാധാന്യം അർഹിക്കുന്നു.ഭൂമിയും മണ്ണും ജലവും വായുവും മലിനപ്പെടാതെ നോക്കേണ്ടതും അത്യാവശ്യമാണ്. ജലസേചനം നല്ല രീതിയിൽ നടത്തുന്നതിനായി എല്ലായിപ്പോഴും ജലസ്രോതസ്സുകളിൽ ജലസാന്നിധ്യം ഉറപ്പു വരുത്തേണ്ടതുണ്ട്.മഴവെള്ള സംഭരണം അതുപോലെ ഭൂഗർഭ ജലപരിപോഷണം എന്നിവയും ഉറപ്പാക്കേണ്ടതുണ്ട്.ജലസ്രോതസ്സുകൾ ഉള്ളിടത്ത് കാർഷിക പ്രവർത്തനങ്ങളും നീർത്തട വികസന പദ്ധതികളും ആവിഷ്കരിച്ച നടപ്പിലാക്കിയാൽ ജലസേചനം വളരെ നല്ല രീതിയിൽ നടത്തുവാൻ സാധിക്കും. നീർത്തട പരിപാലന പ്രവർത്തിയുടെ ഭാഗമായി ഏറ്റെടുത്തു നടത്തിയ തടുതിരിക്കൽ,മൺ-വരമ്പ് നിർമ്മാണം എന്നിവ ഫലപ്രദമായി നടപ്പിലാക്കിയ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം കുറയ്ക്കാനും ജലസേചനം ഉറപ്പ് വരുത്താനും സാധിച്ചു.



മണ്ണ് സംരക്ഷണം :

വടക്കൻ ഇടനാട് മേഖലയിൽപ്പെട്ട മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 37% ഉയർന്ന കുന്നും പീഠഭൂമി പ്രദേശവും,36% ചരുപ്പ് പ്രദേശങ്ങളും,27% താഴ്ന്ന പ്രദേശങ്ങളും സമതലങ്ങളും ആണ്.വളപട്ടണം പുഴയുടേയും കാട്ടാമ്പള്ളി-മുണ്ടേരി പുഴയുടെയും ഭാഗമായുള്ള നീർത്തടങ്ങൾ ഉൾകൊള്ളുന്ന പ്രദേശത്തിൽ 7 നീർത്തടങ്ങളുണ്ട്.ചെങ്കൽമണ്ണ് (ലാറ്ററൈറ്റ്),ചെങ്കൽപാറകൾ(ഡ്യൂറിക്രസ്റ്റ്), എക്കൽമണ്ണ്(അലൂവിയം) എന്നീ ഇനങ്ങളിലുള്ള മണ്ണുകളാണ് ഇവിടെ കണ്ടുവരുന്നത്.സുഷിരമയമായ ജലസംഭരണ ശേഷി കുറഞ്ഞ ചെങ്കൽ മണ്ണാണ് ഏറ്റവും കൂടുതൽ കാണപ്പെടുന്നത്.ഫലഭ്രയിഷ്ടി കുറഞ്ഞ ഇത്തരം മണ്ണുകളിൽ ചെയ്യുന്ന കൃഷി വളരെയധികം ചെലവേറിയതാണ്.എക്കൽ മണ്ണ് കണ്ടുവരുന്ന നദീതീര സമതല പ്രദേശങ്ങളായ കൈവയൽ,മുട്ടുകണ്ടി,തൈവളപ്പ് എന്നീ പ്രദേശങ്ങളിലെ വെള്ളക്കെട്ടും കൃഷിക്ക് ബുദ്ദിമുട്ടുണ്ടാക്കുന്നു.ഉയർന്ന സ്ഥലങ്ങളിലെ ചെങ്കൽപാറ പ്രദേശം കൃഷിക്ക് അനുയോജ്യമാണ്.ഒന്നാം വിള നെൽകൃഷി മാത്രം ചെയ്യാൻ കഴിയുന്ന വേളം വയലിൽ മണലും കളിമണ്ണും കലർന്ന പ്രത്യേകതരം മണ്ണാണ് കാണപ്പെടുന്നത്.

മണ്ണ് സംരക്ഷണത്തിനായി കല്ല് കയ്യാലകൾ, തട്ട്തിരിക്കൽ, തടയണകൾ, കിടങ്ങുകൾ, ജൈവ വേലി തുടങ്ങിയ പ്രവൃത്തികൾ നമ്മുടെ പഞ്ചായത്തിൽ നടത്തിവരുന്നുണ്ട്. ഭൂമിയുടെ ചെരിവിന് കുറുകെ ഒരു കരിങ്കൽ ഭിത്തിയുണ്ടാക്കി സാവധാനം മുകളിൽനിന്നുള്ള മാൻ വന്നടിഞ്ഞ് നിരപ്പായ തട്ടുകളാക്കുന്ന രീതിയാണ് കല്ല് കയ്യാല നിർമാണത്തിൽ ഉപയോഗിക്കുന്നത്.ചെരിവ്കൂടിയതും കുറഞ്ഞതുമായ പ്രദേശങ്ങളിൽ ഈരീതിയിൽ നടപ്പാക്കാവുന്നതാണ്. കൂടിയചെരിവുള്ളഭൂമിക്ക് ഏറ്റവും അനുയോജ്യമാണ് തട്ട്തിരിക്കൽ. ഭൂമിയുടെ ചെരിവിനെതിരായി പടികൾപോലുള്ള പലതട്ടുകളായി തിരിക്കുകയാണ്ത തട്ട്തിരിക്കലിൽ ചെയ്യുന്നത്.നീർച്ചാലുകളിലും തോടുകളിലും തടയണകൾ നിർമിച്ച് ഒഴുകിപോകുന്ന വെള്ളം ഭാഗികമായി തടഞ്ഞുനിർത്തുന്നു.ഇതുവഴി മണ്ണൊലിപ്പ് തടയുവാൻ സാധിച്ചു.തട്ട്തിരിക്കൽ സാധ്യമായതും 25%ത്തിലേറെ ചെരിവോട്കൂടിയ സ്ഥലങ്ങളിൽ നീളത്തിൽ ചാലുകളായും ഇടവിട്ടും കിടങ്ങുകൾ നിർമിച്ചും മണ്ണൊലിപ്പ് തടയുന്നു. ചെരിവിന് കുറുകെ ഓരോ കൃഷിയിടത്തിനും യോജിച്ചവിധത്തിലുള്ള സസ്യങ്ങൾ നിരയായി വേലിപോലെ വെച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നു.



മയ്യിലിന്റെ കാർഷിക മുന്നേറ്റ സഹായ ഘടകങ്ങൾ .

1. കൃഷിയെ കൈവിടാതെയുള്ള മയ്യിലിന്റെ വികസന ആസൂത്രണം.

2. നെൽവയൽ പരിവർത്തനപ്പെടാതെയുള്ള ഭൂ-വിനിയോഗ രീതി.

3. അധികാരവികേന്ദ്രീകരണത്തെ ഫലപ്രദമായി ഉത്പ്പാദനമേഖലയിൽ പ്രയോഗിച്ചു.

4. സാമ്പത്തിക വിഭജനത്തിലും വിനിയോഗത്തിലും കുറവ് വരുത്തിയില്ല.

5. ആസൂത്രണ വികസന കൃഷിയെ മാറ്റി നിർത്തി കാഴ്ചപ്പാടിൽയില്ല

6. അധികാരവികേന്ദ്രീകരണ പ്രക്രിയയിലും വികസന പരിപ്രേക്ഷ്യ രൂപീകരണത്തിലും മാതൃകാ പ്രവർത്തനം നടക്കുമ്പോഴുമെല്ലാം മയ്യിലിന്റെ സാന്നിധ്യം എപ്പോഴും ഉണ്ടായി.

7. പാടശേഖരങ്ങളുടെ ശാക്തീകരണം നെൽകൃഷിയെ പരിപോഷിപ്പിച്ചു.

8. നെൽകൃഷിയിൽ കൃത്യതാ കൃഷിരീതി അവലംബിച്ചു.

9. നവീകരണവും പരിവർത്തനവും ഉൾച്ചേർക്കാൻ സാധിച്ചു.

10. ചില പാടശേഖരങ്ങൾ നെൽകൃഷി സംബന്ധിച്ച് നടത്തിയിട്ടുള്ള പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ.

11. നെൽകൃഷിയോടൊപ്പം മറ്റു വിളകളും പ്രോത്സാഹിപ്പിച്ചു.

മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി

2017 ജൂൺ 8നാണ് **മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി** നിലവിൽ വന്നത്.കർഷകരുടെ കൂട്ടായ്മയിൽ നിന്ന് പിറവിയെടുത്ത കമ്പനി 6 വർഷം കഴിഞ്ഞു.കർഷകരുടെ ഉന്നമനത്തിനായി അക്ഷീണം പരിശ്രമിച്ചുകൊണ്ട് ഇന്ത്യയിലെ ഒന്നാംകിട ഫാർമർ പ്രൊഡ്യൂസർ കമ്പനി എന്ന പദവിയിലേക്ക് ഉയരാൻ ഈ കർഷക കൂട്ടായ്മക്ക് സാധിച്ചു.ശാസ്ത്രീയ കൃഷി മുറകളിലൂടെ ഉത്പാദന വർധനവും നവീന സാങ്കേതിക വിദ്യയിലൂടെ വൈവിധ്യ വത്കരണവും സാധ്യമാകുന്ന ഒട്ടനവധി ഇടപെടലുകൾ ഇതിനകം നടത്തിയിട്ടുണ്ട്.മയ്യിൽ മോഡൽ നെൽകൃഷി എന്ന ആശയം സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കാൻ കമ്പനിക്ക് സാധിച്ചു.കൃഷി ലാഭകരവും സംരംഭകരവുമായി മാറ്റാനുള്ള പരിശ്രമമാണ് കമ്പനി നടത്തി വരുന്നത്.വിത്തുമുതൽ വിപണിവരെയുള്ള എല്ലാ പ്രവർത്തികൾക്കും ഒരു കൃത്യതാ രീതി അവലംബിച്ചുകൊണ്ടാണ് ഈ നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളത്.

മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് തയ്യാറാക്കിയിട്ടുള്ള സംരംഭക പാക്കേജ് ഏറെ ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു.വിപണന രംഗത്തെ കമ്പനിയുടെ ഇടപെടലും കർഷകർക്ക് വലിയ ആശ്വാസമാകുന്നുണ്ട്.ചെറുകിട റൈസ് മില്ലുകൾ വഴി സ്വന്തമായി അരി ഉത്പാദിപ്പിച്ച് വിപണിയിൽ എത്തിക്കാൻ അവസരം ഉണ്ടായിട്ടുണ്ട്.ഇങ്ങിനെ ഉത്പാദിപ്പിക്കുന്ന അരി സംഭരിച്ച് വിപണിയിൽ എത്തിക്കാൻ **മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി** സഹായിക്കുന്നു.ഈ വിപണന സംവിധാനം കർഷകർ ഉത്പാദിപ്പിക്കുന്ന എല്ലാ ഉത്പന്നങ്ങൾക്കും ലഭ്യമാക്കാനുള്ള ശ്രമമാണ് കമ്പനി ചെയ്തുവരുന്നത്.

കൃഷി വകുപ്പിന്റെ സഹായത്തോടെ മയ്യിലും, നബാർഡിന്റെ സഹായത്തോടെ മട്ടന്നൂരിലും കണ്ണൂർ ജില്ലാ പഞ്ചായത്ത് കെട്ടിടത്തിലും വിപണന സൌകര്യം നിലവിലുണ്ട്.കർഷകർ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ-വസ്തുക്കളും കർഷക ഉത്പാദക കമ്പനികൾ ഉണ്ടാക്കുന്ന ഭക്ഷ്യ ഉത്പന്നങ്ങളും,വിത്തുകൾ,ജൈവ-വളങ്ങൾ, ചെറുകിട കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ ഈ വിപണന കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നു.2020-21 വർഷം സംസ്ഥാന സർക്കാർ അനുവദിച്ച പ്രോത്സാഹന ധനസഹായ പദ്ധതിയിലൂടെ ആധുനിക റൈസ്മിൽ സംവിധാനം പ്രവർത്തനം ആരംഭിച്ചു.പ്രതിദിനം 700 കിലോ അരി ഉത്പാദനത്തിനുള്ള ശേഷി ഈ സംവിധാനത്തിനുണ്ട്.ഇത് വഴി പുതിയ തൊഴിലവസരം ഉണ്ടാവുകയാണ്.

നെല്ല് ഉത്പാദന രംഗത്ത് ഉത്പാദന ക്ഷമതയിൽ സംസ്ഥാന ശരാശരിയേക്കാൾ 50% വർദ്ധനവ് ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.അതുകൊണ്ട് തന്നെ നെല്ല് സംഭരണതോത് വർദ്ധിച്ചിട്ടുണ്ട്.കർഷകർക്ക് യഥാസമയം നെല്ല് വിൽക്കാനും തത്സമയം പണം ലഭിക്കുന്നതിനുമുള്ള അവസരവുമാണ് മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്ന്റെ ഇടപെടലിലൂടെ സാധ്യമായിട്ടുള്ളത്. ഇതിലൂടെ പ്രാദേശിക സാമ്പത്തിക വിതരണ പ്രക്രിയ കൂടി നടക്കുന്നുണ്ട്.2017 മുതൽ ആരംഭിച്ച നെല്ല് സംഭരണം ക്രമാതീതമായി വർദ്ധിച്ച് ഇപ്പോൾ 10000 ടൺ വരെ സംഭരിച്ചുവരുന്നുണ്ട്.

കാർഷിക പ്രവർത്തനത്തിൽ അവലംബിച്ച നവീകരണ രീതി, തുണ്ടുവത്കരിക്കപ്പെട്ട ഭൂമിയിലെ കാർഷിക പ്രവർത്തനം,പ്രകൃതി വിഭവ പരിപാലന പ്രവർത്തനം,ഭക്ഷ്യ-സുരക്ഷയും സുരക്ഷിത ഭക്ഷണവും ഉറപ്പാക്കൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകതയും സൂക്ഷ്മ കാലാവസ്ഥാ പ്രതിഫലനവും കണ്ടറിഞ്ഞുള്ള കാർഷിക മുറകൾ, ഉത്പാദന ക്ഷമത ഉറപ്പുവരുത്തുന്നതിന് അവലംബിക്കുന്ന കൃത്യതാ കൃഷിരീതി,കർഷകരുടെ വരുമാന വർദ്ധനവിനുള്ള തന്ത്രങ്ങൾ,മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തൽ, പ്രാദേശിക ഉപഭോഗ രീതികളുടെ അടിസ്ഥാനത്തിൽ വിപണന തന്ത്രം രൂപപ്പെടുത്തൽ,തൊഴിൽ സാഹചര്യം,തൊഴിൽ സന്ദർഭം,തൊഴിലവസരം സൃഷ്ടിക്കൽ പ്രാദേശിക സാമ്പത്തിക വികസനവും സമ്പത്തിന്റെ പ്രാദേശിക വിതരണവും തുടങ്ങിയവയെല്ലാം ഉൾച്ചേർത്തുള്ള കാർഷിക മുന്നേറ്റ പ്രവർത്തനങ്ങൾക്കാണ് കമ്പനി നേതൃത്വം നൽകി വരുന്നത്.

ഒരു നാടിന്റെ സുസ്ഥിര പുരോഗതിയിൽ നിർണായക സ്വാധീനം ചെലുത്തുന്ന കാർഷിക മേഖലയിൽ ദീർഘവീക്ഷണത്തോടെ ഇടപെടാൻ കഴിയുന്നു. ഉത്പാദന മേഖലയിൽ നവീന ആശയരൂപീകരണവും സാങ്കേതിക വത്കരണവും ലോകത്തെമ്പാടും നടക്കുമ്പോൾ തന്നെ മയ്യിലിൽ ഈ ആശയത്തിന്റെ പ്രയോഗവത്കരണത്തിനു നേതൃത്വം നൽകാൻ മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനിക്ക് സാധിച്ചു.2663 കർഷകരും,567 ഷെയർ ഉടമകളും,2.36 കോടി വാർഷിക വിറ്റുവരവും ഉള്ള കമ്പനിയാണ് ഇപ്പോൾ മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്.



മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനി ഭാരവാഹികൾ എഫ് പി ഒ എക്സലൻസ് അവാർഡ് ഏറ്റുവാങ്ങിയപ്പോൾ



മൃഗസംരക്ഷണവും ക്ഷീര വികസനവും :

മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ കാർഷിക സമ്പത്ത് വ്യവസ്ഥയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്ന മേഖലയാണ് മൃഗസംരക്ഷണവും ക്ഷീരവികസനവും.പഴയകാലത്തെ നാടൻ ഇനം കന്നുകാലികൾ എല്ലാം സങ്കര വർഗ്ഗമായി കഴിഞ്ഞു.അത് കാർഷിക ഉത്പന്ന വർദ്ദനവിന് കാരണമായി. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രവാക്യവുമായി ജനകീയാസൂത്രണ പദ്ധതികൾ ആരംഭിക്കുന്നതോടെ ഈ മേഖലയിൽ നിരവധി പുതിയ പദ്ധതി രൂപീകരിക്കാനും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാനും അതുവഴി കർഷകരുടെ വരുമാന വർദ്ദനവിനും സഹായകമായിട്ടുണ്ട്. എന്നാൽ പിന്നീടിങ്ങോട്ട് പന്ത്രണ്ടാം പദ്ധതിയുടെ അവസാന ഘട്ടത്തിൽ എത്തി നില്ക്കുമ്പോൾ കന്നുകാലി വളർത്തൽ കർഷകരുടെ എണ്ണത്തിലും അതുപോലെ മൃഗങ്ങളുടെ എണ്ണത്തിലും വലിയ കുറവുകൾ വന്നിട്ടുണ്ട്.3500 ഉണ്ടായിരുന്നത് 1590 ആയി മാറിയിട്ടുണ്ട്.

19-മത് കന്നുകാലി സെൻസെസ് 2012 ൽ ആണ് നടന്നത്. അതുപ്രകാരം പഞ്ചായത്തിന്റെ മൃഗ സമ്പത്തിന്റെ എണ്ണം വളരെയധികം കുറവാണ്.എന്നാൽ 2024 എടുക്കുമ്പോൾ ആവശ്യമുള്ള പാലിന്റെ മൂന്നിലൊന്ന് ഭാഗം ഉത്പാദിപ്പിക്കുന്നുണ്ട്. ഈ കാലയളവിൽ എടുത്തുപറയേണ്ട പ്രത്യേകത ഉത്പാദനക്ഷമതയിൽ വന്ന വർദ്ധനവ് ആണ്.ശരാശരി 2 1/2 ലിറ്ററിൽ നിന്നും 4 ½ലിറ്ററായി ഉയർന്നിട്ടുണ്ട്.പണ്ടുകാലത്ത് കന്നുകാലി വളർത്തൽ ഉപതൊഴിൽ ആയിരുന്നെങ്കിലും ഇപ്പോള് 100 കുടുംബങ്ങൾ എങ്കിലും മുഖ്യ തൊഴിലായി ഇതിനെ കരുതുന്നു. പുതിയ കണക്കുകൾ

പ്രകാരം പഞ്ചായത്തിൽ 450 ഓളം പേർ കന്നുകാലിവളർത്തൽ മുഖ്യതൊഴിലോ ഉപതൊഴിലോ ആയി കാണുന്നു. കേരളത്തിലെ മിക്ക കാർഷികോത്പന്നങ്ങൾക്കും വില ഇടിയുമ്പോഴും പാലിന്റെ വില ഒരിക്കലും കുറയുന്നില്ല. നല്ല വിലനമൂല്യമുള്ള ജൈവ സമ്പത്താണ് കന്നുകാലികൾ.. നെല്ല്,പയര് തുടങ്ങിയവയുടെ കൃഷിയിൽ വന്നിട്ടുള്ള കുറവ് കന്നുകാലികളുടെ തീറ്റയുടെ ലഭ്യതയിലും കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ ലഭ്യതയിലും കുറവ് വന്നിട്ടുണ്ട്.1960 കളി കണ്ടക്കൈയിൽ മൃഗാശുപത്രി സ്ഥാപിതമായതോടെ കന്നുകാലികൾക്കും വളർത്ത് മൃഗങ്ങൾക്കും ചികിത്സയ്ക്ക് ബുദ്ധിമുട്ടുണ്ടായില്ല.

1968ൽ സ്ഥാപിതമായ മയ്യിൽ മിൽക്ക് സപ്ലൈ സൊസൈറ്റി ക്ഷീര കർഷകർക്ക് വലിയൊരു ആശ്വാസമാണ്.കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ പാലും ശേഖരിച്ച് തനിമ എന്ന ബ്രാന്റിൽ മാർക്കറ്റ് ചെയ്യാൻ മയ്യിൽ ക്ഷീര സംഘത്തിന് സാധിച്ചിട്ടുണ്ട്. കർഷകരെ ക്ഷേമനിധിയിലും അതോടൊപ്പം 150 കുടുംബങ്ങൾക്ക് ക്ഷീര പെൻഷൻ നല്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്.

പാൽ ഉല്പാദനം സംബന്ധിച്ച കണക്ക് :

മയ്യിൽ പഞ്ചായത്തിനെ സംബന്ധിച്ച് 2023-2024 കാലഘട്ടത്തിൽ ആകെ പാൽ ഉത്പാദനം 569400 ലിറ്റർ ആണ്.ആകെ 150 ക്ഷീര കർഷകരാണ് മയ്യിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.ഏകദേശം 644 പശുക്കളെ നിലവിൽ കർഷകർ പരിപാലിച്ചു വരുന്നു.

പാൽ സൊസൈറ്റികൾ :

മയ്യിൽ പഞ്ചായത്തിന്റെ കീഴിൽ ഒരേയൊരു പാൽ വിതരണ കേന്ദ്രം ആണ് നിലവിൽ ഉള്ളത്.മയ്യിൽ മിൽക്ക് സപ്ലൈ സൊസൈറ്റി ആണത്.സൊസൈറ്റികൾ ശേഖരിച്ച പാലുകൾ നിത്യേന രാവിലെയും വൈകുന്നേരങ്ങളിലും ആയി ഉപഭോക്താക്കളിലേക്ക് എത്തിക്കുകയും അതുപോലെ ഉത്പാദകരിൽ നിന്നും മിച്ചം വരുന്ന പാല് ശേഖരിക്കുകയും ചെയ്യുന്നു.

വാർഡ്	പശുക്കളുടെ എണ്ണം	പശുക്കളുടെപ്രതിദിനപാൽ ഉൽപാദനം (ലിറ്ററിൽ)
1	121	362
2	28	138
3	37	72
4	38	80
5	24	35.5
6	18	45
7	15	25
8	36	63
9	40	48
10	16	21
11	14	28
12	25	61
13	22	35
14	28	42
15	69	182.5
16	29	87
17	45	97
18	39	138
ആകെ	644	1560

വളർത്തു മൃഗങ്ങൾ -പക്ഷികൾ -എണ്ണം:

വാർഡ്	മുട്ടക്കോഴി ഇനം	നാടൻ കോഴി/മറ്റ് ഇനം	കാട	താറാവ്	മറ്റ് പക്ഷികൾ	പശു	എരുമ	ആട്	മറ്റ് മൃഗങ്ങൾ
1	0	24	37	2	10	321	7	150	0	1
2	0	34	16	0	0	332	2	47	3	0
3	0	49	46	0	0	169	3	52	0	2
4	0	53	52	13	0	379	7	49	0	1
5	0	15	18	4	0	269	8	18	1	0
6	0	41	17	0	0	114	3	15	0	0
7	0	45	23	0	8	171	16	29	24	2
8	0	53	29	0	8	285	5	73	1	0
9	0	40	17	1	0	282	0	59	1	0
10	0	37	12	0	0	182	6	52	1	0
11	0	24	3	0	0	268	0	30	0	0
12	8	19	19	0	0	260	4	68	3	0
13	0	43	25	0	0	178	6	155	0	0
14	0	50	34	4	0	259	19	191	0	0
15	8	33	66	0	24	216	8	30	0	1
16	0	26	14	0	0	54	0	32	0	0
17	8	30	18	0	0	284	2	56	3	0
18	0	29	27	1	0	247	7	72	0	0
ആകെ	24	645	473	25	50	4270	103	1178	37	7

വളർത്തു മൃഗങ്ങളിൽ കോഴികളെയാണ് ഏറ്റവും കൂടുതൽ പോറ്റിവരുന്നത്.4270എണ്ണത്തിൽ കൂടുതലും മുട്ടകോഴികൾ ആണ്.പ്രാദേശിക മുട്ട ഉത്പാദനവും വിതരണവും നല്ല രീതിയിൽ നടന്നുവരുന്നു.സ്ത്രീകൾക്ക് വരുമാനത്തിനുള്ള പ്രധാന മാർഗ്ഗമാണ് മുട്ടക്കോഴി വളർത്തൽ.കൃഷി വകുപ്പ് വഴി കോഴിയും കൂടും പദ്ധതി വഴി മുൻ വർഷങ്ങളിൽ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്തിരുന്നു.

വന്യമൃഗ ശല്യം :

വാർഡ്	ആകെ കുടുംബങ്ങളുടെഎണ്ണം	പന്നി	കുരങ്ങൻ	പക്ഷികൾ	മറ്റ മൃഗങ്ങൾ
1	528	105	2	9	54
2	407	171	4	0	5
3	437	199	3	16	24
4	435	103	4	67	88
5	357	8	0	0	0
6	376	67	1	1	3
7	446	233	3	0	0
8	470	211	1	1	16
9	511	208	4	2	18
10	454	77	0	4	1
11	513	129	0	0	0
12	606	92	1	9	6
13	511	89	0	13	1
14	460	61	0	1	20
15	438	66	2	0	10
16	507	57	3	0	0
17	436	96	2	0	4
18	438	102	2	1	4
ആകെ	**8330**	**2074**	**32**	**124**	**254**

കർഷകർ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് വന്യമൃഗശല്യം.കാർഷിക പ്രാധാന്യമുള്ള പഞ്ചായത്ത് എന്ന നിലയിൽ 8330 കുടുംബങ്ങളിൽ ഭൂരിഭാഗം കുടുംബങ്ങളും ചെറിയ തോതിലെങ്കിലും കൃഷി ചെയ്യുന്നവരാണ്.ഇവയിൽ 2074 കുടുംബങ്ങളും പന്നി ശല്യം നേരിടുന്നവരാണ്.തെങ്ങ്,കമുമാവ്,വാഴ ഇവ കൂടാതെ കപ്പ,ചേമ്പ്,കൂവ, പപ്പായ തുടങ്ങിയ ഇടവിളകൃഷികൾ ഒക്കെ പന്നികൾ നശിപ്പിക്കുന്നത് കാരണം കർഷകർ ഇപ്പോൾ കൃഷി ചെയ്യാൻ മടിക്കുന്നു.പന്നി ശല്യം പോലെ തന്നെ കുരങ്ങ് ശല്യവും ഇപ്പോൾ കണ്ടുവരുന്നു.32 കുടുംബങ്ങൾ കുരങ്ങുകൾ കൃഷി നശിപ്പിക്കുന്നതായി സർവ്വേ വ്യക്തമാക്കുന്നു.124 കുടുംബങ്ങൾ മയിൽ തുടങ്ങിയ പക്ഷികൾ വിള നശിപ്പിക്കുന്നതായി പറയുന്നു.254 കുടുംബങ്ങൾ മറ്റ് മൃഗങ്ങളുടെ ശല്യം കൃഷിയെ ബാധിക്കുന്നതായി വെളിപ്പെടുത്തുന്നു.

മത്സ്യബന്ധനം :

പഞ്ചായത്തിൽ രൂപീകരിക്കപ്പെട്ട മത്സ്യബന്ധനം വർക്കിങ് ഗ്രൂപ്പ് നദികളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യം വളർത്തൽ പ്രോത്സാഹിപ്പി-ക്കുന്നതിനുമുള്ള പദ്ധതികൾക്കാണ് കഴിഞ്ഞ കുറച്ച് സാമ്പത്തിക വർഷങ്ങളിലായി പ്രാധാന്യം നല്കി വരുന്നത്.വീട്ടുമുറ്റത്തൊരു മത്സ്യക്കുളം നിർമ്മിക്കുന്നതിനും വിവിധ മത്സ്യങ്ങളെ വളർത്തുന്നതിനും മത്സ്യ ലഭ്യതയിൽ പ്രാദേശിക സ്വാശ്രയത്വവുമാണ് പദ്ധതികളിലൂടെ ലക്ഷ്യമിട്ടത്. പടുതാക്കുളം,ബയോഫ്ലോക്ക് പദ്ധതികളിലൂടെ കൂടുതൽ പേരെ മത്സ്യ ഉദ്പാദന മേഖലയിലേക്ക് അകർഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്.വിവിധ പൊതു കുളങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി 2000 മത്സ്യക്കുഞ്ഞുങ്ങളെ വീതം നിക്ഷേപിച്ചു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് സഹായിക്കു ന്നതിനായി ഫർണ്ണിച്ചർ വിതരണം ചെയ്തു.പരമ്പരാഗത മത്സ്യ-ത്തൊഴിലാളികളെ വിവിധ അടിസ്ഥാന സൌകര്യങ്ങൾ വിപുലപ്പെടുത്തുന്നതിന് സഹായിക്കുകയും പുതിയ ആളുകളെ മത്സ്യകൃഷിയിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുന്ന കർമ്മ പദ്ധതികളുടെ തുടർച്ചയാണ് പുതിയ പദ്ധതികളിലും ലക്ഷ്യമിടുന്നത്.

മയ്യിൽ പഞ്ചായത്തുകളിലെ വീടുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മത്സ്യങ്ങളും പ്രാദേശിക മാർക്കറ്റിൽ ഇടം പിടിച്ചത് കഴിഞ്ഞ പദ്ധതികളിലെ പ്രധാന നേട്ടങ്ങളിലൊന്നാണ്.ഗിഫ്റ്റ് തിലാപ്പിയ,ആസാൻ വാള,ചെമ്മീൻ തുടങ്ങിയ മത്സ്യ ഉത്പാദനത്തിനും വിപണനത്തിനും അവസരമുണ്ടാകുകയും മത്സ്യ കൃഷിയിക്ക് ഉത്പാദന മേഖലയിൽ സാദ്ധ്യതകൾ ഉണ്ടാവുകയും പ്രാദേശിക മത്സ്യ ഉത്പാദന മേഖലയ്ക്ക് പുതിയ പദ്ധതികളിൽ പ്രാധാന്യം ലഭിക്കുകയും ചെയ്യുമെന്നുള്ളത് മത്സ്യമേഖലയിലെ തൊഴിലുകൾക്കു നല്ല വരുമാനം പ്രതീക്ഷിക്കുന്നു.



വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ :

വാർഡ് നമ്പർ	വെള്ളപ്പൊക്ക സാധ്യത പ്രദേശങ്ങൾ	
	വാർഡ്	കുടുംബങ്ങൾ
1	ഒറപ്പടി	156
2	കണ്ടക്കൈ	107
3	കോട്ടയാട്	76
4	ഇരുവാപ്പുഴ നമ്പ്രം	58
5	പെരുവങ്ങൂർ	14
6	വേളം	3
7	മയ്യിൽ	6
8	വള്ളിയോട്ട്	1
9	തായംപൊയിൽ	4
10	നിരന്തോട്	2
11	അരയിടത്ത്ചിറ	0
12	ചെറുപഴശ്ശി	4
13	പെരുമാച്ചേരി	1
14	മേച്ചേരി	0
15	കയരളം	18
16	നണിയൂർ നമ്പ്രം	2
17	അരിമ്പ്ര	103
18	മുല്ലക്കൊടി	102
ആകെ		657

പഞ്ചായത്തിലെ 8330 കുടുംബങ്ങളിൽ 7673 കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുടുംബങ്ങൾ അല്ലെന്ന് ഈ വർഷത്തെ സർവ്വേ വെളിപ്പെടുത്തുന്നു.എന്നാൽ 657 കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നവയാണ്.ഏറ്റവും കൂടുതൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നത് ഒന്നാം വാർഡ് ഒറപ്പടിയിൽ ആണ്.156 കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നുണ്ടെന്ന് പറഞ്ഞപ്പോൾ 372 കുടുംബങ്ങൾ അങ്ങനെയുള്ള പ്രശ്നങ്ങൾ ഒന്നും നേരിടുന്നില്ലെന്ന് പറയുന്നു. രണ്ടാം വാർഡ് കണ്ടക്കൈയിൽ 107 കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നവയാണ്.300 ഓളം കുടുംബങ്ങൾ വെള്ളപ്പൊക്ക ഭീഷണി നേരിടുന്നില്ല.വെളളം കയറുന്ന 107 കുടുംബങ്ങളും കണ്ടക്കൈ പെരുമ്പാറക്കടവിലാണ് താമസിക്കുന്നത്.മഴക്കാലമായാൽ വളപട്ടണംപുഴ കര കവിഞ്ഞ് ഒഴുകുന്നത് വെള്ളം കയറാൻ കാരണമാകുന്നു.അരിമ്പ്ര,മുല്ലക്കൊടി ഭാഗങ്ങളിലും വെള്ളപ്പൊക്ക ഭീഷണി നേരിടുന്നുണ്ട്.പറശ്ശിനിപുഴ കരകവിഞ്ഞൊഴുകി അവിടുത്തെ പ്രദേശങ്ങളിൽ വെള്ളം കയറുന്നു.എന്നാൽ വാർഡ് 11 അരയിടത്ത്ചിറ,വാർഡ് 14 മേച്ചേരി എന്നിവിടങ്ങളിൽ ഒറ്റ വീടുകളിലും വെള്ളം കയറുന്നില്ല എന്നതും സർവെ വ്യക്തമാക്കുന്നു.

അദ്ധ്യായം 6 .

വ്യവസായം- വാണിജ്യം

ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്.ഈ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പുകൾ വഴി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനങ്ങൾ സംരംഭകർക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി നമ്മുടെ പഞ്ചായത്തിനെ നിക്ഷേപ സൌഹൃദ പഞ്ചായത്താക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഇവ കൂടാതെ ചെറുതും വലുതുമായ നിരവധി സംരംഭങ്ങളുള്ള പഞ്ചായത്താണ് മയ്യിൽ.എങ്കിലും വ്യവസായ സംരംഭങ്ങൾ ഉയർന്ന് വരുന്നതിന് ആവശ്യമായ പശ്ചാത്തല സൌകര്യവും വികസനവും ഒരുക്കേണ്ടതുണ്ട്.വ്യവസായവൽക്കരണവും-സംരഭകത്വ-പരിശീലനങ്ങളും നൽകികൊണ്ട് മാത്രമേ വ്യവസായ-വാണിജ്യ മേഖലകളിൽ നമുക്ക് പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. കൂടിൽ വ്യവസായങ്ങൾ ആയിട്ടുള്ള കൈത്തറി,പായനെയ്ത്ത് തുടങ്ങിയവയും പരമ്പരാഗത വ്യവസായങ്ങളായ കള്ള്ചെത്ത് തുടങ്ങിയ ചെറുകിട വ്യവസായ മേഖലയിൽ ഉൾപ്പെടുന്ന ഏതാനും യൂണിറ്റുകളുമാണ് പഞ്ചായത്തിലെ മറ്റു വ്യവസായങ്ങൾ.

അപ്പാരൽ പാർക്ക് :

മയ്യിൽ പഞ്ചായത്തിലെ പതിമൂന്നാം വാർഡ് പെരുമാച്ചേരിയിൽ ആണ് അപ്പാരൽ പാർക്ക് സ്ഥിതിചെയ്യുന്നത്.മറ്റ് സ്വകാര്യ സ്ഥാപനത്തിന്റെ വർക്കുകൾ ഏറ്റെടുത്ത് നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. തൊഴിലാളികൾക്ക് ന്യായമായ കൂലി ലഭിക്കാത്തതിനാൽ അടച്ചുപൂടലിന്റെ വക്കിലായിരുന്നു.ഉത്പന്നത്തിലെ വൈവിധ്യ വൽക്കരണത്തിലൂടെയും മാർക്കറ്റിങ് സ്ട്രാറ്റജിയിലൂടെയും പാർക്കിന് നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കും.അതിനു വേണ്ടുന്ന നടപടികൾ ചെയ്തു വരുന്നു.

സഹകരണ മേഖലയിലെ പ്രധാന സംരംഭങ്ങൾ :

നമ്പർ	സ്ഥാപനങ്ങൾ	സ്ഥലം
1	മയ്യിൽവീവേർസ് സൊസൈറ്റി	ചെക്യാട്ട്
2	മയ്യിൽ ക്ഷീരോത്പാദകസഹകരണ സംഘം	മയ്യിൽ
3	തനിമ സഹകരണ സംഘം	മയ്യിൽ
4	സഹകരണ പ്രസ്സ്	മയ്യിൽ
5	വനിത ഹോട്ടൽ	മയ്യിൽ
6	കാർഷിക കർമസേനയും കാർഷിക ഉപകരണങ്ങളും-മയ്യിൽ സഹകരണ ബേങ്ക്	മയ്യിൽ

പ്രധാന കുടുംബശ്രീ സംരംഭങ്ങൾ :

നമ്പർ	കുടുംബശ്രീ സംരംഭങ്ങൾ	തൊഴിലാളികളുടെ എണ്ണം
1	അപ്പാരൽ പാർക്ക്	42
2	ദുആ ടൈലറിംഗ്	3
3	അലിഫ് ടൈലറിംഗ്	5
4	ആരുഷ് കോക്കനട്ട് ഓയിൽ മിൽ	3
5	അക്ഷയ പലഹാര യൂണിറ്റ്	4
6	ദേവാസ് ഗാർഡൻ	1
7	കൈപുണ്യം പലഹാര യൂണിറ്റ്	3
8	ഔറ ഹോം കേയർ	1
9	സ്നേഹ ഡയറക്ട് മാർക്കെറ്റിങ്	3
10	ജനകീയ ഹോട്ടൽ	4
11	ഹെലപ്പ് ഡെസ്ക്	5
12	സ്ഥിരവിപണന കേന്ദ്രം	5
13	ജീവനം ബയോഫാർമസി	4
14	സമൃദ്ധി ഹോട്ടൽ	4
15	കുളിർമ അച്ചാർ യൂണിറ്റ്	4
16	നന്മ കാറ്ററിങ്	12
17	ഡ്രീംസ് തയ്യൽ യൂണിറ്റ്	1
18	കൃഷ്ണ റൈസ് മിൽ	4

കുടുംബശ്രീയുടെ രൂപീകരണ കാലം മുതൽ മയ്യിൽ പഞ്ചായത്തിലും കുടുംബശ്രീ സജീവമാണ്. ഒട്ടനവധി കുടുംബശ്രീ സംരംഭങ്ങൾ നിലവിൽ പ്രവർത്തിച്ചു വരുന്നു.അവയിൽ പ്രധാനപ്പെട്ടവയാണ് മുകളിൽ പട്ടികയിൽ കൊടുത്തിരിക്കുന്നത്.

വ്യവസായ സ്ഥാപനങ്ങളുടെ തരം :

വാർഡ്	ഓയിൽ/ഫ്ലോർ മിൽ വ്യവസായം	കരിങ്കൽ ക്വാറികൾ	കൈത്തറി വ്യവസായം	തടികൊണ്ടുള്ള വ്യവസായം	ഇണി വ്യവസായം	പ്ലാസ്റ്റിക് / റബ്ബർ കൊണ്ടുള്ള വ്യവസായം	ഭക്ഷണ നിർമ്മാണ യൂണിറ്റ്	മറ്റ് വ്യവസായം	ലോഹം കൊണ്ടുള്ള വ്യവസായം	ആകെ
1				1	2	1	3	1		8
2	3						1			4
3	3			1				2	1	7
4	5		1	3			1	2	3	15
5	2			1				1		4
6	3			2	1	1			3	10
7	3			2						5
8	1			1				1		3
9	3			2		1	1	1	2	10
10	2							2		4
11	2			6	1			5	4	18
12	1		1	1	1			1		5
13	2							1	1	4
14				5	1		1	1	3	11
15	2			10				4	4	20
16	2		2	2		1		3	2	12
17		1		1			1	2	2	7
18	1		2					2		5
ആകെ	35	1	6	38	6	4	8	29	25	152

ഓയിൽ & ഫ്ലോർമിൽ,കൈത്തറി വ്യവസായങ്ങൾ,ഇണി കൊണ്ടുള്ള വ്യവസായങ്ങൾ, പ്ലാസ്റ്റിക്& റബ്ബർ കൊണ്ടുള്ള വ്യവസായങ്ങൾ,തടി കൊണ്ടുള്ള വ്യവസായങ്ങൾ,ലോഹം കൊണ്ടുള്ള വ്യവസായങ്ങൾ,കരിങ്കൽ ക്വാറികൾ, ഭക്ഷണ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയവയാണ്.മയ്യിലിലെ പ്രധാന വ്യവസായ സ്ഥാപനങ്ങൾ.38 തടികൊണ്ടുള്ള വ്യവസായങ്ങൾ മയ്യിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.വ്യവസായ സംരംഭങ്ങൾ ഏറ്റവും കൂടുതൽ വരുന്നത് തടികൊണ്ടുള്ള വ്യവസായങ്ങൾ ആണ്.35ഓയിൽ /ഫ്ലോർ മില്ലുകളും പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്.ലോഹംകൊണ്ടുള്ള 25 വ്യവസായങ്ങളും മറ്റ് 29 ചെറിയ ചെറിയ വ്യവസായ സ്ഥാപനങ്ങളും മയ്യിലിൽ സ്ഥിതി ചെയ്യുന്നുണ്ട്.

വാണിജ്യ സ്ഥാപനങ്ങളുടെ തരം :

വാർഡ് നമ്പർ	വ്യാപാരം	സേവനം	മറ്റുള്ളവ	ആകെ
1	17	2	4	23
2	16		0	16
3	9	3	0	12
4	52	16	1	69
5	47	10	0	57
6	203	110	6	319
7	102	33	29	164
8	14	2	0	16
9	23	7	1	31
10	20	6	0	26
11	21	12	0	33
12	21	4	5	30
13	28	10	0	38
14	26	12	1	39
15	26	3	0	29
16	49	22	0	71
17	10		1	11
18	20	7		27
ആകെ	704	259	48	1,011

മയ്യിൽ പഞ്ചായത്തിൽ നിലവിലെ കണക്കുകൾ പ്രകാരം 1011 വാണിജ്യ സ്ഥാപനങ്ങൾ ഉണ്ട്.704 എണ്ണം വ്യാപാര സ്ഥാപനങ്ങളും 259 എണ്ണം സേവനമേഖലയിലുള്ള സ്ഥാപനങ്ങളും 48 എണ്ണം മറ്റുള്ള വിഭാഗത്തിലും പെടുന്നു.മയ്യിൽ ടൌണിന്റെ ഇരുവശവും വരുന്ന 2 വാർഡുകളിൽ ആണ് കൂടുതലും വ്യാപാര വ്യവസായ സ്ഥാപനങ്ങൾ വരുന്നത്.അതിൽ ആറാം വാർഡ് വേളത്ത് ആണ് ഏറ്റവും കൂടുതൽ വ്യാപാര സ്ഥാപനങ്ങൾ വരുന്നത്,203 എണ്ണം.അതുപോലെ ഏഴാം വാർഡ് മയ്യിലും 102 വ്യാപാര സ്ഥാപനങ്ങൾ വരുന്നുണ്ട്.സേവനമേഖലയിലുള്ള 110 സ്ഥാപനങ്ങൾ ആറാം വാർഡിൽ ഉണ്ട്.ഏഴാം വാർഡിൽ 33 എണ്ണവും ഉണ്ട്.